# പതിനഞ്ചാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

2026 ഫെബ്രുവരി 5, വ്യാഴം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--375]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| മുഖ്യമന്ത്രി | : 2015 മുതൽ 2163 വരെ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി | : 2164 മുതൽ 2264 വരെ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി | : 2265 മുതൽ 2296 വരെ |
| തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി | : 2297 മുതൽ 2389 വരെ |

## <u>നവ കേരള സദസ് വരവ് ചെലവ് വിവരം</u>

2015 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവ കേരള സദസുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എവിടെയെല്ലാമാണ് വേദികളും മറ്റ സൗകര്യങ്ങളും ഒരുക്കിയതെന്നും ആയതിന വേണ്ടി ചെലവഴിച്ച തുക എത്രയാണെന്നും മണ്ഡലം തിരിച്ച് അറിയിക്കാമോ;

(ബി) നവകേരള സദസുമായി ബന്ധപ്പെട്ട് വേദി നിർമ്മിക്കുന്നതിനും മറ്റ സൗകര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി ഏതൊക്കെ സ്ഥാപനങ്ങളുടെ മതിലുകളും മറ്റ നിർമ്മിതികളും പൊളിച്ച നീക്കിയിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് അറിയിക്കാമോ;

(സി) നവകേരള സദസുമായി ബന്ധപ്പെട്ട് വേദി നിർമ്മിക്കുന്നതിനും മറ്റ സൗകര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി വിവിധ സ്ഥാപനങ്ങളുടെ പൊളിച്ച മാറ്റിയ മതിലുകളും മറ്റ നിർമ്മിതികളും എവിടെയെല്ലാം പുന:സ്ഥാപിച്ചിട്ടുണ്ടെന്നും അതിനുവേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും മണ്ഡലം തിരിച്ച് അറിയിക്കാമോ;

(ഡി) നവകേരള സദസ്സുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ, വിവിധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് പിരിച്ചെടുത്ത തുക എത്രയാണെന്ന് മണ്ഡലം തിരിച്ച് അറിയിക്കാമോ;

(ഇ) നവ കേരള സദസ്സിന് വേണ്ടി സർക്കാർ ഖജനാവിൽ നിന്ന് ചിലവഴിച്ച തുക എത്രയാണെന്ന് അറിയിക്കാമോ;

(എഫ്) നവ കേരള സദസ്സ് സംഘടിപ്പിക്കുന്നതിന് വേണ്ടി ആകെ ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കാമോ?

## ജസ്റ്റിസ് ജെ.ബി.കോശി കമ്മിഷൻ റിപ്പോർട്ട്

2016 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് ജെ.ബി.കോശി കമ്മിഷൻ റിപ്പോർട്ട് പൂർണരൂപത്തിൽ സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്; വിശദമാക്കാമോ;

(ബി) റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമാണെന്നും ഓരോ ശിപാർശയിലും സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) ജെ.ബി.കോശി കമ്മിഷൻ റിപ്പോർട്ട് പുറത്തുവിടാൻ പ്രത്യേക യോഗം വിളിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഈ യോഗത്തിൽ ആരൊക്കെയാണ് പങ്കെടുക്കുന്നതെന്ന് അറിയിക്കാമോ?

## സർക്കാർ സർവ്വീസിലെ അഴിമതി തടയുന്നതിനായി നടപടികൾ

2017 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ അഴിമതി തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ എത്ര ജീവനക്കാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ?

## സംസ്ഥാനത്തിന് ലഭിച്ച പ്രധാന പുരസ്കാരങ്ങൾ

2018 **ശ്രീ. അഹമ്മദ് ദേവർകോവിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന് ലഭിച്ച പ്രധാന പുരസ്കാരങ്ങൾ ഏതെല്ലാമാണെന്ന് വകുപ്പ് തിരിച്ച് വിശദമാക്കാമോ?

## കായംകുളം മണ്ഡലത്തിലെ പദ്ധതികൾ

2019 **ശ്രീമതി യു പ്രതിഭ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എം.എൽ.എ. ആസ്തി വികസന ഫണ്ട്, എസ്.ഡി.എഫ്. എന്നിവയിൽ ഉൾപ്പെടാത്ത ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്നും, അയതിനായി എത്ര രൂപ അനുവദിച്ചിരുന്നുവെന്നും വിശദമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ പദ്ധതികൾ

2020 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി, റീബിൽഡ് കേരള, നവകേരള സദസ്സ് എന്നിവയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും, പദ്ധതിയുടെ പുരോഗതിയും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## അരൂർ മണ്ഡലത്തിൽ തദ്ദേശറോഡ് പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് അനുവദിച്ച പ്രവർത്തികൾ

2021 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് അരൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവർത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവർത്തികൾക്കും അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(സി) തദ്ദേശറോഡ് പുനരുദ്ധാരണത്തിൽപ്പെടുത്തിയ രണ്ട് റോഡുകൾ മാറ്റി പുതിയ പ്രവർത്തികൾ സമർപ്പിച്ചതിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കെ-റെയിൽ സ്ഥാപിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ

2022 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ-റെയിൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കാമോ;

(ബി) കെ-റെയിൽ നടപ്പിലാക്കുന്നതിനെതിരായി നടത്തിയ സമരങ്ങളുടെ പേരിൽ എടുത്തിട്ടുള്ള കേസുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;പ്രസ്തുത കേസുകളിൽ പിൻവലിച്ചവ എത്രയാണെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) കെ-റെയിൽ പദ്ധതി ഉപേക്ഷിച്ച സാഹചര്യത്തിൽ പ്രസ്തുത കേസുകൾ പിൻവലിക്കുമോയെന്ന് അറിയിക്കുമോ?

## വൻകിട പദ്ധതികൾ

2023 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 കാലത്ത് കേരള സർക്കാർ നടപ്പിലാക്കിയ വൻകിട പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കാമോ?

## മലപ്പുറം ജില്ലയിലെ നവകേരള സദസ്സുമായി ബന്ധപ്പെട്ട പദ്ധതികൾ

2024 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ എത്രയെണ്ണത്തിന് ഭരണാനുമതി നൽകി; പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ;

(സി) പദ്ധതി നിർദേശങ്ങളിൽ ഉൾപ്പെട്ട മലപ്പുറം ഗവ. കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കാമോ?

**<u>ചാവക്കാട് നഗരസഭ ടൗൺഹാൾ നിർമ്മാണം</u>**

2025 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവ കേരളം കർമ്മ പദ്ധതിയുമായി ബന്ധപ്പെട്ട് ഗുരുവായൂർ മണ്ഡലത്തിൽ നിന്നും നിർദ്ദേശിച്ച ചാവക്കാട് നഗരസഭ ടൗൺഹാൾ നിർമ്മാണ പ്രവൃത്തിയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികളുടെ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ആർക്കാണെന്നും നിർവ്വഹണ നടപടികൾ ഏതുവരെയായെന്നും വിശദമാക്കാമോ?

**<u>സർക്കാർ സർവ്വീസ് മേഖലയിലെ അഴിമതി തടയാൻ നടപടി</u>**

2026 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സർവ്വീസ് മേഖലയിൽ അഴിമതി തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് എത്ര സർക്കാർ ജീവനക്കാർക്കെതിരെയാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>ടൈപ്പിസ്റ്റ് തസ്തിക നിലനിർത്തുന്നതിനുള്ള നടപടി</u>**

2027 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സർവ്വീസിലും, സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും ടൈപ്പിസ്റ്റ് തസ്തികകൾ ഇല്ലാതാക്കുന്നതിനോ, സറണ്ടർ ചെയ്യുന്നതിനോ തീരുമാനിച്ചിട്ടുണ്ടോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ, പ്രസ്തുത ഉത്തരവിന്റെ/സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സർക്കാർ സർവ്വീസിൽ മിക്ക വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം വന്ന സാഹചര്യത്തിൽ കമ്പ്യൂട്ടർ പ്രാവിണ്യവും ടൈപ്പിംഗ് സ്പീഡുമുള്ള ടൈപ്പിസ്റ്റിന്റെ

തസ്തികകൾ ഒഴിവാക്കുന്നതുകൊണ്ട് പ്രത്യേകിച്ച് എന്തെങ്കിലും നേട്ടങ്ങൾ ഉണ്ടോ; വിശദമാക്കുമോ;

(സി) പോലീസ് വകുപ്പിൽ എ.ആർ. കാഷ്യർ, 4 ടൈപ്പിസ്റ്റ്, രണ്ട് ഓഫീസ് അറ്റൻഡന്റ് തസ്തികകൾ എന്നിവ സറണ്ടർ ചെയ്ത് ഗസറ്റഡ് റാങ്കിലുള്ള അഞ്ച് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അഞ്ച് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികകൾ സൃഷ്ടിക്കുമ്പോൾ സർക്കാരിന് സാമ്പത്തിക ബാധ്യത അധികരിക്കുകയാണെന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ;

(ഡി) പോലീസ് വകുപ്പിൽ നിലവിലുള്ള ടൈപ്പിസ്റ്റിന്റെ വേക്കൻസികൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) പൂർണമായും കമ്പ്യൂട്ടർ വർക്കുകൾ മാത്രം കൈകാര്യം ചെയ്യുന്ന ടൈപ്പിസ്റ്റ് തസ്തികയുടെ പേര് മാറ്റി എൽ.ഡി. കമ്പ്യൂട്ടർ അസിസ്റ്റന്റ് ആക്കണമെന്ന ആവശ്യത്തിൽ സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## സൂപ്പർന്യൂമററി തസ്തികകളിൽ നിയമിച്ച ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ

2028 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി/എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിരനിയമനം ലഭിച്ച, നിലവിൽ സൂപ്പർന്യൂമററി തസ്തികയിൽ ജോലി ചെയ്യുന്ന ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാർക്ക് ബഹു. സുപ്രീം കോടതി വിധി (സിവിൽ അപ്പീൽ നം. 14915/2024) പ്രകാരമുള്ള നിയമപരമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 01/04/2013-ന് മുൻപ് സർവ്വീസിൽ പ്രവേശിക്കുകയും പിന്നീട് സൂപ്പർന്യൂമററി തസ്തികയിലേക്ക് മാറിയതുമായ ഭിന്നശേഷിക്കാരായ ജീവനക്കാരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ (എൻ. പി. എസ്.) ഉൾപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ആനുകൂല്യം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാർ 56 വയസ്സിൽ വിരമിക്കാൻ നിർബന്ധിതരാകുന്നതും എൻ.പി.എസ് ബാധകമാക്കുന്നതുവഴി ഗ്രാറ്റുവിറ്റി, കുടുംബ പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ വ്യക്തത വരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ ഉൾപ്പെടുകയും പങ്കാളിത്ത പെൻഷൻ നിലവിൽ വന്നതിനു ശേഷം വകുപ്പ് മാറുകയോ പി. എസ്. സി. മുഖേന മറ്റ് നിയമനങ്ങൾ ലഭിക്കുകയോ ചെയ്ത എത്ര ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ഇ) ബഹു. സുപ്രീം കോടതിയുടെയും ബഹു. ഹൈക്കോടതിയുടെയും വിധിയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത ജീവനക്കാർക്ക് മറ്റ് സ്ഥിര ജീവനക്കാരെപ്പോലെ

പ്രൊബേഷൻ, സീനിയോറിറ്റി, സ്ഥാനക്കയറ്റം, സ്റ്റാറ്റ്യൂട്ടറി പെൻഷൻ എന്നിവ അനുവദിക്കുന്നതിനായി പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എഫ്) മേൽ വിഷയം സംബന്ധിച്ച ഫയൽ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ 01/04/2013 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച, സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയുള്ള ഭിന്ന ശേഷിക്കാരായ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയതിനുശേഷം സൂപ്പർന്യൂമററി നിയമനം ലഭിച്ചു എന്നതിന്റെ പേരിൽ അവരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയത് പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## താല്ക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

2029 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ വിവിധ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിലായി പി. എസ്. സി. മുഖേന അല്ലാതെ മറ്റു മാർഗങ്ങളിലൂടെ ജോലിയിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്രപേരാണ് നിലവിൽ ജോലിയിൽ തുടരുന്നത്; എത്ര പേരെയാണ് ജോലിയിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളത്; സ്ഥാപനം, തസ്തിക, വർഷം എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ ഇതിനോടകം നടപടികൾ ആരംഭിച്ചിട്ടുള്ളത് ഏതൊക്കെ സ്ഥാപനങ്ങളിലാണ്; സ്ഥാപനം, തസ്തിക ജീവനക്കാരുടെ എണ്ണം എന്നിങ്ങനെ തരംതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

## എസ്.ഐ.ആർ.നടപടികൾ.

2030 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ഐ.ആർ. നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് എല്ലാ വില്ലേജ് ഓഫീസുകളിലും ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കാൻ തീരുമാനിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും വാർത്താക്കുറിപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുറിപ്പിലെ എന്തെല്ലാം പ്രഖ്യാപനങ്ങളാണ് നടപ്പായത്; ഹെൽപ്പ് ഡെസ്കുകളുടെ പ്രവർത്തനത്തിനായി ജില്ലാ കളക്ടർമാർ ജീവനക്കാരെ നിയോഗിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എസ്.ഐ.ആർ. ഹിയറിങ് നടപടികൾക്കായി റവന്യൂ വകുപ്പിനു പുറമേ മറ്റുവകുപ്പുകളിലെ ജീവനക്കാരെ കൂടി നിയോഗിക്കാൻ നിർദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

## സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻഡന്റ് തസ്തിക മാറ്റം സംബന്ധിച്ച്

2031 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻഡന്റ് എന്ന തസ്തികയെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയതിന്റെ ഫലമായി പ്രസ്തുത തസ്തികയിലെ ജീവനകാർക്ക് ലഭിച്ച സർവീസ് ആനുകൂല്യങ്ങൾ ഏതെല്ലാമാണെന്നും നഷ്ടമായ സർവ്വീസ് ആനുകൂല്യങ്ങൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻഡന്റ് എന്ന തസ്തികയ്ക്ക് പുറമെ പത്താം ക്ലാസ് യോഗ്യതയുള്ള തസ്തികകളിൽ 23,000–50,200 രൂപ അടിസ്ഥാന ശമ്പള സ്കെയിലുള്ള മറ്റ് സർക്കാർ വകുപ്പുകൾ ഏതെല്ലാമാണ്; പ്രസ്തുത വകുപ്പും, തസ്തികകളും വ്യക്തമാക്കാമോ;

(സി) സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്ന് തസ്തിക മാറ്റം വഴി 4% ക്വോട്ടയിൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനത്തിന്, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിശ്ചിത വർഷം സേവനം നിർബന്ധമാണോ; വിശദമാക്കാമോ;

(ഡി) ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിശ്ചിത വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടില്ലാത്ത താഴ്ന്ന വിഭാഗം ജീവനക്കാർക്ക്, 4% ക്വോട്ടയിൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് അർഹതയുണ്ടോ; വിശദമാക്കാമോ?

## ഇന്റർ പോളി ടൂർണമെന്റുകളിലെ വിജയികൾക്ക് പി.എസ്.സി. പരീക്ഷകളിൽ വെയിറ്റേജ് മാർക്ക്

2032 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർ പോളി ടെക്നിക് ടൂർണമെന്റുകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്ക് പി. എസ്. സി മത്സര പരീക്ഷകളിൽ വെയിറ്റേജ് മാർക്ക് നൽകുന്ന സംവിധാനം നിലവിലുണ്ടോ; പ്രസ്തുത ആനുകൂല്യത്തിന് അർഹരാകുന്നതിനുള്ള യോഗ്യത മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ നവകേരള സദസ്സിന്റെ ഭാഗമായുള്ള പദ്ധതികൾ

2033 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ നവകേരള സദസ്സിന്റെ ഭാഗമായി ഏതൊക്കെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും പ്രസ്തുത പ്രവർത്തികളുടെ പുരോഗതിയും വിശദമാക്കാമോ?

## അരൂർ മണ്ഡലത്തിൽ നവകേരള സദസ്സിന്റെ ഭാഗമായി അനുവദിച്ച പ്രവൃത്തികൾ

2034 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി അരൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ എഗ്രിമെന്റ് എന്നാണ് വച്ചതെന്നും പദ്ധതി തുടങ്ങാനുള്ള കാലതാമസം എന്തുകൊണ്ടാണെന്നും വിശദമാക്കാമോ?

**അഴിമതി ആരോപിതനായ ഐ. എഫ്. എസ്. ഉദ്യോഗസ്ഥന്റെ പെൻഷൻ ആനുകൂല്യങ്ങൾ**

2035 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഖിലേന്ത്യ സർവീസിലെ ഉദ്യോഗസ്ഥർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത്, 1958 ലെ ഐ.എ.എസ് ( ഡി.സി.ആർ. ബി.) റൂൾ പ്രകാരമല്ലേയെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം വന ഡിവിഷനിൽ പാലോട് റേഞ്ചിൽ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ജണ്ട നിർമ്മാണ അഴിമതിയുമായി ബന്ധപ്പെട്ട് കുറ്റാരോപിതനായ ഐ.എഫ്. എസ്. ഉദ്യോഗസ്ഥന് 1958 ലെ റൂൾ, ചട്ടം 6(1) b(i) ലംഘിച്ച് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണ വിവരങ്ങൾ വ്യക്തമാക്കാമോ;

(സി) നിലവിലെ ചട്ടം ലംഘിച്ചു പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്ന് അന്വേഷണത്തിൽ വ്യക്തമായാൽ നൽകിയ തുക തിരികെ സർക്കാരിലേക്ക് വസൂലാക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) ചട്ടം ലംഘിച്ചു പെൻഷൻ ആനുകൂല്യങ്ങൾ നൽകിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടം ഈടാക്കുവാനും അച്ചടക്ക നടപടി സ്വീകരിക്കുവാനും തയ്യാറാകുമോ; വിശദമാക്കാമോ?

**വൈപ്പിൻ മണ്ഡലത്തിലെ റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതി**

2036 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ വൈപ്പിൻ പള്ളിപ്പുറം റോഡിൽ വർദ്ധിച്ചുവരുന്ന ഗതാഗത കുരുക്കും അപകടമരണങ്ങളും കണക്കിലെടുത്ത് ബദൽ മാർഗ്ഗമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കായലോര റോഡിന്റെ നിർമ്മാണം റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ഗൗരവമായി പരിഗണിക്കാമോ;

(ബി) റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ നൽകിയിട്ടുള്ള കത്തിന്മേൽ (ഫയൽ നം.G2/432/2024/പി.ഡബ്ല്യു.ഡി. തീയതി 04.10.2025) അനുകൂല തീരുമാനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കാസർഗോഡ് ജില്ലയിലെ നിയമസഭാ മണ്ഡലങ്ങളിൽ അനുവദിച്ച പ്രവൃത്തികൾ**

2037 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ നിയമസഭാ മണ്ഡലങ്ങളിൽ അനുവദിച്ച പ്രവൃത്തികളും തുകയും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

**<u>കോങ്ങാട് മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തിയുടെ വിശദാംശം</u>**

2038 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസിന്റെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

**<u>സയന്റിഫിക് അസിസ്റ്റന്റ് തസ്തികകളിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനം</u>**

2039 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ സയന്റിഫിക് അസിസ്റ്റന്റിന്റെ ആറ് തസ്തികകളിലേക്ക് ബൈ ട്രാൻസ്ഫർ നിയമനത്തിനുള്ള വിജ്ഞാപനം പി.എസ്.സി. പുറപ്പെടുവിച്ചത് എന്നാണ്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത ഒഴിവുകൾ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും റിപ്പോർട്ട് ചെയ്തത് എന്നാണ്; ആയതു സംബന്ധിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മേല്പറഞ്ഞ ആറ് ഒഴിവുകൾ ബൈ ട്രാൻസ്ഫർ അല്ലാതെ നേരിട്ടുള്ള നിയമനം നടത്തുന്നതിനായി ആദ്യം പി.എസ്.സി.യുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നോ; എങ്കിൽ എന്നാണ് പ്രസിദ്ധീകരിച്ചത്; പ്രസ്തുത വിജ്ഞാപനം പിന്നീട് തിരുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) വിജ്ഞാപനം തെറ്റായി പ്രസിദ്ധീകരിച്ചതിന് ഏതെങ്കിലും ജീവനക്കാർക്ക് പിഴവ് സംഭവിച്ചിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ഡി) മലിനീകരണ നിയന്ത്രണ ബോർഡ് ആദ്യം ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിൽ നിന്നും മാറ്റം വരുത്തി ബൈ ട്രാൻസ്ഫർ നിയമനം എന്ന് തിരുത്തി പുതിയ രേഖ സമർപ്പിച്ചതിനാലാണോ ഇപ്രകാരം വിജ്ഞാപനം തിരുത്തിയത്; എങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി സമർപ്പിച്ച രണ്ടു രേഖകളുടെയും പകർപ്പ് ലഭ്യമാക്കുമോ?

**<u>മലിനീകരണ നിയന്ത്രണ ബോർഡിൽ സയന്റിഫിക് അസിസ്റ്റന്റ് നിയമനം</u>**

2040 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**

**ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ഐ.എം.ജി. 2013 ൽ നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ മലിനീകരണ നിയന്ത്രണ ബോർഡിൽ എത്ര സയന്റിഫിക് അസിസ്റ്റന്റ് തസ്തികകൾ പുതിയതായി സൃഷ്ടിക്കണമെന്നാണ് ശിപാർശ നൽകിയത്; ഇതിൽ നാളിതുവരെ എത്ര തസ്തികകൾ സൃഷ്ടിച്ചു; റിപ്പോർട്ടിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ സൃഷ്ടിക്കണമെന്നാണ് ശിപാർശ നൽകിയത്; ഇതിൽ നാളിതുവരെ എത്ര തസ്തികകൾ സൃഷ്ടിച്ചു; വ്യക്തമാക്കുമോ;

(സി) സയന്റിഫിക് അസിസ്റ്റന്റ് തസ്തികകൾ സ്ഥിരമായി സൃഷ്ടിക്കുന്നതിന് പകരം പോസ്റ്റ് ഗ്രാജ്യുവേറ്റ് സയന്റിഫിക് അപ്രന്റീസ് തസ്തിക താത്കാലികമായി സൃഷ്ടിച്ചാൽ മതിയെന്ന് പ്രസ്തുത റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) മേല്പറഞ്ഞ പ്രകാരം ശിപാർശ നല്കിയിട്ടില്ലെങ്കിൽ ഐ.എം.ജി. വർക്ക് സ്റ്റഡി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 51 അസിസ്റ്റന്റ് എഞ്ചിനീയസ്ഥിരം തസ്തികകൾ സൃഷ്ടിച്ചപ്പോൾ 72 സയന്റിഫിക് അസിസ്റ്റന്റിന്റെ സ്ഥിരം തസ്തികകൾ സൃഷ്ടിക്കണമെന്ന് പ്രസ്തുത റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നുവെങ്കിലും കേവലം എട്ട് സ്ഥിരം തസ്തികകൾ മാത്രം സൃഷ്ടിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഇ) മലിനീകരണ നിയന്ത്രണ ബോർഡിൽ പ്രധാനപ്പെട്ട ലബോറട്ടറി പരിശോധനകൾ നടത്തേണ്ട സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ ഐ.എം.ജി. ശിപാർശ പ്രകാരമുള്ള നിയമനങ്ങൾ നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ സ്ഥിരം ജീവനക്കാരുടെ 72 തസ്തികകൾ കൂടി ആവശ്യമുണ്ടെന്ന് 13 വർഷം മുൻപ് നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താത്തത് മലിനീകരണ നിയന്ത്രണ ബോർഡിലെ ലബോറട്ടറി പരിശോധനകൾ കാര്യക്ഷമമല്ലാതാവാൻ കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി സയന്റിഫിക് അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താൻ തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ?

## ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സ്പെഷ്യൽ റൂൾ

2041 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നത് സംബന്ധിച്ച K2/24/2024/ഹോം ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിശ്ചിത നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കി, സ്പെഷ്യൽ റൂൾ അടിയന്തരമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

**<u>പി.എസ്.സി. ചെയർമാന് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളുടെ വിശദാംശം</u>**

2042 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാന് നാളിതുവരെ ശമ്പളവും മറ്റ് അലവൻസുകളും യാത്രാബത്തകളും ഉൾപ്പെടെ അനുവദിച്ചിട്ടുള്ള മുഴുവൻ സാമ്പത്തിക ആനുകൂല്യങ്ങളുടെയും മാസം തോറുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിലെ ചെയർമാന് ഔദ്യോഗിക വസതി അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ മെയിന്റനൻസുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര തുക ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഔദ്യോഗിക വസതി അനുവദിച്ചിട്ടില്ലെങ്കിൽ അദ്ദേഹത്തിന് എച്ച്. ആർ .എ. ഇനത്തിൽ നാളിതുവരെ അനുവദിച്ച തുകയുടെ മാസം തോറുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) അദ്ദേഹത്തിന് അനുവദിച്ച നൽകിയിട്ടുള്ള മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ; അദ്ദേഹത്തിന്റെ ഓഫീസിൽ ചായ സൽക്കാരം നടത്തിയ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം ഇനം തിരിച്ച വ്യക്തമാക്കുമോ;

(ഡി) അദ്ദേഹത്തിന് അനുവദിച്ചിട്ടുള്ള ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്കിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**<u>പി.എസ്.സി. ജീവനക്കാരന്റെ മുഴുവൻ സീനിയോരിറ്റിയും നൽകാൻ നടപടി</u>**

2043 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ജീവനക്കാരനായിരിക്കെ പഞ്ചായത്തുവകുപ്പിൽ ജോലി ലഭിച്ചുപോകുകയും പിന്നീട് രണ്ടുവർഷത്തിനകം തന്നെ കെ.എസ്.&എസ്.എസ്.ആർ. ജനറൽ റൂൾ 8 പ്രകാരം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാതൃവകുപ്പിലേക്ക് തിരികെ വന്ന ശ്രീ. ജോൺസൺ ജി. എന്ന ഉദ്യോഗസ്ഥന്റെ സീനിയോരിറ്റി മുഴുവനും നൽകാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; 2006 മുതൽ 2016 വരെയുള്ള കാലയളവിലെ സീനിയോരിറ്റി നൽകാത്തത് ഏത് ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കുമോ; ഇദ്ദേഹത്തിന്റെ എത്ര ജൂനിയർ ജീവനക്കാർ ഇദ്ദേഹത്തേക്കാൾ ഉയർന്ന തസ്തികയിലും ശമ്പളത്തിലും ജോലിചെയ്യുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ശ്രീ. ജോൺസണ് മുൻപും പിൻപും ഇതേ ചട്ടപ്രകാരം മാതൃവകുപ്പായ പി.എസ്.സി.യിലേക്ക് തിരികെവന്ന മുഴുവൻ ജീവനക്കാർക്കും എല്ലാ സീനിയോരിറ്റിയും നൽകിയിട്ടും ശ്രീ. ജോൺസന്റെ 2006 മുതൽ 2016 വരെയുള്ള സീനിയോരിറ്റി നൽകാത്തത് ബോധപൂർവ്വമാണോ; എങ്കിൽ അതിന്

ഉത്തരവാദികളായ ജീവനക്കാർക്കെതിരെ ശക്തവും മാതൃകാപരവുമായ ശിക്ഷണനടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) ശ്രീ. ജോൺസണ് കെ.എസ്.&എസ്.എസ്.ആർ. റൂൾ 8-ന്റെ എല്ലാ പരിരക്ഷയും ഉണ്ടെന്ന് അദ്ദേഹത്തിന്റെ ജൂനിയേഴ്സ് നൽകിയ മൂന്ന് അപ്പീലുകളും തള്ളിക്കൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലും കേരള ഹൈക്കോടതിയും ഉത്തരവുകൾ നൽകുകയും 2004-ൽ പഞ്ചായത്തുവകുപ്പിൽ പോയപ്പോൾ മുതലുള്ള മുഴുവൻ സീനിയോരിറ്റിക്കും ഇദ്ദേഹത്തിന് അർഹത ഉണ്ടെന്നുള്ള സർക്കാർ ഉത്തരവുകളും കൂടാതെ പി.എസ്.സി. സെക്രട്ടറി പലവട്ടം മുഴുവൻ സീനിയോരിറ്റിയും നൽകി ഉത്തരവുകളും ഉണ്ടായിട്ടും എന്തുകൊണ്ടാണ് ഇദ്ദേഹത്തിന് മാത്രം നീതിനിഷേധിക്കുന്നത് എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) കോടതിയുടെയും സർക്കാരിന്റെയും കമ്മീഷന്റെയും ഉത്തരവുകൾക്ക് വിരുദ്ധമായി പി.എസ്.സി.യുടെ ഹൈക്കോടതിയിലെ ലീഗൽ റീറ്റെയ്നർ നൽകിയ നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; ചട്ടങ്ങൾക്ക് വിരുദ്ധമായി നിയമോപദേശം നൽകിയ ലീഗൽ റീറ്റെയ്നറെ ആ സ്ഥാനത്തുനിന്നും നീക്കംചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) സർക്കാർ ഉത്തരവുകളും ചട്ടങ്ങളും ബോധപൂർവ്വം ലംഘിച്ച് ജീവനക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്ന ഇത്തരം ജീവനക്കാരെ സർവ്വീസിൽനിന്നും പിരിച്ചുവിടാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(എഫ്) ശ്രീ. ജോൺസണ് മാതൃവകുപ്പിലേക്ക് തിരിച്ചുവരാൻ എല്ലാ അർഹതയുമുണ്ടായിട്ടും ഒൻപത് കൊല്ലക്കാലം നിയമപോരാട്ടം നടത്തി കോടതി ഉത്തരവിലൂടെ പി.എസ്.സി.യിൽ തിരികെ വന്നതിൽ ചില ഉദ്യോഗസ്ഥർക്കുള്ള പകയാണ് ഇത്തരത്തിൽ ഒരു ജീവനക്കാരനെ സർവ്വീസിലുടനീളം ഉപദ്രവിച്ചതെന്നതിനാൽ പോലീസ്, വിജിലൻസ് ഇക്കാര്യം അന്വേഷിച്ച് നീതി നടപ്പാക്കുന്നതിന് അടിയന്തര നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ജി) പി.എസ്.സി.യെ പോലെയുള്ള ഒരു ഭരണഘടനാ സ്ഥാപനത്തിൽ ഇത്തരത്തിൽ നീതി നിഷേധിക്കപ്പെടുന്ന സാഹചര്യം ഭാവിയിൽ ഉണ്ടാകാതിരിക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; പി.എസ്.സി. മെമ്പർമാരുടെ ഒരു സമിതി കൂടി പ്രസ്തുത വിഷയത്തിലെ വാദികളെയും പ്രതികളെയും കേട്ട് അടിയന്തര തീരുമാനം കൈക്കൊള്ളാൻ നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## <u>ഡ്രൈവർ ഗ്രേഡ് 2 /ഡ്രൈവർ- കം- ഓഫീസ് അറ്റെൻഡന്റ് റാങ്ക് പട്ടിക നിയമനം</u>

2044 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നം. 019/2021 ആയി അപേക്ഷ ക്ഷണിച്ച 818/2023/DOE. ആയി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച ഡ്രൈവർ ഗ്രേഡ് 2/ ഡ്രൈവർ- കം -ഓഫീസ് അറ്റൻഡന്റ്

പട്ടികയിൽ നിന്നും എറണാകുളം ജില്ലയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു; ഏത് റാങ്ക് വരെ നിയമനം നൽകി; ഇനം തിരിച്ച പട്ടികയാക്കി നൽകുമോ;

(ബി) മേല്പറഞ്ഞ നോട്ടിഫിക്കേഷൻ പ്രകാരം എറണാകുളം ജില്ലയിൽ ഏതൊക്കെ ഡിപ്പാർട്ട്മെന്റുകളിൽ നിലവിൽ ഒഴിവുകൾ ഉണ്ട്; ഏതെല്ലാം ഡിപ്പാർട്ട്മെന്റുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്തു; ഒഴിവ് റിപ്പോർട്ട് ചെയ്യാത്ത ഡിപ്പാർട്ട്മെന്റുകൾ ഏവ; ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനം തിരിച്ച പട്ടികയാക്കി നൽകുമോ?

## <u>ഹയർ സെക്കൻഡറി ജൂനിയർ (ഹിന്ദി) തസ്തികയിലേക്കുള്ള ഷോർട്ട് ലിസ്റ്റ്</u>

2045 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കൻഡറി ജൂനിയർ ടീച്ചർ (ഹിന്ദി)കാറ്റഗറി നമ്പർ 128/2024 യുടെ നിലവിൽ പ്രസിദ്ധീകരിച്ച ഷോർട്ട് ലിസ്റ്റിൽ സംവരണവിഭാഗത്തിലുള്ളവരടക്കം എത്ര ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) മുൻവർഷങ്ങളിൽ പ്രസ്തുത തസ്തികയിൽ എത്ര നിയമനം പി.എസ്.സി. ശിപാർശ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ പ്രസ്തുത തസ്തികയിലേക്ക് എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഓരോ തസ്തികയ്ക്കും നിലവിലുള്ള ഒഴിവിന്റെ മൂന്നിരട്ടി ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്ന ചട്ടം നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഇ) എങ്കിൽ 2029-ൽ വരാൻ സാധ്യതയുള്ള ഒഴിവുകൾ കൂടി നികത്താൻ പര്യാപ്തമായ രീതിയിൽ റാങ്ക് ലിസ്റ്റ് വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## <u>എറണാകുളം ജില്ലയിൽ എൽ.പി. എസ്.ടി. തസ്തികയിലെ നിയമനം</u>

2046 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ എൽ.പി.എസ്.ടി. (കാറ്റ.നം. 709/2023) തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ആകെ എത്ര ഉദ്യോഗാർത്ഥികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) നിലവിൽ എറണാകുളം ജില്ലയിൽ വിവിധ സ്കൂളുകളിൽ എൽ.പി.എസ്.ടി. തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) നിലവിലുള്ള ഒഴിവുകളിലേക്ക് അടിയന്തരമായി നിയമന ശിപാർശ നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

## അസിസ്റ്റന്റ് പ്രൊഫസർ (മാത്തമാറ്റിക്സ്) റാങ്ക് ലിസ്റ്റ് നിയമനങ്ങൾ

2047 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27/01/2023-ന് നിലവിൽ വന്ന കോളേജിയേറ്റ് എജ്യുക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ (മാത്തമാറ്റിക്സ്) റാങ്ക് ലിസ്റ്റിൽ നിന്നും 2 സർക്കാർ ഉത്തരവുകൾ പ്രകാരം (01/04/2020 ജി.ഒ(കൈ)നം.155/2020-HEDN; 25/05/2020 ജി.ഒ(കൈ) നം.193/2020-HEDN) നിയമനങ്ങൾ നടത്താൻ സാധിക്കാത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; ഈ പ്രതിസന്ധി പരിഹരിച്ച് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനങ്ങൾ നടത്തുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

## സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം മുഖേനയുള്ള നിയമനം

2048 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നീ വിഭാഗം ജീവനക്കാർക്ക് ഇരുപത് ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയ്ക്ക് വേണ്ട എല്ലാ യോഗ്യതയും ഉണ്ടായിട്ടും എണ്ണത്തിൽ കൂടുതൽ ഉള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്ക് നാല് ശതമാനം മാത്രമാണ് സംവരണം ഏർപ്പെടുത്തിയിട്ടുള്ളത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കമ്പ്യൂട്ടർ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ നിന്നും തസ്തികമാറ്റം മുഖേന സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് 2010 ന് ശേഷം നിയമനം ലഭിച്ചവരുടെ എണ്ണം വ്യക്തമാക്കാമോ;

(ഡി) താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്ന് തസ്തിക മാറ്റം മുഖേന സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് 2010 ന് ശേഷം നിയമനം ലഭിച്ചവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

## ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഭിന്നശേഷി ജീവനക്കാരുടെ സംവരണം

2049 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പിലെ ഭിന്നശേഷി ജീവനക്കാർക്ക് പ്രൊമോഷനിൽ സംവരണം അനുവദിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ് ഇപ്പോഴുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഭിന്നശേഷി ജീവനക്കാർക്ക് പ്രൊമോഷനിൽ സംവരണം അനുവദിച്ച് കൊണ്ട് കെ. എസ് & എസ്.എസ്.ആർ ചട്ടം ഭേദഗതി വരുത്തി നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത നോട്ടിഫിക്കേഷന്റെ കൂടി അടിസ്ഥാനത്തിൽ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഭിന്നശേഷി ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കാൻ സംവരണം അർഹതയാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

## ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് പ്രവൃത്തി പഠനം

2050 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ നിലവിലുള്ള ക്ലാർക്ക്- ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് -ക്ലാർക്ക് തസ്തികകൾ തുടരേണ്ടതുണ്ടോ; അതോ പകരം ക്ലാർക്ക് തസ്തികകളായി മാറ്റാമോയെന്ന വിഷയം പരിശോധിക്കുന്നതിന് വകുപ്പുകളിൽ പ്രവൃത്തി പഠനം നടത്തിയ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.ആർ) വകുപ്പ് ആയത് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രവൃത്തി പഠനത്തിന്റെ ഭാഗമായി ശേഖരിച്ച റിപ്പോർട്ടിൽ ഏതെല്ലാം വകുപ്പുകളിൽ ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തിക നിലനിർത്തണമെന്നും ഏതെല്ലാം വകുപ്പുകളിൽ ഈ തസ്തികയെ ക്ലാർക്ക് തസ്തികയാക്കി ഇനം മാറ്റണമെന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രവൃത്തി പഠനത്തിന്റെ പേരിൽ തടഞ്ഞ് വച്ചിരിക്കുന്ന ക്ലാർക്ക്-ടൈപ്പിസ്റ്റ്/ ടൈപ്പിസ്റ്റ്-ക്ലാർക്ക് പി.എസ്.സി. വിജ്ഞാപനം എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഇന്റർ ചേയ്ഞ്ചബിൾ തസ്തികകൾ- ഫയലിന്റെ പകർപ്പ് അനുവദിക്കുന്നത്.

2051 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2104- ന് മറുപടി നൽകുന്നതിന് ആധാരമായ, ഇന്റർ ചേയ്ഞ്ചബിൾ തസ്തികകൾ സംബന്ധിച്ച വിശേഷാൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളുമടങ്ങിയ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെ ബന്ധപ്പെട്ട ഫയലിന്റെ (നോട്ട് ഫയലും കറന്റ് ഫയലും ഉൾപ്പെടെയുള്ള) പകർപ്പ് ലഭ്യമാക്കാമോ?

## പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച്.

2052 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വിവിധ സർക്കാർ വകുപ്പുകളിലായി പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വകുപ്പ് തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ?

## സി-ഡിറ്റിന്റെ ഓഡിറ്റ് റിപ്പോർട്ട്

2053 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിൽ ഏത് സാമ്പത്തിക വർഷം വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളാണ് ലഭ്യമായിട്ടുള്ളത്; സി-ഡിറ്റിലെ വകുപ്പുകളായ വീഡിയോ കമ്മ്യൂണിക്കേഷൻ,

ഇൻഫോർമാറ്റിക്സ്, വെബ് സർവ്വീസസ്, ഒ. ഐ. പി, ഡിജിറ്റൈസേഷൻ, ഇ-ഗവേണൻസ്, റ്റി. ഇ.ഡി. സിസ്റ്റം ഇന്റഗ്രേഷൻ, പ്രാദേശിക കേന്ദ്രങ്ങൾ എന്നിവയുടെ 2016-17 മുതൽ ഓഡിറ്റ് പൂർത്തിയായ ഏറ്റവും ഒടുവിലത്തെ വർഷം വരെയുള്ള വാർഷിക വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കാമോ; പ്രസ്തുത കാലയളവിലെ ഔദ്യോഗിക ഓഡിറ്റ് റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം കഴിഞ്ഞ നാലോ അതിലധികമോ വർഷങ്ങളായി തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന വകുപ്പുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ടുകളിലെ കണക്കുകൾ പ്രകാരം നഷ്ടത്തിലുള്ള ഓരോ വകുപ്പിന്റെയും കഴിഞ്ഞ നാല് വർഷത്തെ സഞ്ചിത നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന വകുപ്പുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിനും അവയെ ലാഭകരമാക്കുന്നതിനായി സമയബന്ധിതമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിനും സി-ഡിറ്റിന് നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

**<u>സംസ്ഥാനത്ത് ഡിജിറ്റൽ വിപ്ലവത്തിന് കാരണമായിത്തീർന്ന പദ്ധതികൾ</u>**

2054 **ഡോ. എൻ. ജയരാജ്**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസേവനം ലഭ്യമാക്കുന്നതിൽ സംസ്ഥാനത്ത് ഡിജിറ്റൽ വിപ്ലവത്തിന് വഴിതെളിച്ച പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന രീതിയും നിർവ്വഹണ പ്രക്രിയയും കൃത്യമായ മൂല്യനിർണ്ണയത്തിന് വിധേയമാക്കിയിട്ടുണ്ടോ;

(സി) കേരളത്തിന്റെ ഈ മാതൃകാ പദ്ധതികൾ ഇതര സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ ശുപാർശ ചെയ്യുകയോ അംഗീകരിക്കുകയോ ചെയ്തിട്ടുണ്ടോ;

(ഡി) 2025-ൽ ദേശീയതലത്തിൽ മികച്ച നിർവ്വഹണ മാതൃകകളായി തിരഞ്ഞെടുക്കപ്പെട്ട കേരളത്തിലെ പദ്ധതികൾ ഏതെല്ലാമാണ്; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) സംസ്ഥാനത്തെ വിവിധ പദ്ധതികളുടെ ഏകോപനവും നിരീക്ഷണവും മെച്ചപ്പെടുത്തുന്നതിന് ഡിജിറ്റൽ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>സി-ഡിറ്റ് - ൽ നിന്നും സൊനാറ്റ ഇൻഫർമേഷൻ ടെക്നോളജി ലിമിറ്റഡ് കമ്പനിക്ക് പർച്ചേസ് ഓഡർ</u>**

2055 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റ് രജിസ്ട്രാർ ആയിരുന്ന ശ്രീ. ജി. ജയരാജ് പ്രസ്തുത തസ്തികയിൽ നിന്നും പിരിഞ്ഞു പോകുന്ന 31.05.2019-ൽ ഒറാക്കിൾ ക്ലൗഡ് സർവീസസിന് വേണ്ടി അറുപത്തിനാല് ലക്ഷം രൂപയുടെ പർച്ചേസ് ഓർഡർ സൊനാറ്റ ഇൻഫർമേഷൻ ടെക്നോളജി ലിമിറ്റഡ് എന്ന കമ്പനിക്ക് നല്കിയിരുന്നോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പർച്ചേസ് ഓർഡർ ഇഷ്യു ചെയ്യാൻ സി-ഡിറ്റ് ഡയറക്ടർ ആയിരുന്ന ശ്രീ. എം. ശിവശങ്കർ ഐ.എ.എസ്. അന്നേ ദിവസം രാത്രി എത്ര മണിക്കാണ് അനുമതി നൽകിയതെന്ന് ഇ-ഓഫീസ് രേഖകൾ സഹിതം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പർച്ചേസ് ഓർഡർ പ്രകാരമുള്ള സേവനങ്ങൾ സൊനാറ്റ കമ്പനി സി-ഡിറ്റിന് പൂർണ്ണമായി ലഭ്യമാക്കിയിരുന്നോ; എങ്കിൽ, സേവനത്തിന് പ്രതിഫലമായി തുക ആവശ്യപ്പെട്ട് സൊനാറ്റ കമ്പനി സി-ഡിറ്റിന് സമർപ്പിച്ച ബില്ലുകളുടെയും അനുബന്ധ കത്തുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ; പ്രസ്തുത ബില്ലുകൾ പ്രകാരമുള്ള തുക സൊനാറ്റ കമ്പനിക്ക് സി-ഡിറ്റ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് രേഖകൾ സഹിതം വിശദമാക്കാമോ;

(ഡി) സി-ഡിറ്റ് പ്രസ്തുത സേവനം ഉപയോഗിച്ചിട്ടില്ലെങ്കിൽ സി-ഡിറ്റിനു ഒറാക്കിൾ നൽകിയ ലോഗ് ഇൻ രേഖകൾ ദുരുപയോഗം ചെയ്ത് 64 ലക്ഷം രൂപയുടെ ബാധ്യതയ്ക്ക് ഉത്തരവാദികളായവർ ആരെല്ലാമാണെന്നത് കണ്ടെത്തി നടപടിയെടുക്കുമോ; വിശദമാക്കാമോ?

## <u>മട്ടന്നൂർ മണ്ഡലത്തിലെ കെ- ഫോൺ പദ്ധതി</u>

2056 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കെ-ഫോൺ പദ്ധതി മുഖേന മട്ടന്നൂർ മണ്ഡലത്തിൽ എത്ര പേർക്കാണ് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; മട്ടന്നൂർ മണ്ഡലത്തിൽ എത്ര സർക്കാർ ഓഫീസുകൾക്ക് ഇന്റർനെറ്റ് കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## <u>കെ-ഫോൺ പദ്ധതി</u>

2057 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയ്ക്ക് സംസ്ഥാനത്തെ ഇന്റർനെറ്റ് വിടവ് കുറയ്ക്കുവാൻ സാധ്യമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കെ-ഫോൺ പദ്ധതി പഠിക്കുന്നതിനും പകർത്തുന്നതിനുമായി ഇതര സംസ്ഥാനങ്ങളിൽ നിന്നും പ്രതിനിധികൾ എത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കെ-ഫോൺ പദ്ധതിയുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യത്യസ്തമേഖലകളിലായി ഇതുവരെ നൽകിയ കണക്ഷനുകളുടെ വിശദാംശം

ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് തടസ്സരഹിത ഇന്റർനെറ്റ് സംവിധാനം വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ;?

## എന്റെ കേരളം പോർട്ടൽ

2058 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്റെ കേരളം പോർട്ടൽ പദ്ധതിയുടെ ഭാഗമായി സി-ഡിറ്റിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്ട്രാറ്റജി & കമ്മ്യൂണിക്കേഷൻ ടീമിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ വിശദീകരിക്കാമോ; പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇതുവരെ പൂർത്തിയാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി സർക്കാർ കിഫ്ബി മുഖേന ആകെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതിൽ എത്ര തുകയാണ് ഇതിനോടകം സി-ഡിറ്റിന് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സ്പെഷ്യൽ സ്ട്രാറ്റജി & കമ്മ്യൂണിക്കേഷൻ ടീം എന്ന പേരിൽ രൂപീകരിച്ച ടീം എന്തുകൊണ്ടാണ് പുതുതായെടുത്ത പ്രത്യേക വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയോട് അനുബന്ധിച്ച് എത്ര ജീവനക്കാരെ പുതുതായി ജോലിക്ക് എടുത്തിട്ടുണ്ടെന്ന് തസ്തികയും വേതനവും തിരിച്ച് അറിയിക്കാമോ; പുതുതായി നിയമിതരായവർക്ക് പുറമെ, നിലവിൽ ഇതിന്റെ ഭാഗമായി സേവനമനുഷ്ഠിക്കുന്ന മറ്റ് ജീവനക്കാരുടെ പേര്, തസ്തിക, അവർക്ക് നൽകിയിട്ടുള്ള ചുമതലകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) രാഷ്ട്രീയ ലക്ഷ്യങ്ങൾക്കാണ് ഇത്തരത്തിൽ ഒരു പ്രത്യേക ടീം പ്രവർത്തിക്കുന്നതെന്ന് കരുതുന്നുണ്ടോ; പ്രസ്തുത ടീമിന്റെ ഡെപ്യൂട്ടി ഡയറക്ടറുടെ മേൽനോട്ടത്തിലുള്ള ഇൻഫോർമാറ്റിക്സ്, വെബ് സർവീസസ് എന്നീ വിഭാഗങ്ങൾ 2016 മുതൽ 2025 വരെയുള്ള കാലയളവിൽ വരുത്തിവെച്ചിട്ടുള്ള സാമ്പത്തിക നഷ്ടം സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

## കെ ഫോൺ പദ്ധതിയിലൂടെ സൗജന്യ ഇന്റർനെറ്റ് കണക്ഷൻ

2059 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ ഫോൺ പദ്ധതിയുടെ ഭാഗമായി നാളിതുവരെ എത്ര പേർക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകിയെന്നതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ നല്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി

2060 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുന്നത്തുനാട് മണ്ഡലത്തിലെ കെ-ഫോൺ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ എവിടെയെല്ലാമാണ് കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) കുന്നത്തുനാട് മണ്ഡലത്തിൽ കെ-ഫോൺ കണക്ഷൻ പ്രകാരമുള്ള സൗജന്യ ഇന്റർനെറ്റ് കണക്ഷനായി എത്ര ഉപഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടെന്നും ഇതിൽ എത്ര പേർക്ക് സേവനം ലഭ്യമാക്കിയെന്നും പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ഡി) കെ-ഫോൺ സേവനം മണ്ഡലത്തിൽ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

## <u>സ്റ്റാർട്ടപ്പ് മിഷൻ-ഫ്രീഡം സ്ക്വയറുകൾ</u>

2061 **ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ പഠനം തടസ്സപ്പെടുത്താതെ സംരംഭകത്വവും ആശയ രൂപീകരണവും പ്രോത്സാഹിപ്പിക്കുന്ന ഒരു പുതിയ സംരംഭക സംസ്കാരം രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിവിധ മേഖലകളിലുള്ള വിദ്യാർത്ഥികൾക്ക് അറിവ് പങ്കിടുന്നതിനും സംരംഭക ആശയങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുമായി ഫ്രീഡം സ്ക്വയറുകൾ സജ്ജമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്ക് മികച്ച പഠന സാധ്യതകൾക്കൊപ്പം മെന്ററിംഗിനും പിച്ചിംഗിനുമുള്ള അത്യാധുനിക സൗകര്യങ്ങളും സജ്ജമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഫ്രീഡം സ്ക്വയറുകൾ എന്ന പദ്ധതിയിലൂടെ സംയുക്ത ഗവേഷണങ്ങൾ, വ്യവസായ പങ്കാളിത്തങ്ങൾ എന്നിവയ്ക്കുള്ള സംവിധാനങ്ങൾ ഒരുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ആലപ്പുഴ മണ്ഡലത്തിൽ കെ -ഫോൺ പദ്ധതി</u>

2062 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ആലപ്പുഴ മണ്ഡലത്തിൽ എത്ര പേർക്ക് സൗജന്യ കണക്ഷൻ നൽകിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

## <u>കോങ്ങാട് മണ്ഡലത്തിലെ കെ-ഫോൺ പദ്ധതിയുടെ പുരോഗതി</u>

2063 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കെ-ഫോൺ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിലെ ഏതൊക്കെ സർക്കാർ ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിവരം നൽകാമോ;

(സി) മണ്ഡലത്തിലെ എത്ര ബി. പി. എൽ. കുടുംബങ്ങൾക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിച്ചു; പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

## കെ-ഫോൺ പദ്ധതിയുടെ പ്രവൃത്തി പുരോഗതി

2064 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ പ്രവർത്തന പുരോഗതി ജില്ലകൾ തിരിച്ച് അറിയിക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ നാളിതുവരെയായി എത്ര കിലോമീറ്റർ കേബിൾ വലിച്ചിട്ടുണ്ട്; എത്ര പേർക്കാണ് മണ്ഡലത്തിൽ ഇത് വരെ കണക്ഷൻ നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) കെ-ഫോൺ കണക്ഷൻ സൗജന്യമായി ലഭിക്കുന്നതിന് ബി. പി. എൽ. വിഭാഗം പ്രത്യേക അപേക്ഷ നൽകേണ്ടതുണ്ടോ; വിശദമാക്കാമോ?

## കഴക്കൂട്ടം - കൊല്ലം ഐ. ടി. ഇടനാഴി

2065 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ലെ ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട കഴക്കൂട്ടം-കൊല്ലം ഐ. ടി. ഇടനാഴി പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; ഇതിനായി ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ടോ; പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

## അരുവിക്കര മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി

2066 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി എത്ര കിലോമീറ്റർ ദൂരത്തിലാണ് കേബിളുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കെ-ഫോൺ കണക്ഷൻ നൽകിയിട്ടുള്ള ഓഫീസുകൾ, സ്ഥാപനങ്ങൾ, വ്യക്തിഗത കണക്ഷൻ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തിരിച്ച് നൽകുമോ?

## ടെക്നോപാർക്കിൽ സി. ഇ. ഒ. തസ്തിക ഒഴിഞ്ഞുകിടക്കുന്ന സംഭവം

2067 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്കിൽ സി. ഇ. ഒ. തസ്തിക ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തസ്തിക എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ സി. ഇ. ഒ.യുടെ അധിക ചുമതല ആർക്കെങ്കിലും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ?

<u>**സി-ഡിറ്റ് ഡയറക്ടറുടെ നിയമനം**</u>

2068 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റ് മുൻ രജിസ്ട്രാറും നിലവിൽ ഡയറക്ടറുമായ ശ്രീ. ജി. ജയരാജിന്റെ ബി.എസ്.സി. എഞ്ചിനീയറിങ്ങ് ഡിഗ്രി സർട്ടിഫിക്കറ്റിന്റെ ആധികാരികത സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതികളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; ഈ പരാതിയിന്മേൽ സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികളും അന്വേഷണ പുരോഗതിയും വ്യക്തമാക്കാമോ;

(ബി) സി-ഡിറ്റിൽ ശ്രീ. ജി. ജയരാജിനെ കരാർ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ഡയറക്ടർ പ്രോജക്ട്സ് ആയി നിയമിക്കുന്നതിനായി വിജ്ഞാപനം ചെയ്ത യോഗ്യതകൾ എന്തെല്ലാമായിരുന്നു; പ്രസ്തുത യോഗ്യതകൾ തെളിയിക്കുന്നതിനായി അദ്ദേഹം സമർപ്പിച്ച രേഖകളുടെയും സർട്ടിഫിക്കറ്റുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) ശ്രീ. ജി. ജയരാജിന് സി-ഡിറ്റിൽ ഏതെല്ലാം കാലയളവുകളിലാണ് അസസ്മെന്റ് പ്രൊമോഷനുകൾ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; സയന്റിസ്റ്റ് ബി തസ്തികയിലെ പ്രാരംഭ നിയമനത്തിനും, തുടർന്നുള്ള വിവിധ സയന്റിഫിക് ഗ്രേഡുകളിലെ സ്ഥാനക്കയറ്റത്തിനും ആവശ്യമായ യോഗ്യതകൾ അദ്ദേഹത്തിന് ഉണ്ടായിരുന്നുവെന്ന് തെളിയിക്കുന്ന രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) ശ്രീ. ജി. ജയരാജിന് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്കും സയന്റിസ്റ്റ് ബി ഗ്രേഡിലേക്കുമുള്ള നിയമനത്തിനും, തുടർന്ന് ലഭിച്ച സ്ഥാനക്കയറ്റങ്ങൾക്കും മതിയായ യോഗ്യതകൾ ഉണ്ടായിരുന്നില്ലെന്ന പരാതി സർക്കാർ പരിശോധിക്കുമോ; കൂടാതെ അപ്രകാരം സി-ഡിറ്റിനുണ്ടായ ഭീമമായ നഷ്ടം തിട്ടപ്പെടുത്താനും ഉചിതമായ നടപടികൾക്കും സർക്കാർ തയ്യാറാകുമോ?

<u>**പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടിക്രമം**</u>

2069 **ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) അക്ഷയ കേന്ദ്രങ്ങളുടെ എണ്ണക്കുറവ് മൂലം പൊതുജനങ്ങൾക്ക് ഇ-സേവനങ്ങൾ യഥാസമയം ലഭ്യമാകുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ

പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(സി) പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ; ജനങ്ങൾക്ക് ഇ-സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുവാൻ പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>കായംകുളം മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി</u>**

2070 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി പ്രകാരം എത്ര പേർക്ക് സൗജന്യമായി കണക്ഷൻ നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത്, നഗരസഭ തിരിച്ച് വിശദമാക്കാമോ?

**<u>സി-ഡിറ്റിലെ വീഡിയോ കമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ നടപടിക്രമങ്ങൾ പാലിക്കാതെയുള്ള പ്രവർത്തനങ്ങൾ</u>**

2071 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മാസം മുതൽ നാളിതുവരെ സി-ഡിറ്റിലെ വീഡിയോ കമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ ഇ-ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ അഞ്ചു ലക്ഷം രൂപയിൽ കൂടുതലുള്ള എത്ര പർച്ചേസുകളും വർക്ക് ഓർഡറുകളും നൽകിയിട്ടുണ്ടെന്നും അവ ആർക്കൊക്കെയാണ് നൽകിയതെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ബി) സി-ഡിറ്റിലെ പർച്ചേസ് വിഭാഗം മുഖേനയല്ലാതെ വീഡിയോ കമ്മ്യൂണിക്കേഷൻ വിഭാഗം നേരിട്ട് എത്ര പർച്ചേസുകൾ, വർക്ക് ഓർഡറുകൾ എന്നിവ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 2016 ജൂൺ മാസം മുതൽ 2024 ഡിസംബർ വരെ സി-ഡിറ്റിൽ നിന്ന് ഒന്നോ അതിലധികമോ പർച്ചേസുകൾ, വർക്ക് ഓർഡറുകൾ എന്നിവ മുഖേന രണ്ടു കോടിയിലധികം തുക കൈപ്പറ്റിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം ലഭ്യമാക്കാമോ; പ്രസ്തുത സ്ഥാപനങ്ങൾ ഏതൊക്കെ പർച്ചേസുകൾ, വർക്ക് ഓർഡറുകൾ മുഖേന എത്ര തുക വീതം കൈപ്പറ്റി എന്നുള്ള വിവരം തീയതിയും രേഖകളും സഹിതം ലഭ്യമാക്കാമോ?

**<u>സി-ഡിറ്റിൽ പുതിയ ഡയറക്ടറെ നിയമിക്കുന്നതിനുള്ള ശിപാർശ</u>**

2072 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 21.07.2025-ലെ ജി.ഒ.(സാ.ധാ) നം. 170/2025/ITD പ്രകാരം സി-ഡിറ്റിൽ പുതിയ ഡയറക്ടറെ നിയമിക്കുന്നതിനുള്ള ശിപാർശ സർക്കാരിലേക്ക് സമർപ്പിക്കാനുള്ള അടിയന്തിര നടപടികൾ സി-ഡിറ്റ് രജിസ്ട്രാർ സ്വീകരിക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവിട്ടിരുന്നോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് അനുസരിച്ച് സി-ഡിറ്റ് രജിസ്ട്രാർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; എന്തുകൊണ്ടാണ് സർക്കാർ നിർദ്ദേശം നടപ്പിലാക്കാതെ, ഡയറക്ടർ നിയമന പ്രക്രിയ തുടങ്ങാത്തത് എന്നറിയിക്കുമോ;

(സി) നിലവിലുള്ള ഡയറക്ടർക്ക് ഫെബ്രുവരി മാസം 65 വയസ്സ് പൂർത്തിയാകുന്ന സാഹചര്യത്തിൽ ചട്ട വിരുദ്ധമായി ഇദ്ദേഹത്തെ പ്രസ്തുത തസ്തികയിൽ തുടരുന്നത് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നിലവിലുള്ള ഡയറക്ടറുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയെക്കുറിച്ചും അദ്ദേഹത്തിന് എൻ.റ്റി.പി.സി. യിൽ ഉണ്ടായിരുന്നെന്ന് പറയപ്പെടുന്ന മുൻകാല പ്രവർത്തിപരിചയത്തെക്കുറിച്ചും സംശയം പ്രകടിപ്പിച്ചിട്ടുള്ള പരാതികൾ അന്വേഷിച്ച് തീർപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പ് നൽകിയ കുറിപ്പിൽ എന്ത് തീരുമാനം എടുത്തുവെന്ന് വ്യക്തമാക്കുമോ?

## <u>ഉപയോഗ ശൂന്യമായ ടാഗന്റ് ഫിലിം വാങ്ങിയതുമായി ബന്ധപ്പെട്ട പരാതി</u>

2073 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടീം പ്രിന്റ് എന്ന സ്ഥാപനത്തെ സംബന്ധിച്ച വിഷയം 17.03.2025-ലെ നമ്പർ സിഡിറ്റ്/ഒ.ഐ.പി.&എസ്.പി./ഡിഡി/ടീംപ്രിന്റ്/2025 കുറിപ്പ് പ്രകാരം ഹോളോഗ്രാം (ഒപ്റ്റിക്കൽ ഇമേജ് പ്രൊസസിംഗ്) യൂണിറ്റിന്റെ ഡെപ്യൂട്ടി ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ; പ്രസ്തുത കുറിപ്പിന്മേൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ;

(ബി) ടീം പ്രിന്റ് എന്ന സ്ഥാപനത്തിൽ നിന്നും ഉപയോഗ ശൂന്യമായ ടാഗന്റ് ഫിലിം വാങ്ങിയതുമായി ബന്ധപ്പെട്ട ക്രമക്കേടുകളെക്കുറിച്ച് പരാതി ലഭിച്ചിരുന്നോ; പ്രസ്തുത പരാതിയിൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; പ്രസ്തുത ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) 2016 മുതൽ സി-ഡിറ്റിൽ കോടികളുടെ ബിസിനസ്സ് ചെയ്തിട്ടുള്ള ടീം പ്രിന്റ് (എക്സ്/407 ഡി, നമ്പർ 69, കോൺവെന്റ് റോഡ്, മഞ്ഞുമ്മൽ പി.ഒ, കൊച്ചി - 638501) എന്ന പ്രൊപ്രൈറ്റർഷിപ്പ് സ്ഥാപനം ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത രജിസ്ട്രേഷൻ ഇല്ലെങ്കിൽ നിയമപ്രകാരമല്ലാതെ പ്രവർത്തിക്കുന്ന ടീം പ്രിന്റ് എന്ന സ്ഥാപനം സി-ഡിറ്റിൽ നടത്തിയിട്ടുള്ള കോടിക്കണക്കിന് രൂപയുടെ സംശയാസ്പദമായ ഇടപാടുകളെക്കുറിച്ച് അന്വേഷിക്കുമോ; വ്യക്തമാക്കാമോ;

(ഇ) ടീം പ്രിന്റ് എന്ന സ്ഥാപനത്തിൽ നിന്നും 2016 മുതൽ നാളിതു വരെ എത്ര രൂപയുടെ പർച്ചേസ് സി-ഡിറ്റ് നടത്തിയിട്ടുണ്ടെന്നുള്ള വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ?

## <u>പയ്യന്നൂർ മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം</u>

2074 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്തും നിലവിലെ സർക്കാരിന്റെ കാലത്ത് നാളിതുവരെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പയ്യന്നൂർ മണ്ഡല പരിധിയിലെ വില്ലേജുകളിലെ എത്ര അപേക്ഷകർക്ക് തുക അനുവദിച്ചുവെന്നും ആകെ എത്ര രൂപയാണ് അനുവദിച്ചതെന്നും വിശദമാക്കാമോ?

**ദുരിതാശ്വാസ നിധി ചികിത്സാ സാഹയം**

2075 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെയും (2016-21) ഈ സർക്കാരിന്റെയും കാലയളവിലായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര തുക ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന**

2076 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് ഇതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിലേക്ക് സംഭാവന നൽകിയിട്ടുള്ള എം.എൽ.എ. മാരുടെ പേരുവിവരം വ്യക്തമാക്കാമോ;

(ബി) ഓരോരുത്തരും എത്ര രൂപാ വീതം ഏതൊക്കെ തീയതികളിലാണ് സംഭാവന നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് നിന്നുള്ള എം.പി. മാർ സി.എം.ഡി.ആർ.എഫ്. ലേയ്ക്ക് പ്രസ്തുത കാലയളവിൽ നൽകിയ സംഭാവനകളുടെ വിവരങ്ങൾ നൽകാമോ?

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കാസർഗോഡ് ജില്ലയിൽ വിതരണം ചെയ്ത ധനസഹായം**

2077 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് കഴിഞ്ഞ പതിനഞ്ച് വർഷക്കാലം കാസർഗോഡ് ജില്ലക്ക് അനുവദിച്ച ഫണ്ട് എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിധിയിൽ നിന്ന് കിഡ്നി മാറ്റി വെക്കൽ, കരൾ മാറ്റി വെക്കൽ, ഹൃദയ ശസ്ത്രക്രിയ, അപകടമരണം എന്നിവയ്ക്ക് അനുവദിച്ച തുക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ പതിനഞ്ച് വർഷത്തിനിടയിൽ കാസർഗോഡ് ജില്ലയിൽ ഒരു വ്യക്തിക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നൽകിയ ഏറ്റവും കൂടിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) അപകടത്തിൽപ്പെട്ടവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) അപകട മരണം സംഭവിച്ചവരുടെ ആശ്രിതർക്ക് നൽകിവരുന്ന ധനസഹായം നിലവിൽ നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണവും എന്നുമുതലാണ് നിർത്തിവെച്ചതെന്നും വ്യക്തമാക്കാമോ?

## കാട്ടാക്കട മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ചികിത്സാ സഹായം

2078 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിലായി കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എത്രപേർക്കാണ് മുഖ്യമന്ത്രിയുടെ ചികിത്സാ സഹായം ലഭ്യമാക്കിയിട്ടുള്ളതെന്നും ആകെ എത്ര തുകയാണ് ഇതിനായി അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

## കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധന സഹായം

2079 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2021-22 മുതൽ നാളിതുവരെ കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും പ്രസ്തുത ഇനത്തിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

## മേപ്പാടി -ചൂരൽമല ദുരന്ത പുനരധിവാസം

2080 **ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേപ്പാടി - ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് വീട് നഷ്ടപ്പെട്ടവരുടെ എണ്ണം ലഭ്യമാക്കാമോ?

## തിരൂരങ്ങാടി മണ്ഡലത്തിൽ നൽകിയ ചികിത്സ ധനസഹായം

2081 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരൂരങ്ങാടി മണ്ഡലത്തിൽ വരുന്ന പരപ്പനങ്ങാടി, തിരൂരങ്ങാടി എന്നീ മുനിസിപ്പാലിറ്റികളിലും നന്നമ്പ്ര, തെന്നല, പെരുമണ്ണ ക്ലാരി, എടരിക്കോട് എന്നീ പഞ്ചായത്തുകളിലും ചികിത്സ ധനസഹായം അനുവദിച്ച ആളുകളുടെ പേരും വിലാസവും അനുവദിച്ച തുക, തീയതി, രോഗവിവരം എന്നിങ്ങനെ മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവ തിരിച്ച് വിശദമാക്കാമോ?

## വയനാട് പുനരധിവാസ പദ്ധതി

2082 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**

**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് കടുത്ത അവഗണനയും അനീതിയുമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായത് എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസവും സമയബന്ധിതമായി പൂർത്തിയാക്കിയ ഈ സർക്കാർ ഏറ്റവും വേഗത്തിൽ വയനാട് പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ലഭിക്കുന്ന എല്ലാ സഹായങ്ങളും ഏകോപിപ്പിച്ച് സമയബന്ധിതമായി പുരനധിവാസം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പുനരധിവാസ പദ്ധതിക്കായി എസ്.ഡി.ആർ.എഫ്, സ്പോൺസർഷിപ്പ്, സി.എസ്.ആർ. ഫണ്ട് എന്നിവ വിനിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പുനരധിവാസത്തിനായി വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും സ്പോൺസർഷിപ്പ് സ്വീകരിക്കുന്നതിന്റെ ഭാഗമായി ഒരു സ്പോൺസർഷിപ്പ് ഫ്രെയിം വർക്കിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>വയനാട് ചൂരൽമല - മുണ്ടക്കൈ ദുരിതാശ്വാസ നിധിയിലേക്ക് ജയിൽ അന്തേവാസികളുടെ സംഭാവന</u>

2083 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിലെ അന്തേവാസികൾ വയനാട് ചൂരൽമല - മുണ്ടക്കൈ ദുരന്തബാധിതർക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>കോങ്ങാട് മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി</u>

2084 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കോങ്ങാട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശവും നിലവിലെ പുരോഗതി വിവരവും ലഭ്യമാക്കാമോ?

## <u>പാറശ്ശാല മണ്ഡലത്തിലെ വിവിധ പദ്ധതികൾ</u>

2085 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, മുഖ്യമന്ത്രിയുടെ പ്രാദേശിക റോഡ് പുനർനിർമ്മാണ പദ്ധതി എന്നിവ പ്രകാരം ഇതുവരെ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ നിർമ്മാണം പൂർത്തിയായവ, നിലവിൽ നിർമ്മാണത്തിലിരിക്കുന്നവ, ടെണ്ടർ നടപടികളിലുള്ളവ എന്നിങ്ങനെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരക്കണക്കുകൾ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടും സാങ്കേതിക അനുമതി ലഭിക്കാത്തതോ കരാറുകാർ ഏറ്റെടുക്കാത്തതോ ആയ പ്രവൃത്തികൾ ഉണ്ടോ; എങ്കിൽ അവ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) പാറശ്ശാല മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി മുഖ്യമന്ത്രിയുടെ പ്രാദേശിക റോഡ് പുനർനിർമ്മാണ പദ്ധതിയിൽ പുതിയ പ്രവൃത്തികൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

2086 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ അനുവദിച്ചിട്ടുണ്ടെന്നും അവയുടെ തുക എത്രയൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പുതിയ പ്രൊപ്പോസലുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## ദുരന്തനിവാരണ പദ്ധതി കാര്യക്ഷമമാക്കാൻ നടപടി

2087 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദുരന്തനിവാരണ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ദുരന്തനിവാരണ പദ്ധതികൾ ഗ്രാമപഞ്ചായത്ത് തലങ്ങളിൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കോഴിക്കോട് വിമാനതാവളത്തിലെ ഐ.എൽ.എസ് സംവിധാനം

2088 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിപ്പൂരിലെ കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽ സ്ഥാപിക്കുന്നതിനായി എത്തിച്ചിട്ടുള്ള ഐ.എൽ.എസ് (ഇൻസ്ട്രുമെന്റൽ ലാൻഡിങ് സിസ്റ്റം) കൊൽക്കത്ത വിമാനത്താവളത്തിലേക്ക് മാറ്റുന്ന എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2020 ആഗസ്റ്റ് 7 ന് ഈ വിമാനത്താവളത്തിൽ ഉണ്ടായ വിമാനദുരന്തത്തിൽ നെടിയിരുപ്പ് ഭാഗത്തുള്ള (റൺവേ 10) ഐ.എൽ.എസിന് കേടുപാടുകൾ പറ്റുകയും നിലവിൽ അതിന്റെ കാലാവധി അവസാനിക്കുകയും ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രതികൂല കാലാവസ്ഥയിൽ ലാൻഡിങ്ങിന് വൈമാനികരെ സഹായിക്കുന്ന പ്രധാന സംവിധാനമായ ഐ.എൽ.എസ്. ഈ വിമാനത്താവളത്തിൽ നിന്ന് മാറ്റാതിരിക്കാൻ ആവശ്യമായ ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കുമോ?

## <u>കൊച്ചി മെട്രോ അങ്കമാലി വരെ നീട്ടുന്ന പദ്ധതി</u>

2089 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി പട്ടണം നേരിടുന്ന ഗുരുതരമായ ഗതാഗത കുരുക്കും യാത്രാ ക്ലേശവും പരിഹരിക്കുന്നതിനായി കൊച്ചി മെട്രോ നെടുമ്പാശ്ശേരി വഴി അങ്കമാലി വരെ നീട്ടുന്ന പദ്ധതിക്കായി അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ സർവ്വേ നടപടികളും സാധ്യതാ പഠനവും നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## <u>കൊല്ലം കനാലിന്റെ പുനരുദ്ധാരണം</u>

2090 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കനാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എപ്രകാരമാണ് പുരോഗമിക്കുന്നതെന്ന് റീച്ചുകൾ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പുനരുദ്ധാരണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## <u>ചാത്തന്നൂർ മണ്ഡലത്തിൽ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് നടത്തിയ വികസന പ്രവർത്തനങ്ങൾ</u>

2091 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മെയ് മാസം മുതൽ നാളിതുവരെ ചാത്തന്നൂർ മണ്ഡലത്തിൽ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ഓരോ പ്രവൃത്തിക്കും ചെലവായ തുക എത്ര വീതമെന്നും സാമ്പത്തിക വർഷം തിരിച്ച് അറിയിക്കാമോ?

## <u>എറണാകുളം മണ്ഡലത്തിലെ കനാൽ നവീകരണ പദ്ധതിയുടെ പുരോഗതി</u>

2092 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിൽ കനാൽ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കനാലുകളുടെ പ്രവർത്തനപുരോഗതി, കനാലിന്റെ പേര് തിരിച്ച്

ലഭ്യമാക്കാമോ?

**ദേശീയ ജലപാതയുമായി ബന്ധപ്പെട്ട തൃക്കുന്നപ്പുഴ പാലത്തിന്റെ പുനനിർമ്മാണം**

2093 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കോട്ടപ്പുറം ദേശീയജലപാതയുമായി ബന്ധപ്പെട്ട് നാവിഗേഷൻ ലോക്ക് പുനർനിർമ്മിക്കുന്നതിനായി തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പഴയ പാലം പൊളിച്ചതുമൂലം തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തിലെ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിർദ്ദിഷ്ട പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ ഘട്ടങ്ങളിലായി ജില്ലാതലങ്ങളിലും മന്ത്രി തലത്തിലും നടത്തിയ വിവിധ മീറ്റിംഗുകളുടേയും അതിന്റെ തീരുമാനങ്ങളുടേയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നിർദ്ദിഷ്ട തീരുമാനങ്ങൾക്ക് അനുസൃതമായി തൃക്കുന്നപ്പുഴ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) തൃക്കുന്നപ്പുഴ പാലത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി തൃക്കുന്നപ്പുഴ ,ആറാട്ടുപുഴ പഞ്ചായത്തുകളിലെ യാത്രാക്ലേശം പരിഹരിക്കാൻ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; കൂടാതെ പാലത്തിന്റെ നിർമ്മാണം 2026 മാർച്ചിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**തിരൂരങ്ങാടി മണ്ഡലത്തിലെ ന്യൂ കട്ട് റെഗുലേറ്റർ**

2094 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ കീരനല്ലൂർ ന്യൂ കട്ട് പുഴയിൽ സ്ഥിതി ചെയ്യുന്ന ന്യൂ കട്ട് റെഗുലേറ്ററിൽ ചോർച്ച ഉള്ളതിനാൽ ശുദ്ധജലം കടലിലേക്ക് ഒഴുകി ഉപയോഗമില്ലാതെയാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഇൻലാൻഡ് നാവിഗേഷൻ പാതയായ പ്രസ്തുത പുഴയിലെ ഈ റഗുലേറ്റർ പുതുക്കിപ്പണിയാൻ കഴിയാത്തത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ജില്ലയിലെ പ്രധാന നദിയായ കടലുണ്ടിപ്പുഴയിലെ ജലം കടൽ വെള്ളത്തിലേക്ക് ഒഴുകി ഉപയോഗശൂന്യമാകുന്നത് തടയുന്നതിനുള്ള ന്യൂ കട്ട് റെഗുലേറ്ററിന്റെ നിലവിലെ ചോർച്ച തടഞ്ഞ് പൂർണ്ണമായും ഉപയോഗയോഗ്യമാക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ഡി) അടിയന്തര പ്രാധാന്യത്തോടെ ഈ റഗുലേറ്റർ പുതുക്കിപ്പണിയുന്നതിനോ ചോർച്ച തടയുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**ന്യൂ കട്ട് വാട്ടർ സ്റ്റോറേജ് പദ്ധതി**

2095 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ ന്യൂ കട്ട് പുഴയിൽ പാലത്തിങ്ങൽ മുതൽ ന്യൂ കട്ട് വരെ വരുന്ന ഭാഗം പ്രയോജനപ്പെടുത്തി ന്യൂ കട്ട് വാട്ടർ സ്റ്റോറേജ് പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ഈ പദ്ധതി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളത്; എന്തെല്ലാം നടപടികളാണ് ഇനി പൂർത്തീകരിക്കാൻ ഉള്ളത്; വിശദമാക്കാമോ;

(ഡി) ഈ പദ്ധതിയുടെ ഫയൽ നിലവിൽ ഏത് ഓഫീസിലാണെന്നും ആരുടെ പക്കലാണെന്നും ഫയൽ നമ്പർ സഹിതം വിശദമാക്കാമോ;

(ഇ) ഈ പദ്ധതിയുടെ പൂർണമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തയ്യാറാക്കിയ തീയതി, എസ്റ്റിമേറ്റ് തുക സഹിതം വിശദമാക്കാമോ?

## നോർക്ക മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

2096 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്കായി നോർക്ക മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ മുഖേന ആലപ്പുഴ ജില്ലയിൽ അനുവദിച്ച നൽകിയ തുകയുടെ വിശദാംശങ്ങൾ മണ്ഡല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

2097 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രവാസി മലയാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ, ബിസിനസ് ലോണുകൾ, മറ്റ് അനവധി സഹായ പദ്ധതികൾ നടപ്പാക്കിയ ഈ സർക്കാർ കൂടുതൽ പദ്ധതികൾ അവരുടെ ക്ഷേമത്തിനായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രവാസികളുടെ ആവശ്യങ്ങൾ സർക്കാരിന്റെ മുന്നിൽ കൊണ്ടുവരുന്നതിന് നടത്തി വരുന്ന ലോക കേരള സഭയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## നോർക്ക റൂട്ട്സ് വഴി നടപ്പാക്കിയ പദ്ധതികൾ

2098 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ എം മുകേഷ്**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നോർക്ക റൂട്ട്സ് വഴി നടപ്പാക്കിയ പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നോർക്ക റൂട്ട്സ് വഴി ജർമ്മനിയിലേക്ക് നടത്തിയ നഴ്സുമാരുടെ റിക്രൂട്ട്മെന്റിനെക്കുറിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) മലയാളികൾക്ക് അന്താരാഷ്ട്ര തൊഴിൽ വേതനങ്ങൾ മെച്ചപ്പെടുത്തുന്നതിൽ നോർക്ക റൂട്ട്സ് നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പ്രധാന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) ജർമ്മനിയിൽ തൊഴിലന്വേഷിക്കുന്ന ഉദ്യോഗാർത്ഥികൾക്കും ജർമ്മനിക്കും കേരളത്തിനും സമാന ഗുണം ലഭിക്കുന്ന ട്രിപ്പിൾ വിൻ മാതൃകാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനെക്കുറിച്ച് വ്യക്തമാക്കാമോ?

## ലോക കേരളസഭ

2099 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോക കേരള സഭ എന്നാണ് ആരംഭിച്ചതെന്നും നാളിതു വരെയായി എത്ര ലോക കേരള സഭകൾ നടന്നുവെന്നും ആയത് എവിടെ വെച്ചെല്ലാമായിരുന്നുവെന്നും ഓരോ ലോക കേരള സഭയുടെ നടത്തിപ്പിനും അതിനുശേഷം നടന്ന പ്രാദേശിക സമ്മേളനങ്ങൾക്കുമായി സംസ്ഥാന സർക്കാർ ചെലവാക്കിയ ആകെ തുക എത്രയാണെന്നും അറിയിക്കുമോ;

(ബി) ഓരോ സഭയിലും പങ്കെടുത്ത പ്രതിനിധികളുടെ ആകെ എണ്ണം എത്രയാണ്; രാജ്യം, ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾ എന്നിവ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(സി) ഇതുവരെ നടന്ന ലോക കേരള സഭകളിലെ ചർച്ചകളുടെ ഫലമായി കേരളത്തിൽ ഏതെങ്കിലും തരത്തിലുള്ള നിക്ഷേപങ്ങളോ വികസന പദ്ധതികളോ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ഡി) ഈ വർഷത്തെ ലോക കേരള സഭ എന്നു മുതലാണ് ആരംഭിക്കുന്നത്; ഇതിനായി എത്ര തുകയാണ് ചെലവിടുന്നത്; എത്ര പ്രതിനിധികൾ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്; ലോക കേരള സഭയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

## പ്രവാസി ക്ഷേമനിധി

2100 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ സർക്കാർ പ്രവാസികൾക്കായി എത്ര കോടി രൂപയുടെ

ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ കാലയളവിൽ പ്രവാസി ക്ഷേമനിധിയിൽ പുതുതായി എത്രപേർ അംഗങ്ങളായിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ?

## പ്രവാസി പെൻഷൻ

2101 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിലെ പ്രവാസി പെൻഷൻ വാങ്ങുന്നവരുടെ ലിസ്റ്റ് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

## പ്രവാസി ക്ഷേമനിധി

2102 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും ലഭിക്കുന്ന ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) അംശാദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തി അംഗത്വം നഷ്ടപ്പെടുന്നവർക്ക് അംഗത്വം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) വിവിധ കാരണങ്ങളാൽ സമയപരിധിക്കുള്ളിൽ പെൻഷൻ അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത അംഗങ്ങൾക്ക് മാനുഷിക പരിഗണന നൽകിക്കൊണ്ട് അപേക്ഷിക്കാൻ ഒരു അവസരം കൂടി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

## പ്രായപൂർത്തിയാകാത്തവർ പ്രതികളായ കേസുകൾ

2103 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും പ്രായപൂർത്തിയാകാത്തവർ പ്രതികളായ എത്ര കൊലപാതക കേസുകൾ, ലൈംഗിക പീഡന കേസുകൾ, അക്രമ കേസുകൾ എന്നിവ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; പ്രസ്തുത കുറ്റവാളികൾക്ക് ലഭിച്ചിട്ടുള്ള പരമാവധി ശിക്ഷ എന്താണ്; വിശദമാക്കാമോ;

(ബി) കുട്ടികൾ ആസൂത്രിതമായി കുറ്റകൃത്യം ചെയ്യുന്നത് തടയാൻ എന്തൊക്കെ പ്രതിരോധ നടപടികളാണ് പോലീസ് സംവിധാനം ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ഓപ്പറേഷൻ ഡി-ഹണ്ട്

2104 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലഹരി മാഫിയ സംഘങ്ങളെ അടിച്ചമർത്തുന്നതിനായി കേരള പോലീസ് നടത്തിവരുന്ന 'ഓപ്പറേഷൻ ഡി-ഹണ്ട്'-ന്റെ ഭാഗമായി എത്ര കേസുകളാണ് ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ആൾക്കൂട്ട കൊലപാതക-കസ്റ്റഡി മരണങ്ങൾ

2105 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലത്ത് എത്ര ആൾക്കൂട്ട കൊലപാതകങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ഏതെല്ലാം സംഭവങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്നും എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കസ്റ്റഡി മർദ്ദനങ്ങളും കസ്റ്റഡി മരണങ്ങളും സംബന്ധിച്ച വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലത്ത് പോലീസ് അതിക്രമങ്ങൾ ഉണ്ടായിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ട എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; ഏതെല്ലാം കേസുകളിലാണ് ഇത്തരത്തിൽ വീഴ്ചകളുണ്ടായിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

## രാപ്പകൽ സമരം പൊതുഗതാഗതത്തിന് തടസ്സം സൃഷ്ടിച്ച സംഭവം

2106 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ജനവരി 16, 17 തീയതികളിൽ ഒരു വിഭാഗം അധ്യാപകരും സർക്കാർ ജീവനക്കാരും സെക്രട്ടറിയേറ്റിനു മുന്നിൽ സംഘടിപ്പിച്ച രാപ്പകൽ സമരം, റോഡ് കയ്യേറിയും പൊതുഗതാഗതത്തിന് തടസ്സം സൃഷ്ടിച്ചു ആണെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സമരം സംഘടിപ്പിച്ചവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

## ശബരിമല സ്വർണ്ണ കേസിൽ കുറ്റപത്രം

2107 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സ്വർണ്ണ കേസിൽ തൊണ്ണൂറ് ദിവസത്തിനകം കുറ്റപത്രം സമർപ്പിക്കാത്തത് കാരണം മുരാരി ബാബുവിന് ജാമ്യം ലഭിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) പ്രസ്തുത കേസിൽ കുറ്റപത്രം നൽകാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) മുൻ ദേവസ്വം മന്ത്രി അടക്കം അന്വേഷണത്തിന്റെ പരിധിയിൽ നിൽക്കുന്ന സാഹചര്യത്തിൽ പ്രതികൾക്ക് ജാമ്യം ലഭിക്കുന്നത് തെളിവ് നശിപ്പിക്കാനും അന്വേഷണം അട്ടിമറിക്കാനും കാരണമാകും എന്ന ആശങ്ക ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## പോലീസിന്റെ റിപ്പോർട്ട് പ്രകാരമുള്ള മുങ്ങിമരണങ്ങൾ

2108 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 2025 വർഷത്തിൽ എത്ര മുങ്ങിമരണങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## പോലീസ് സേന കൈവരിച്ച നേട്ടങ്ങളും വനിതാ പ്രാതിനിധ്യവും

2109 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന പോലീസ് സേന കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ്;

(ബി) പോലീസ് സേനയിൽ ലിംഗസമത്വം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഫലമായി എത്ര വനിതാ പോലീസുകാരെ പുതുതായി നിയമിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്;

(സി) നിലവിൽ പോലീസ് സേനയിൽ ആകെ എത്ര വനിതാ സേനാംഗങ്ങൾ ഉണ്ട്;

(ഡി) 2011-16 കാലയളവിൽ പോലീസ് സേനയിൽ എത്ര വനിതാംഗങ്ങൾ ഉണ്ടായിരുന്നു, അത് 2016-21 ആയപ്പോൾ എത്രയായി വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞു, 2021-26 വരെ എത്ര നിയമനങ്ങൾ നടത്താൻ കഴിഞ്ഞു ?

## ഫോറൻസിക് ലാബുകളും പെൻഡിങ്ങ് റിപ്പോർട്ടുകളും

2110 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫോറൻസിക് ലാബുകളിൽ നിലവിൽ പെൻഡിങ്ങായിട്ടുള്ള ശാസ്ത്രീയപരിശോധന റിപ്പോർട്ടുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഫോറൻസിക്ക് റിപ്പോർട്ടുകൾ ലഭിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഫോറൻസിക് റിപ്പോർട്ടുകളുടെ കാലതാമസം കോടതികളിലെ കേസുകളുടെ വിചാരണ വൈകുന്നതിന് കാരണമാകുന്നുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ?

## എ.ഡി.എം. നവീൻ ബാബുവിന്റെ മരണത്തിൽ തുടരന്വേഷണം

2111 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.എം. നവീൻ ബാബുവിന്റെ മരണത്തിൽ തുടരന്വേഷണം ആവശ്യപ്പെട്ട് ഭാര്യ മഞ്ജുഷ നൽകിയ ഹർജി തള്ളണമെന്ന് സർക്കാർ കോടതിയിൽ ആവശ്യപ്പെടുകയുണ്ടായോ; തുടരന്വേഷണ ആവശ്യം തള്ളണമെന്ന് സർക്കാർ

കോടതിയിൽ ആവശ്യപ്പെടാൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) എ.ഡി.എം. നവീൻ ബാബുവിന്റെ മരണത്തിൽ സർക്കാർ നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) എ.ഡി.എം. മരിച്ച ദിവസം കളക്ടറേറ്റ്, മുനീശ്വരൻ കോവിൽ ജംഗ്ഷൻ, റെയിൽവേ സ്റ്റേഷൻ പരിസരം, റെയിൽവേ സ്റ്റേഷൻ പ്ലാറ്റ്ഫോം, എ. ഡി. എം.-ന്റെ ഔദ്യോഗിക വസതിയുടെ സമീപപ്രദേശങ്ങൾ എന്നിവിടങ്ങളിലെ സി. സി. ടി. വി. ദൃശ്യങ്ങളും അഴിമതി ആരോപണം ഉന്നയിച്ച പെട്രോൾ പമ്പ് ഉടമ ടി. വി. പ്രശാന്തിന്റെ വസതിക്ക് സമീപം എത്തിയതിന്റെ സി. സി. ടി. വി. ദൃശ്യങ്ങളും ശേഖരിക്കാതെയാണ് കുറ്റപത്രം സമർപ്പിച്ചത് എന്ന ഭാര്യ മഞ്ജുഷയുടെ ആരോപണം സർക്കാർ പരിശോധിക്കുകയുണ്ടായോ;

(ഡി) പമ്പിന്റെ എൻ. ഒ. സി.-ക്ക് കൈക്കൂലി വാങ്ങിയെന്ന് ആരോപിച്ച് പമ്പുടമ ടി. വി. പ്രശാന്തിന്റെ പേരിൽ മുഖ്യമന്ത്രിക്ക് നൽകിയ വ്യാജ കത്ത്, പമ്പുടമയുടെ ബിനാമി ഇടപാട് തുടങ്ങിയ കാര്യങ്ങളിൽ അന്വേഷണ സംഘം അന്വേഷണം നടത്തുകയുണ്ടായോ; ഇല്ലെങ്കിൽ അന്വേഷണം നടത്താത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## സ്കൂളുകളിലെ എസ്.പി.സി. പദ്ധതി

2112 **ശ്രീ. അഹമ്മദ് ദേവർകോവിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 കാലയളവിൽ ഏതെങ്കിലും ജില്ലയിലെ സ്കൂളുകൾക്ക് എസ്.പി.സി.അനുവദിച്ചിട്ടുണ്ടോ;

(ബി) കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ എസ്.പി.സി.ക്ക് അപേക്ഷ നൽകിയ ചാലപ്പുറം ജി.ജി.എച്ച്.എസ്.എസ്. ഉൾപ്പെടെ ഏതെങ്കിലും സ്കൂളുകൾക്ക് എസ്.പി.സി. അനുവദിക്കുന്നത് പരിഗണനയിലുണ്ടോ?

## ആർ. എസ്. എസ്, പി. എഫ്. ഐ, എസ്. ഡി. പി. ഐ പ്രവർത്തകർ പ്രതികളായ കൊലപാതക കേസ്സുകൾ

2113 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2026 കാലയളവിൽ നടന്നതും ആർ. എസ്. എസ്, പി. എഫ്. ഐ, എസ്. ഡി. പി. ഐ എന്നീ സംഘടന പ്രവർത്തകർ പ്രതികളായിട്ടുള്ളതുമായ 2016 നവംബറിൽ നടന്ന മലപ്പുറം ജില്ലയിലെ കൊടിഞ്ഞി ഫൈസൽ വധം, 2017 മാർച്ചിൽ നടന്ന കാസർഗോഡ് റിയാസ് മൗലവി വധം, 2021 ഡിസംബറിൽ ആലപ്പുഴയിലെ കെ എസ് ഷാൻ വധം, 2021 ഡിസംബറിലെ രഞ്ജിത് ശ്രീനിവാസൻ വധം, 2022 ഏപ്രിലിൽ നടന്ന പാലക്കാട് സുബൈർ അബൂബക്കർ വധം, 2022 പാലക്കാട് നടന്ന എസ്.കെ. ശ്രീനിവാസൻ വധം എന്നീ കൊലപാതക കേസുകളിൽ എത്ര പേർ അറസ്റ്റിലായിട്ടുണ്ടെന്നും; ഈ കേസ്സുകളുടെ വിചാരണ നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിൽ ആണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത കേസ്സുകളിൽ ഒരോ കേസ്സിലും ഏതെല്ലാം പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന വിശദാംശം പ്രത്യേകം പ്രത്യേകമായി ലഭ്യമാക്കുമോ?

## രാഷ്ട്രീയ കൊലപാതകങ്ങൾ

2114 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2011 മുതൽ നാളിതുവരെ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്;

(ബി) ഓരോ കേസിലും ശിക്ഷിക്കപ്പെട്ട പ്രതികളുടെ രാഷ്ട്രീയ പശ്ചാത്തലം വ്യക്തമാക്കാമോ;

(സി) എത്ര കേസുകളിൽ പ്രതികളെ കുറ്റവിമുക്തരാക്കിയിട്ടുണ്ടെന്നും ഏതൊക്കെ കേസുകളിലാണെന്നും വ്യക്തമാക്കാമോ?

## സ്ത്രീകളും കുട്ടികളും നേരിടുന്ന പീഡനം

2115 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്ത സ്ത്രീ പീഡന കേസുകളുടെയും പോക്സോ കേസുകളുടെയും എണ്ണവും പ്രസ്തുത കേസുകളിൽ ശിക്ഷിക്കപ്പെട്ടവരുടെ എണ്ണവും ജില്ലതിരിച്ച് അറിയിക്കാമോ;

(ബി) മേൽപ്പറഞ്ഞ കേസുകളിൽ പ്രതികളെ കോടതികൾ കുറ്റവിമുക്തരാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കേസുകൾ ഏതെല്ലാമാണെന്നും സർക്കാർ അപ്പീൽ നൽകാത്ത കേസുകൾ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(സി) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ കൊല്ലപ്പെടുകയോ ആക്രമണങ്ങൾക്ക് ഇരയാകുകയോ ചെയ്ത സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ആക്രമണങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളിൽ പ്രതികളെ കോടതി കുറ്റവിമുക്തരാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കേസുകൾ ഏതെല്ലാമാണെന്നും സർക്കാർ അപ്പീൽ നൽകാത്ത കേസുകൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

## സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത പോക്സോ കേസുകൾ

2116 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും ഇത്തരം അതിക്രമങ്ങളെ തുടർന്ന് എത്ര കുട്ടികൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ?

## ഗാർഹിക-സ്ത്രീധന പീഡനം തടയാൻ നടപടി

2117 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാർഹിക-സ്ത്രീധന പീഡനം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കമലേശ്വരത്ത് ഗാർഹിക പീഡനവും ആക്ഷേപവുംമൂലം അമ്മയും മകളും ജീവനൊടുക്കിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) ഗാർഹിക-സ്ത്രീധന പീഡനം തടയാൻ സർക്കാർ നടത്തിയ ഇടപെടൽ വിശദമാക്കാമോ?

## സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ

2118 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെ ലൈംഗിക അതിക്രമങ്ങൾ ഉൾപ്പെടെയുള്ള അതിക്രമങ്ങളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇതിൽ എത്ര കേസുകളിൽ പ്രതികളെ കണ്ടെത്തിയിട്ടുണ്ടെന്നും എത്ര എണ്ണത്തിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും മേൽപ്പറഞ്ഞ അതിക്രമങ്ങളിൽ എത്ര സ്ത്രീകൾക്ക് പരിക്കേറ്റിട്ടുണ്ടെന്നും എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നുമുള്ള വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ?

## കൊലപാതകങ്ങൾ

2119 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; ജില്ല തിരിച്ച് എണ്ണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കൊലപാതകങ്ങളിൽ ഗുണ്ടാ സംഘങ്ങൾ തമ്മിലുള്ള സംഘർഷം മൂലമുണ്ടായവ എത്ര; വ്യക്തമാക്കാമോ;

(സി) പ്രസ്തുത കൊലപാതകങ്ങളിൽ ലഹരി ഉപയോഗം കാരണം നടന്നവ എത്ര; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ കൊലപാതക കേസുകളിൽ പ്രതികളായവരിൽ എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട്; എത്ര പ്രതികളെ ഇനിയും കണ്ടെത്താനുണ്ട്; വിശദമാക്കാമോ;

(ഇ) ഈ കൊലപാതകങ്ങളിൽ ശിക്ഷ വിധിച്ച ഏതെങ്കിലും പ്രതികൾക്ക് ശിക്ഷാ ഇളവ്, പരോൾ എന്നിവ നൽകിയിട്ടുണ്ടോ; ഇനം തിരിച്ച് വിശദമാക്കാമോ?

## കുടുംബാംഗങ്ങൾ പരസ്പരം കൊല്ലുന്ന സംഭവങ്ങൾ

2120 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബാംഗങ്ങൾ പരസ്പരം കൊല്ലുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിലയിരുത്താമോ ;

(ബി) കുടുംബാംഗങ്ങൾ പരസ്പരം കൊലപ്പെടുത്തുന്നതടക്കമുള്ള സംഭവങ്ങൾ ജനങ്ങളിൽ സൃഷ്ടിച്ച കടുത്ത ആശങ്ക പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>സാറാമ്മ ഏലിയാസ് കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി</u>**

2121 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളാട് സാറാമ്മ ഏലിയാസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) അന്വേഷണം വേഗത്തിലാക്കി കുറ്റക്കാരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>അയിരൂർപാടം ആമിന അബ്ദുൾഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി</u>**

2122 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ അയിരൂർപാടം ആമിന അബ്ദുൾഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കുമോ;

(ബി) കൊലപാതക കേസിന്റെ തുടർനടപടി വേഗത്തിലാക്കി കുറ്റക്കാരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>ലഹരി മാഫിയയെ അമർച്ച ചെയ്യുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ</u>**

2123 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ലഹരി മാഫിയ സംഘങ്ങളെ അമർച്ചചെയ്യാൻ എക്സൈസ് വകുപ്പുമായി ചേർന്ന് നടത്തുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) 2016-21 വരെയും 2021-26 വരെയും ഇത്തരത്തിൽ നടത്തിയ തിരച്ചിലിൽ പിടിക്കപ്പെട്ടവരുടെ എണ്ണവും പിടിച്ചെടുത്ത ലഹരിവസ്തുക്കളുടെയും വിശദവിവരങ്ങൾ

ലഭ്യമാക്കാമോ;

(സി) ഇതര സംസ്ഥാനത്തുനിന്നും ലഹരിവസ്തു സംസ്ഥാനത്തേയ്ക്ക് കടത്താൻ ശ്രമിച്ച എത്ര പേരെയാണ് ഈ കാലയളവിൽ പോലീസ് പിടികൂടിയതെന്ന് അറിയിക്കാമോ;

(ഡി) ലഹരികടത്തുകാരെയും വിൽപ്പനക്കാരെയും ഉപഭോക്താക്കളെയും സംബന്ധിച്ച വിവരങ്ങൾ ഏതെല്ലാം സോഴ്സുകളിൽ നിന്നുമാണ് പോലീസിന് ലഭ്യമായതെന്ന് വ്യക്തമാക്കാമോ;

(ഇ) വിവരങ്ങൾ നിർഭയം പോലീസിന് കൈമാറുന്നതിനും വിവരങ്ങൾ കൈമാറുന്നവർക്ക് സുരക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമായ രഹസ്യ സ്വഭാവവും ജാഗ്രതയും നഷ്ടപ്പെടാത്തവിധം പദ്ധതികൾ തുടരാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

## <u>സാമ്പത്തിക തട്ടിപ്പ് നടത്തിയ സ്വകാര്യ ഏജൻസിക്കെതിരെ നടപടി</u>

2124 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലും എറണാകുളത്തും പ്രവർത്തിക്കുന്ന ഏഷ്യൻ എഡ്യൂക്കേഷണൽ കൺസൾട്ടൻസി എന്ന ഏജൻസി വഴി എം. ബി. ബി. എസ്. പഠനത്തിന് ചേർന്ന വിദ്യാർത്ഥികളെ കബളിപ്പിച്ച് പണം തട്ടിയത് സംബന്ധിച്ച് വിവിധ ജില്ലകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഏതൊക്കെ കേസുകളിലാണ് കുറ്റപത്രം നൽകിയിട്ടുള്ളതെന്നും മറ്റു കേസുകളുടെ അന്വേഷണം ഏതു ഘട്ടങ്ങളിലാണെന്നും വിശദീകരിക്കുമോ; കുറ്റപത്രങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) തട്ടിപ്പ് നടത്തിയ വ്യക്തിയെ രണ്ട് ഡി. വൈ. എസ്. പി.മാർ സഹായിക്കുന്നുവെന്ന ആരോപണം സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് വിഭാഗത്തെ കൊണ്ട് അന്വേഷിപ്പിക്കുമോ;

(ഡി) വെള്ളറട പോലീസ് സ്റ്റേഷൻ പരിധിയിൽ പ്രജിൻ എന്ന യുവാവ് പിതാവ് ജോസിനെ കൊലപ്പെടുത്തുവാൻ ഇടയാക്കിയത് പ്രസ്തുത സ്ഥാപന ഉടമ കബളിപ്പിച്ചതിനെ തുടർന്നുണ്ടായ പ്രശ്നങ്ങൾ മൂലമാണെന്ന മാതാവിന്റെ വെളിപ്പെടുത്തലിൽ കേസ് രജിസ്റ്റർ ചെയ്യാത്ത ഉദ്യോഗസ്ഥനെതിരെ നടപടികൾ സ്വീകരിക്കുമോ;

(ഇ) എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ മുൻപ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അവരുടെ മൊഴി രേഖപ്പെടുത്തി കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(എഫ്) സ്ഥാപന ഉടമ കബളിപ്പിക്കലിലൂടെ കോടിക്കണക്കിന് രൂപ സമ്പാദിച്ചതിനെതിരെ പ്രത്യേക അന്വേഷണം നടത്തുമോ; രാജ്യം വിടാൻ സാധ്യതയുള്ളതിനാൽ പ്രസ്തുത വ്യക്തിയുടെ പാസ്പോർട്ട് തടഞ്ഞ് വയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) പ്രസ്തുത സ്ഥാപനത്തിനെതിരെയുള്ള അന്വേഷണം നിരീക്ഷിക്കുന്നതിന് ഒരു ഉന്നത പോലീസ്/ നിയമ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുമോ; വിശദമാക്കാമോ?

## ക്രിമിനൽ പശ്ചാത്തലമുള്ള പോലീസ് ഉദ്യോഗസ്ഥർ

2125 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ (2021 മേയ് മുതൽ 2025 ഡിസംബർ വരെ) മർദ്ദന കേസുകളുമായും മറ്റു കേസുകളുമായും ബന്ധപെട്ട് ക്രിമിനൽ പശ്ചാത്തലമുള്ള എത്ര പോലീസ് ഉദ്യോഗസ്ഥന്മാരെ സർവീസിൽ നിന്നും പിരിച്ചുവിട്ടു എന്നുള്ള കണക്കുകൾ വർഷം തിരിച്ചും സേനാവിഭാഗങ്ങൾ തിരിച്ചും ജില്ല തിരിച്ചും ലഭ്യമാക്കാമോ; അവരിൽ എത്രപേർ വീണ്ടും തിരികെ സർവീസിൽ പ്രവേശിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) 2011-16 കാലഘട്ടത്തിൽ എത്ര പോലീസ് ഉദ്യോഗസ്ഥരെ പിരിച്ചു വിട്ടിട്ടുണ്ടെന്നും ഇവരിൽ എത്രപേർ തിരികെ സർവീസിൽ പ്രവേശിച്ചിട്ടുണ്ടെന്നുമുള്ള വിശദമായ കണക്കുകൾ ജില്ല, സേനാവിഭാഗങ്ങൾ എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(സി) ആലപ്പുഴ മുൻ ഡി.വൈ.എസ്.പി. മധുബാബുവിനെതിരെ എന്തൊക്കെ പരാതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; ഇതിൽ ഒരാൾക്കെതിരെ മാത്രം 22 കള്ളകേസുകളെടുത്തതായും മറ്റു പലർക്കുമെതിരെയും കള്ള കേസുകൾ എടുത്തതായും കസ്റ്റഡിയിൽ മർദിച്ചതായുമുള്ള പരാതികളുണ്ടോ; വിശദമാക്കാമോ;

(ഡി) ഇദ്ദേഹത്തെ രണ്ട് മർദ്ദന കേസുകളിൽ കോടതികൾ ശിക്ഷിച്ചതിനെ തുടർന്ന് സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നോയെന്ന് വ്യക്തമാക്കുമോ; ജില്ലാ പോലീസ് സൂപ്രണ്ട് ഇദ്ദേഹത്തിനെതിരെ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപെട്ട് എന്നാണ് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചത്; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; ഈ റിപ്പോർട്ട് പൂഴ്ത്തി വച്ച ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങളും അവർക്കെതിരെ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ; ഇദ്ദേഹത്തിനെതിരെ പോലീസ് വിജിലൻസ് അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ;

(എഫ്) രണ്ട് മർദ്ദനകേസുകളിൽ കോടതി ശിക്ഷിച്ച അനേകം പേരെ കസ്റ്റഡിയിൽ മർദിച്ച കള്ള കേസുകളെടുത്ത ഒരാൾക്ക് എങ്ങിനെയാണ് ഡി.വൈ.എസ്.പി. തസ്തിക വരെ പ്രൊമോഷൻ നൽകിയതെന്നും ലാ & ഓർഡർ തസ്തികയിൽ നിയമനം നൽകിയതെന്നും വിശദീകരിക്കുമോ;

(ജി) ഇദ്ദേഹം വരുമാനത്തിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചിട്ടുണ്ടോയെന്നും അദ്ദേഹത്തിന് എതിരെയുള്ള പരാതികൾ സംബന്ധിച്ചും പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## സംസ്ഥാനത്ത് നടന്ന മുങ്ങിമരണങ്ങൾ

2126 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാനത്ത് നടന്ന മുങ്ങിമരണങ്ങളുടെ എണ്ണം ജില്ല, വർഷം എന്നിവ തിരിച്ച് നൽകാമോ;

(ബി) ഇതിൽ ആത്മഹത്യകളുടെയും കൊലപാതകങ്ങളുടെയും എണ്ണം വെവ്വേറെ നൽകാമോ;

(സി) ഇതിൽ സ്ത്രീകൾ, പുരുഷന്മാർ, പതിനഞ്ച് വയസ്സോ അതിൽ താഴെയോ പ്രായമുള്ളവർ, മുപ്പത് വയസ്സോ അതിൽ താഴെയോ പ്രായമുള്ളവർ എന്നിവരുടെ എണ്ണം വാർഷികാടിസ്ഥാനത്തിൽ നൽകാമോ;

(ഡി) സംസ്ഥാനത്ത് മുങ്ങി മരണപ്പെടുന്നവരുടെ ആശ്രിതർക്ക് എന്തെങ്കിലും തരത്തിലുള്ള സർക്കാർ സഹായം നൽകുന്നുണ്ടോ;

(ഇ) മുങ്ങി മരണം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ?

## സോഷ്യൽ മീഡിയയിലെ അധിക്ഷേപത്തിനെതിരെ നടപടി

2127 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസിൽ ലൈംഗികാതിക്രമം നടത്തിയെന്നാരോപിച്ച് സമൂഹമാധ്യമങ്ങളിലൂടെ ദൃശ്യം പ്രചരിപ്പിച്ചതിൽ അപമാനം ഭയന്ന് യുവാവ് ജീവനൊടുക്കിയ സംഭവത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സോഷ്യൽ മീഡിയയിൽ ഇത്തരം അധിക്ഷേപങ്ങൾ നടത്തുന്നതിനെതിരെ കർശന നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## സാമൂഹ്യ മാധ്യമങ്ങളിലൂടെ വ്യാജവാർത്ത പ്രചരിപ്പിക്കുന്നത് തടയാൻ നടപടി

2128 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തികളുടെ അനുവാദമില്ലാതെ വീഡിയോയും ഫോട്ടോയും എടുത്ത് സാമൂഹ്യ മാധ്യമങ്ങളിൽ അപകീർത്തികരമായും വസ്തുതാവിരുദ്ധമായും പ്രചരിപ്പിക്കുന്ന പ്രവണത വർദ്ധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഈ വിഷയത്തിൽ എത്ര പേർക്കെതിരെ കേസുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മന്ത്രിമാർക്കെതിരെയോ ജനപ്രതിനിധികൾക്കെതിരെയോ ഇത്തരം വ്യാജമായതോ അപകീർത്തികരമായതോ ആയ ദൃശ്യങ്ങളോ വാർത്തകളോ പ്രചരിപ്പിച്ചതിന് എത്ര പേർക്കെതിരെ കേസുകൾ എടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## എടക്കര പോലീസ് സ്റ്റേഷൻ നിർമ്മാണ പ്രവൃത്തി

2129 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടക്കര പോലീസ് സ്റ്റേഷന് സൗജന്യമായി ലഭിച്ച സ്ഥലത്തിന് രണ്ടുമാസം മുൻപായി തരംമാറ്റുവാൻ അനുവാദം ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥലത്ത് പോലീസ് സ്റ്റേഷന് വേണ്ടി കെട്ടിടം നിർമ്മിക്കുവാനുള്ള പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ നിർമ്മാണപ്രവൃത്തി എന്നത്തേക്ക് തുടങ്ങാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

## കോങ്ങാട് മണ്ഡലം - പോലീസ് സ്റ്റേഷനുകളുടെ നവീകരണം

2130 **ശ്രീമതി ശാന്തകുമാരി കെ.** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോങ്ങാട് മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

## കൈപ്പമംഗലം മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം

2131 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന മതിലകം, കൈപ്പമംഗലം പോലീസ് സ്റ്റേഷനുകളിൽ 2016 മുതൽ നാളിതുവരെ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ ഏതെല്ലാമാണ് എന്നതിന്റെ വിശദമായ റിപ്പോർട്ട് നൽകാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ മതിയായ പോലീസ് ഉദ്യോഗസ്ഥർ ഇല്ലാത്തതിനാൽ ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

## പന്തീരങ്കാവ് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മാണം

2132 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തീരങ്കാവ് പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് സി.ആർ.ഇസെഡ് (കോസ്റ്റൽ റെഗുലേഷൻ സോൺ) ക്ലിയറൻസ് ലഭിച്ച സാഹചര്യത്തിൽ നിർമ്മാണത്തിന് ആവശ്യമായ തുക പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റായി നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) കെട്ടിട നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## പയ്യന്നൂർ കോടതി സമുച്ചയം രണ്ടാം ഘട്ട നിർമ്മാണം

2133 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കോടതി സമുച്ചയത്തിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(സി) ഒന്നാം ഘട്ട നിർമ്മാണം പൂർത്തീകരിച്ചിട്ടും കെട്ടിടം തുറന്നുകൊടുക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെട്ടിടത്തിന്റെ ഫയർ സെക്യൂരിറ്റി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ലഭ്യമായ ഭരണാനുമതി പുതുക്കി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ നിർമ്മാണം

2134 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടാനപ്പള്ളി പോലീസ് സ്റ്റേഷന് സ്വന്തമായി പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ഏത് ഏജൻസിയാണ് കെട്ടിട നിർമ്മാണം നടത്തുന്നതെന്നും അറിയിക്കാമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത കെട്ടിടത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) എന്നത്തേക്ക് പ്രസ്തുത കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കാനും ഉദ്ഘാടനം നടത്താനും കഴിയുമെന്ന് വ്യക്തമാക്കാമോ?

## തിരഞ്ഞെടുപ്പിൽ കൂറുമാറി വോട്ട് ചെയ്ത സംഭവം

2135 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി ബ്ലോക്ക് തളി ഡിവിഷനിൽ നിന്ന് വിജയിച്ച സ്ഥാനാർത്ഥി പണം വാങ്ങി പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ കൂറുമാറി വോട്ട് ചെയ്തുവെന്ന വെളിപ്പെടുത്തൽ പുറത്തുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും നിലവിലെ അന്വേഷണ പുരോഗതിയും വ്യക്തമാക്കാമോ?

## **കോഴിക്കോട് ചേവായൂർ പോലീസ് സ്റ്റേഷൻ - 986/2025 നമ്പർ കേസ്**

2136 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചേവായൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 986/2025 എഫ്.ഐ.ആർ. പ്രകാരമുള്ള പ്രതികൾ ആരെല്ലാമാണെന്നും ഇതിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നുമുള്ള വിവരം വ്യക്തമാക്കാമോ;

(ബി) ഈ കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസിന്റെ ചാർജ് ഷീറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ബി.എൻ.എസ്. 318 സെക്ഷൻ ഈ കേസിന്റെ എഫ്. ഐ. ആറിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

## **പോലീസ് വകുപ്പിന്റെ നവീകരണം**

2137 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ സംസ്ഥാനത്ത് പോലീസ് വകുപ്പിന്റെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതികൾക്കുമായി അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയെന്ന് വിശദമാക്കാമോ?

## **നിലമ്പൂർ മുൻ എം.എൽ.എ. ഉന്നയിച്ച ആരോപണങ്ങൾ**

2138 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മുൻ എം.എൽ.എ., മുഖ്യമന്ത്രിയുടെ ഓഫീസിനും പോലീസിലെ ഉന്നത ഉദ്യോഗസ്ഥർക്കുമെതിരെ ഉന്നയിച്ച ക്രമക്കേടുകൾ, ഫോൺ ചോർത്തൽ, സ്വർണ്ണക്കടത്ത് എന്നീ ആരോപണങ്ങളുമായി ബന്ധപ്പെട്ട് നടന്ന അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ആരോപണ വിധേയരായ ഉദ്യോഗസ്ഥർ ഇപ്പോഴും തന്ത്രപ്രധാന തസ്തികകളിൽ തുടരുന്നത് അന്വേഷണത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ;

(സി) അന്വേഷണം എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത ആരോപണങ്ങളുമായി ബന്ധപ്പെട്ട് നടന്ന അന്വേഷണങ്ങളിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## **ജനപ്രതിനിധികളുടെ പേര് സംബന്ധിച്ച മന്ത്രിയുടെ പ്രസ്താവനയിൽ പോലീസ് നടപടി**

2139 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എം. വിൻസെന്റ്**

**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, കാസർകോട് ജില്ലകളിലെ ജനപ്രതിനിധികളുടെ പേര് നോക്കിയാലറിയാം എന്ന് മന്ത്രി നടത്തിയ പ്രസ്താവന സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ജാതിയുടെയും മതത്തിന്റെ പേരിൽ വേർതിരിവ് കാട്ടില്ല എന്ന് സത്യപ്രതിജ്ഞ ചെയ്ത മന്ത്രിയുടെ പ്രസ്താവന നിയമപരമാണോ എന്ന് വ്യക്തമാക്കാമോ; സമൂഹത്തിൽ വേർതിരിവ് ഉണ്ടാക്കാവുന്ന പ്രസ്താവനയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## നിലമ്പൂർ പോലീസ് സബ് ഡിവിഷനിൽ ട്രാഫിക് സ്റ്റേഷൻ

2140 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലമ്പൂർ സബ് ഡിവിഷൻ ഒഴികെയുള്ള മുഴുവൻ പോലീസ് സബ് ഡിവിഷനുകളിലും ട്രാഫിക് സ്റ്റേഷനുകൾ ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നിലമ്പൂർ പോലീസ് സബ് ഡിവിഷനിൽ കൂടി ട്രാഫിക് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## സർക്കാർ വാടകയ്ക്ക് എടുത്ത ഹെലികോപ്റ്റർ

2141 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാടകയ്ക്ക് എടുത്ത ഹെലികോപ്റ്റർ എത്ര തവണ മുഖ്യമന്ത്രിയുടെയും, മറ്റു വിഐപികളുടെയും സഞ്ചാരത്തിനായി ഉപയോഗിച്ചിട്ടുണ്ട്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) ഹെലികോപ്റ്ററിന്റെ വാടക ഇനത്തിൽ നാളിതുവരെ സംസ്ഥാനസർക്കാർ എത്ര തുക നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കുമോ ?

## ഐ.ആർ.ബി. റിക്രൂട്ട്മെന്റ്

2142 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) G.O.(Ms)No.70/2025/HOME ഉത്തരവിൽ പറയുന്ന പ്രകാരം ഐ.ആർ.ബി. (ഇന്ത്യാ റിസർവ്വ് ബറ്റാലിയൻ) റിക്രൂട്ട്മെന്റ് പ്രക്രിയ ചെലവേറിയതാണെന്ന് സർക്കാർ തന്നെ നിരീക്ഷിച്ച സാഹചര്യത്തിൽ, പുതിയൊരു വിജ്ഞാപനം ഇറക്കുന്നത് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് പരിഹാരമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) 2024 മെയ് 23-ന് പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലാവധി 2026 മെയ് മാസത്തിൽ അവസാനിക്കാനിരിക്കെ, സ്വാഭാവിക ഒഴിവുകളുടെ അഭാവം മൂലം

എഴുന്നൂറിലധികം ഉദ്യോഗാർത്ഥികൾക്ക് ജോലി നഷ്ടമാകുന്നത് ഒഴിവാക്കാൻ 2029, 2030 വർഷങ്ങളിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി നിലവിലെ ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

## ഇന്ത്യ റിസർവ് ബറ്റാലിയനിലെ നിയമനങ്ങൾ

2143 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യ റിസർവ് ബറ്റാലിയനിൽ (റെഗുലർ വിങ്) എത്ര പേർ പതിനൊന്നര വർഷം പൂർത്തീകരിച്ച് കേരള സിവിൽ പോലീസ് ട്രാൻസ്ഫറിന് യോഗ്യത നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; എങ്കിൽ ഇവരെ എപ്പോൾ കേരള സിവിൽ പോലീസ് സർവ്വീസിലേക്ക് ട്രാൻസ്ഫർ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇന്ത്യ റിസർവ് ബറ്റാലിയനിൽ റെഗുലർ വിങ് ട്രെയിനിങ്ങിൽ നിന്നും ട്രെയിനീസ് കൊഴിഞ്ഞുപോകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത്തരത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി. എസ്. സി. യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഐ.ആർ.ബി. (റെഗുലർ വിംഗ് ) യിൽ ഹവിൽദാർ പ്രൊമോഷൻ ലഭിച്ചവരെ ഹവിൽദാർ സ്റ്റേറ്റ് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പതിനഞ്ച് വർഷം സർവീസ് പൂർത്തീകരിച്ച ഐ.ആർ.ബി. പോലീസുകാർക്ക് പ്രൊമോഷൻ സാധ്യത ഇല്ലാതാകുന്ന എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

## ചങ്ങനാശ്ശേരിയിൽ അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി

2144 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരിയിൽ പുതിയ അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

## സിവിൽ ക്രിമിനൽ കോടതി ജീവനക്കാരുടെ സംയോജനത്തിനുള്ള നടപടികൾ

2145 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ ക്രിമിനൽ കോടതി ജീവനക്കാരുടെ സംയോജനത്തിനുള്ള നടപടികളുമായി ബന്ധപ്പെട്ട് ഡിസ്ട്രിക്ട് ജുഡീഷ്യറി വിഭാഗത്തിലെ സ്പെഷ്യൽ റൂളുകളായ കേരള ജുഡീഷ്യൽ മിനിസ്റ്റീരിയൽ സർവീസ് റൂൾസ്, കേരള ജുഡീഷ്യൽ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസ് റൂൾസ് എന്നിവ ചട്ടങ്ങൾ പാലിച്ച് സമഗ്രമായി പരിഷ്കരിച്ച് കൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനത്തിന് നിയമസഭ സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടെങ്കിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; ഇല്ലെങ്കിൽ കാലതാമസമുണ്ടാവുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കാൻ തടസ്സമായ കാരണങ്ങളെ തരണം ചെയ്യാൻ വേണ്ട എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ഡി) നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുകയും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ശേഷം ഹൈക്കോടതി ഡിസ്ട്രിക്ട് ജുഡീഷ്യറി വിഭാഗം രജിസ്ട്രാറിൽ നിന്നും പുതുക്കിയ ശിപാർശകൾ ലഭ്യമാക്കാൻ വേണ്ട എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ഇ) സംസ്ഥാനത്തെ സിവിൽ ക്രിമിനൽ കോടതി ജീവനക്കാരുടെ സംയോജനത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ നിലവിൽ ഏത് ഘട്ടത്തിൽ എത്തി നിൽക്കുന്നുവെന്നും എത്ര സമയം കൊണ്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

## <u>അരുവിക്കര മണ്ഡലത്തിലെ ഫയർ & റെസ്ക്യൂ വകുപ്പ് പദ്ധതികൾ</u>

2146 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റത് മുതൽ അരുവിക്കര നിയോജക മണ്ഡലത്തിലെ ഫയർ & റെസ്ക്യൂ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ നവീകരണത്തിനായി അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; കൂടാതെ വകയിരുത്തിയ തുക, നിലവിൽ അവ ഏത് ഘട്ടത്തിലാണ് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ?

## <u>കേരള അഗ്നിരക്ഷാ & രക്ഷാസേവന വകുപ്പ് വാങ്ങിയ ഏരിയൽ ലാഡർ പ്ലാറ്റ്ഫോം</u>

2147 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ കേരള അഗ്നിരക്ഷാ & രക്ഷാസേവന വകുപ്പ് ഏരിയൽ ലാഡർ പ്ലാറ്റ്ഫോം വാങ്ങുന്നതിനായി ഏതെങ്കിലും കമ്പനിക്ക് വാങ്ങൽ ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ വാങ്ങൽ ഉത്തരവ് നൽകിയ കമ്പനിയുടെ പേര്, വാങ്ങിയ ഏരിയൽ ലാഡർ പ്ലാറ്റ്ഫോമിന്റെ ബ്രാൻഡ്/മോഡൽ, നിർമ്മാണ രാജ്യം, വാങ്ങൽ തുക, വിതരണക്കാരന് ഒ.ഇ.എം. നൽകിയ ഔദ്യോഗിക ഡീലർഷിപ്പ്/ഓതറൈസേഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നോ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത ഏരിയൽ ലാഡർ പ്ലാറ്റ്ഫോമിന്റെ ഒറിജിനൽ ഇക്വിപ്പ്മെന്റ് നിർമ്മാതാവ് (ഒ.ഇ.എം.-ഒറിജിനൽ ഇക്വിപ്പ്മെന്റ് മാനുഫാക്ചറർ), ഒ.ഇ.എം. കമ്പനിയുടെ പേര്, ആസ്ഥാനം സ്ഥിതിചെയ്യുന്ന രാജ്യം എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഏരിയൽ ലാഡർ പ്ലാറ്റ്ഫോം വാങ്ങുന്നതിനായി ക്ഷണിച്ച ടെണ്ടറിൽ മൊത്തം എത്ര ബിഡ്ഡർമാർ പങ്കെടുത്തു; സാങ്കേതികമായി യോഗ്യത നേടിയ

ബിഡ്ഡർമാരുടെ എണ്ണം എത്ര; ഏതെങ്കിലും ബിഡ്ഡർമാരെ അയോഗ്യരാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ടെണ്ടറിൽ മെസ്സേഴ്സ് ബ്രോണ്ടോ സ്കൈലിഫ്റ്റ്, ഫിൻലാൻഡ് എന്ന കമ്പനിയുടെ ഡീലർ/പ്രതിനിധി എന്ന നിലയിൽ എത്ര ബിഡ്ഡർമാരാണ് പങ്കെടുത്തത്; ഇവരെല്ലാവരും സാങ്കേതിക യോഗ്യത നേടിയിട്ടുണ്ടായിരുന്നോ; വ്യക്തമാക്കാമോ;

(ഇ) നിലവിലുള്ള സർക്കാർ വാങ്ങൽ ചട്ടങ്ങൾ, ടെണ്ടർ നിബന്ധനകൾ, അല്ലെങ്കിൽ സഹകരണ/പൊതുമേഖല വാങ്ങൽ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, ഒരു ഒ.ഇ.എം. (ഒറിജിനൽ ഇക്വിപ്പ്മെന്റ് മാനുഫാക്ചറർ)-നെ ഒരേ ടെണ്ടറിൽ ഒന്നിലധികം ഡീലർമാർ പ്രതിനിധീകരിക്കുന്നത് അനുവദനീയമാണോ; അനുവദനീയമാണെങ്കിൽ, അതിന് അടിസ്ഥാനമായ സർക്കാർ ഉത്തരവ്/ചട്ടം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) അനുവദനീയമല്ലെങ്കിൽ, ഈ വാങ്ങൽ നടപടിയിൽ ഇളവ്/ഒഴിവാക്കൽ നൽകിയതിന്റെ വിശദാംശങ്ങളും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

## കേരള അഗ്നിരക്ഷാ സേന വാങ്ങിയ ഏരിയൽ ലാഡർ പ്ലാറ്റ്ഫോം

2148 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസ് ഏരിയൽ ലാഡർ പ്ലാറ്റ്ഫോം വാങ്ങുന്നതിനായി ഏതെങ്കിലും കമ്പനിയ്ക്ക് വാങ്ങൽ ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്പനിയുടെ പേര്, വാങ്ങിയ ഏരിയൽ ലാഡർ പ്ലാറ്റ്ഫോമിന്റെ ബ്രാൻഡ്/മോഡൽ, വാങ്ങിയ തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഏരിയൽ ലാഡർ പ്ലാറ്റ്ഫോമിന്റെ ഒറിജിനൽ ഇക്വിപ്പ്മെന്റ് നിർമ്മാതാവ് ആരായിരുന്നുവെന്നും കമ്പനിയുടെ പേര്, ആസ്ഥാനം, വിതരണക്കാരന് ഔദ്യോഗിക ഡീലർഷിപ്പ്/ഓതറൈസേഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നോ തുടങ്ങിയ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഏരിയൽ ലാഡർ പ്ലാറ്റ്ഫോം വാങ്ങുന്നതിനായി ക്ഷണിച്ച ടെണ്ടറിൽ മൊത്തം എത്ര ബിഡ്ഡർമാർ പങ്കെടുത്തുവെന്നും അതിൽ സാങ്കേതികമായി യോഗ്യത നേടിയ ബിഡ്ഡർമാരുടെ എണ്ണം എത്രയെന്നും അയോഗ്യരാക്കിയ ബിഡ്ഡർമാർ ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങളും വിശദമാക്കാമോ;

(ഡി) പ്രസ്തുത ടെണ്ടറിൽ ബ്രോൻഡോ സ്കൈലിഫ്റ്റ്, ഫിൻലാൻഡ് എന്ന കമ്പനിയുടെ ഡീലർ / പ്രതിനിധി എന്ന നിലയിൽ എത്ര ബിഡ്ഡർമാർ പങ്കെടുത്തുവെന്നും അവരിൽ എല്ലാവരും സാങ്കേതിക യോഗ്യത നേടിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ, ഒഴിവാക്കിയ ബിഡുകളുടെ കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(ഇ) നിലവിലുള്ള സർക്കാർ വാങ്ങൽ ചട്ടങ്ങൾ, ടെണ്ടർ നിബന്ധനകൾ, സഹകരണ / പൊതുമേഖല വാങ്ങൽ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരം ഒരു ഒറിജിനൽ

ഇക്വിപ്പ്മെന്റ് നിർമ്മാതാവിനെ ഒരേ ടെണ്ടറിൽ ഒന്നിലധികം ഡീലർമാർ പ്രതിനിധീകരിക്കുന്നത് അനുവദനീയമാണോ;

(എഫ്) അനുവദനീയമാണെങ്കിൽ അതിന് അടിസ്ഥാനമായ സർക്കാർ ഉത്തരവ് / ചട്ടം പ്രതിപാദിക്കുമോ; അനുവദനീയമല്ലെങ്കിൽ ഈ വാങ്ങൽ നടപടിയിൽ ഏതെങ്കിലും ഇളവ് / ഒഴിവാക്കൽ നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ?

**മാവൂർ ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാൻ നടപടി**

2149 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതുതായി എത്ര ഫയർ സ്റ്റേഷനുകളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും കെട്ടിടം, വൈദ്യുതി, വെള്ളം തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും ഒരുക്കുകയും ചെയ്ത മാവൂർ ഫയർ സ്റ്റേഷൻ പ്രവർത്തനം എപ്പോഴാണ് ആരംഭിക്കാൻ സാധിക്കുകയെന്ന് വ്യക്തമാക്കാമോ?

**ഫയർ ഫോഴ്സിലെ സ്കൂബാ ഡൈവർമാർ**

2150 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫയർ & റെസ്ക്യൂ സർവ്വീസിൽ സ്കൂബാ ഡൈവിംഗ് പരിശീലനം നേടിയിട്ടുള്ള എത്ര സേനാംഗങ്ങളാണ് സ്ക്കുബാ ഡൈവർമാരായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**കേരള അഗ്നിരക്ഷാ & രക്ഷാ സേവന വകുപ്പ് ഏരിയൽ ലാഡർ പ്ലാറ്റ്ഫോം വാങ്ങുന്ന നടപടി**

2151 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ കേരള അഗ്നിരക്ഷാ & രക്ഷാ സേവന വകുപ്പ് ഏരിയൽ ലാഡർ പ്ലാറ്റ്ഫോം വാങ്ങുന്നതിനായി ഏതെങ്കിലും കമ്പനിക്ക് വാങ്ങൽ ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് നൽകിയ കമ്പനിയുടെ പേര്, വാങ്ങിയ ഏരിയൽ ലാഡർ പ്ലാറ്റ്ഫോമിന്റെ ബ്രാൻഡ് അല്ലെങ്കിൽ മോഡൽ, നിർമ്മാണ രാജ്യം, വാങ്ങൽ തുക എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) മേൽപ്പറഞ്ഞ ഏരിയൽ ലാഡർ പ്ലാറ്റ്ഫോമിന്റെ ഒറിജിനൽ എക്വിപ്പ്മെന്റ് നിർമ്മാതാവ് (ഒ. ഇ. എം.) ആരായിരുന്നു; ഒ. ഇ. എം. കമ്പനിയുടെ പേര്, ആസ്ഥാനം സ്ഥിതിചെയ്യുന്ന രാജ്യം, വിതരണക്കാരന് ഒ .ഇ. എം. ഔദ്യോഗിക ഡീലർഷിപ്പ് / ആതറൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയിരുന്നോ തുടങ്ങിയ വിവരങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത ഏരിയൽ ലാഡർ പ്ലാറ്റ്ഫോം വാങ്ങുന്നതിനായി ക്ഷണിച്ച ടെണ്ടറിൽ ആകെ എത്ര ബിഡ്ഡർമാർ പങ്കെടുത്തു; സാങ്കേതികമായി യോഗ്യത നേടിയ

ബിഡ്ഡർമാരുടെ എണ്ണം എത്ര, അയോഗ്യരാക്കിയ ബിഡ്ഡർമാർ ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ എന്തൊക്കെയാണ് എന്നീ വിവരങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത ടെണ്ടറിൽ എം/എസ് ബ്രോണ്ടോ സ്കൈലിഫ്റ്റ് ഫിൻലാൻഡ് എന്ന കമ്പനിയുടെ ഡീലർ അല്ലെങ്കിൽ പ്രതിനിധി എന്ന നിലയിൽ എത്ര ബിഡ്ഡർമാർ പങ്കെടുത്തു; അവരിൽ എല്ലാവരും സാങ്കേതിക യോഗ്യത നേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഒഴിവാക്കിയ ബിഡുകളുടെ കാരണം എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) സർക്കാരിന്റെ നിലവിലുള്ള വാങ്ങൽ ചട്ടങ്ങൾ, ടെണ്ടർ നിബന്ധനകൾ, സഹകരണ/പൊതുമേഖല വാങ്ങൽ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരം ഒരു ഒ. ഇ. എം (ഒറിജിനൽ എക്വിപ്പ്മെന്റ് മാനുഫാക്ചറർ)-നെ ഒരേ ടെണ്ടറിൽ ഒന്നിലധികം ഡീലർമാർ പ്രതിനിധീകരിക്കുന്നത് അനുവദനീയമാണോ; എങ്കിൽ ആയതിന് അടിസ്ഥാനമായ സർക്കാർ ഉത്തരവ്/ചട്ടം ഏതാണ്; അനുവദനീയമല്ലെങ്കിൽ പ്രസ്തുത വാങ്ങൽ നടപടിയിൽ ഏതെങ്കിലും ഇളവ് / ഒഴിവാക്കൽ നൽകിയിട്ടുണ്ടോ എന്നീ വിവരങ്ങൾ അറിയിക്കാമോ?

## <u>പുതുപ്പാടി അടിവാരത്ത് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ</u>

2152 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ട പുതുപ്പാടി അടിവാരത്ത് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) അടിവാരത്ത് ഫയർ & റസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## <u>വെള്ളരിക്കുണ്ട് ഫയർ സ്റ്റേഷൻ</u>

2153 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളരിക്കുണ്ട് താലൂക്കിൽ ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) പരപ്പ വില്ലേജിൽ ബിരിക്കുളം ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പരിശോധനകൾ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## <u>ആലത്തൂർ മണ്ഡലത്തിലെ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം</u>

2154 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതികൾക്കുമായി അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയാണെന്ന് വിശദമാക്കാമോ?

**കോങ്ങാട് ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

2155 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിവരം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**പാലക്കാട് ജില്ലയിൽ ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ നവീകരണം**

2156 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ മുൻ സർക്കാരിന്റേയും ഈ സർക്കാരിന്റേയും കാലയളവിൽ ഫയർ&റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**ജയിൽ ജീവനക്കാരുടെ ശമ്പളസ്കെയിൽ**

2157 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിലുകളിൽ അന്തേവാസികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും അതിനാനുപാതികമായി ജീവനക്കാരുടെ കുറവ് മൂലമുണ്ടാകുന്ന അമിത ജോലിഭാരവും കണക്കിലെടുത്ത് ജയിൽ ജീവനക്കാരുടെ ശമ്പള സ്കെയിൽ പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് തുല്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

**ടി. പി. വധക്കേസ് പ്രതികളുടെ വിട്ടുതൽ**

2158 **ഡോ. എം. കെ. മുനീർ**
**ശ്രീ. എ. കെ. എം. അഷ്‌റഫ്**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.പി. വധകേസിലെ പ്രതികളെ വിട്ടുതൽ ചെയ്യുന്നതിൽ എന്തെങ്കിലും സുരക്ഷാ പ്രശ്നമുണ്ടോയെന്ന് ആരാഞ്ഞുകൊണ്ട് ജയിൽ സൂപ്രണ്ടുമാർക്ക് ജയിൽ ആസ്ഥാനത്തു നിന്നും കത്തു നൽകിയിരുന്നോ;

(ബി) പ്രസ്തുത കത്തിൻമേൽ ജയിൽ സൂപ്രണ്ടുമാരുടെ പ്രതികരണം ലഭിച്ചിരുന്നോ; വിശദമാക്കുമോ;

(സി) ജയിൽ സൂപ്രണ്ടുമാരുടെ അഭിപ്രായം ആരായുവാൻ സർക്കാർ നിർദ്ദേശം നൽകിയതിന്റെ സാഹചര്യം വെളിപ്പെടുത്തുമോ?

**വിജ്ഞാന കേരളം പദ്ധതി**

2159 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജ്ഞാന കേരളം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് രൂപപ്പെടുത്തിയിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലും വിവിധ തസ്തികകളിലായി എത്ര തൊഴിലവസരങ്ങൾ ലഭ്യമാക്കിയെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ഡി) ചില കമ്പനികളിൽ നിയമനം ലഭിച്ച തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ സംസ്ഥാനത്തെ മിനിമം കൂലിയേക്കാൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

## <u>സിൽവർലൈൻ പദ്ധതി</u>

2160 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർലൈൻ പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരമോ അനുമതിയോ ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) അംഗീകാരം ലഭിച്ചിട്ടില്ലെങ്കിൽ പദ്ധതിക്കായി പണം ചെലവഴിച്ചതിന്റെ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി ഏറ്റെടുക്കാൻ ഉദ്ദേശിച്ച ഭൂമിയുടെ പൂർണ്ണമായ ക്രയവിക്രയാധികാരം ഭൂവുടമകൾക്ക് നൽകുന്നതിനായി നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>നവകേരളം പദ്ധതിക്ക് വകയിരുത്തിയ തുക</u>

2161 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ നവകേരളം പദ്ധതികൾക്കായി ഓരോ സാമ്പത്തിക വർഷവും ബജറ്റിൽ വകയിരുത്തിയ തുക എത്രയാണെന്നും എത്ര രൂപ ഓരോ പദ്ധതിയിലും ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) ബജറ്റ് വിഹിതം വിനിയോഗിക്കുന്നതിൽ എന്തെങ്കിലും തരത്തിലുള്ള കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

## കാലവസ്ഥാ വ്യതിയാനം

2162 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം കാരണം വൈപ്പിൻ, കൊച്ചി മുതലായ പ്രദേശങ്ങളിൽ മുൻപ് അനുഭവപ്പെട്ടിട്ടില്ലാത്ത വിധം ഓരു വെള്ളം കയറുന്നതിനാൽ ആസ്തികൾക്കും വൃക്ഷങ്ങൾക്കും നാശം സംഭവിക്കുന്നതിനും രോഗങ്ങൾ പടരുന്നതിനും സാധ്യതയുണ്ടെന്നത് കണക്കിലെടുത്ത് പ്രസ്തുത പ്രദേശത്തെ ജനങ്ങളെ സംരക്ഷിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ;

(ബി) കാലവസ്ഥാ വ്യതിയാനത്താൽ മുങ്ങിപ്പോകുന്നതിന് സാധ്യതയുണ്ടെന്ന് വിദഗ്ദ്ധ പഠന റിപ്പോർട്ടുകളിൽ സൂചിപ്പിച്ചിട്ടുള്ളത് പരിഗണിച്ച് കൊച്ചി, വൈപ്പിൻ പോലുള്ള പ്രദേശങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി പദ്ധതിയാവിഷ്കരിച്ച് കേന്ദ്ര സർക്കാർ സഹായത്തിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കോസ്റ്റൽ റെഗുലേഷൻ സോണിൽ കൂടുതൽ ഇളവുകൾ ലഭിക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടി

2163 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ കുമ്പള, മംഗൽപാടി, മഞ്ചേശ്വരം എന്നീ തീരദേശ പഞ്ചായത്തുകളെ കോസ്റ്റൽ റെഗുലേഷൻ സോണിൽ കൂടുതൽ ഇളവുകൾ ലഭിക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## ആരോഗ്യ സുരക്ഷാ പദ്ധതികൾ

2164 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ആരോഗ്യ സുരക്ഷാ പദ്ധതികളായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി , കാരുണ്യ ബെനവലന്റ് പദ്ധതി, ആർ.ബി.എസ്.കെ., ആരോഗ്യ കിരണം , ഹൃദ്യം , ആവാസ് , അമ്മയും കുഞ്ഞും , സുകൃതം എന്നീ പദ്ധതികളിൽ എത്ര രൂപ വീതം വിവിധ ആശുപത്രികൾക്കും മറ്റും കുടിശ്ശികയായി ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ടി പദ്ധതികളിലെ കുടിശ്ശിക മൂലം എംപാനൽ ചെയ്ത ആശുപത്രികളിൽ മതിയായ ചികിത്സ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെടിട്ടുണ്ടോ; എങ്കിൽ ഈ കുടിശ്ശിക എന്നത്തേക്ക് തീർക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

## പൂഞ്ഞാർ മണ്ഡലത്തിൽ ആരോഗ്യവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

2165 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പൂഞ്ഞാർ മണ്ഡലത്തിൽ ആരോഗ്യവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ ഓരോ പദ്ധതിയ്ക്കും വേണ്ടി എത്ര തുക വീതമാണ് ചെലവഴിച്ചതെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

## വർദ്ധിച്ചു വരുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ

2166 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. സി.സി. മുകുന്ദൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിയുടെ ഉപയോഗം, കുടുംബ ബന്ധങ്ങളുടെ തകർച്ച, ഡിജിറ്റൽ അടിമത്തം എന്നിവ മാനസികാരോഗ്യ പ്രശ്നങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ടോ; വിശദമാക്കാമോ;

(ബി) മാനസികരോഗങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ ചികിത്സയും തുടർചികിത്സയും ഉറപ്പുവരുത്തുന്ന സാമൂഹ്യ മാനസികാരോഗ്യ (കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത്) പദ്ധതികൾക്ക് പ്രാമുഖ്യം കൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ലഹരി വസ്തുക്കളുടെ ഉപയോഗവും അനുബന്ധ മാനസിക പ്രശ്നങ്ങളും പരിഹരിക്കുവാനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ലഹരി വിമോചന ചികിത്സ, മനോരോഗചികിത്സയുടെ ഭാഗമായി കണക്കാക്കി മെന്റൽ ഹെൽത്ത് കെയർ ആക്റ്റ് പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഭാവിയിൽ വിഷാദരോഗം ഉൾപ്പെടെയുള്ള മാനസിക പ്രശ്നങ്ങളുടെ ആധിക്യം ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് ഇനിയും കൂടുതൽ പരിഗണന ഈ മേഖലയ്ക്ക് നല്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## പീഡിയാട്രിക് പാലിയേറ്റീവ് കെയർ

2167 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. പി. ബാലചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവൻതന്നെ അപകടത്തിലാക്കുന്ന, ദീർഘകാല രോഗങ്ങളുള്ള ഒട്ടേറെ കുട്ടികൾ നമ്മുടെ നാട്ടിലുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കുട്ടികളുടെയും അവരുടെ മാതാപിതാക്കളുടെയും കാര്യത്തിൽ വലിയ ശ്രദ്ധ വേണമെന്നത് ഗൗരവമായി പരിഗണിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ജീവന് ഭീഷണിയായ രോഗങ്ങളുള്ള കുട്ടികൾക്ക് നിത്യേന വിലകൂടിയ മരുന്നുകൾ ആവശ്യമായി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കുട്ടികളുടെ

ചികിത്സാച്ചെലവ് ലഘൂകരിക്കുന്നതിന് സഹായകരമാകുന്ന പദ്ധതികൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ദീർഘകാല രോഗബാധിതരായ കുട്ടികളെ ഒരു പ്രത്യേക വിഭാഗമായി പരിഗണിച്ച്, അവർക്ക് പ്രത്യേക 'ഹെൽത്ത് കാർഡ്' നൽകി മരുന്നുകൾ വാങ്ങാനുള്ള സൗകര്യം ഒരുക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കാമോ;

(ഡി) മരുന്നിന്റെ ലഭ്യതയ്ക്ക് പുറമെ, ഈ കുട്ടികളും കുടുംബങ്ങളും നേരിടുന്ന മറ്റ് സാമൂഹിക-മാനസിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കുട്ടികളുടെ മാതാപിതാക്കളെ സഹായിക്കുന്നതിനായി പ്രത്യേക പദ്ധതികൾ പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

## 108 ആംബുലൻസ് പദ്ധതി

2168 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസ് പദ്ധതിയുടെ കരാർ ജി. വി. കെ. എമർജൻസി മാനേജ്മെന്റ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിന് വീണ്ടും നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ ബ്ലാക്ക് ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള പ്രസ്തുത സ്ഥാപനത്തിന് കരാർ നൽകാനുള്ള തീരുമാനത്തിന്റെ അടിസ്ഥാനം വിശദമാക്കാമോ?

## ആദിവാസി മേഖലയിലെ ആരോഗ്യ ചികിത്സാ സംവിധാനം

2169 **ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. എ. രാജ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആദിവാസി മേഖലയിലെ ആരോഗ്യ ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ പ്രവൃത്തികൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇടുക്കി ജില്ലയിലെ ഇടമലക്കുടി, ചട്ടമൂന്നാർ ഉൾപ്പടെയുള്ള ആദിവാസി മേഖലകളിൽ എവിടെയെല്ലാമാണ് പുതിയ തസ്തികകൾ സൃഷ്ടിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) അട്ടപ്പാടി സ്പെഷ്യൽ ഇന്റർവെൻഷൻ പ്ലാൻ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ദീർഘകാലാടിസ്ഥാനത്തിൽ ആദിവാസി സമൂഹത്തിന്റെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്താൻ ഈ പദ്ധതിയിലൂടെ സാധ്യമാകുമോയെന്നും വിശദമാക്കാമോ;

(ഡി) ഈ കാലയളവിൽ അട്ടപ്പാടി മേഖലയിലും മറ്റു ആദിവാസി മേഖലകളിലും സ്ഥാപിച്ച ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ എണ്ണം എത്ര വീതമാണെന്ന് അറിയിക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ ആരോഗ്യ മേഖലയിലെ പദ്ധതികൾ

2170 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അരുവിക്കര മണ്ഡലത്തിൽ ആരോഗ്യമേഖലയിലെ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക, അവയുടെ വിശദാംശം, പദ്ധതിയുടെ പേര്, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

2171 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിത്സാ പദ്ധതിയിലൂടെ എത്ര കോടി രൂപയുടെ സൗജന്യ ചികിത്സാ സഹായമാണ് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2172 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ കിഫ്ബി മുഖേന അനുവദിച്ച പദ്ധതികളും അവയുടെ തൽസ്ഥിതിയും വിശദമാക്കുമോ?

## കിഫ്ബി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

2173 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യവികസനത്തിനായുള്ള കിഫ്ബി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്രകാരമാണ് പുരോഗമിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

## ഡയാലിസിസ് യൂണിറ്റുകൾ

2174 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എത്ര ആശുപത്രികളിലാണ് ഡയാലിസിസ് യൂണിറ്റുകൾ സജ്ജമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കൊല്ലം വിക്ടോറിയ ആശുപത്രിയിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതി

2175 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് കൊല്ലം വിക്ടോറിയ ആശുപത്രിയിൽ നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ള വികസന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പദ്ധതിക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിന് തടസ്സം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

## മട്ടന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

2176 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി മട്ടന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

## കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ നവീകരണം

2177 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ നവീകരണത്തിനും വികസനത്തിനുമായി എന്തെല്ലാം പ്രവൃത്തികളാണ് നിലവിൽ നടന്ന വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തികളുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

2178 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ആലത്തൂർ നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പും നാഷണൽ ഹെൽത്ത് മിഷനും നടപ്പിലാക്കിയ വിവിധ വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

## സർക്കാർ ആശുപത്രികളിലെ വിവിധ പദ്ധതികൾ

2179 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും അനുബന്ധ സ്ഥാപനങ്ങളിലുമായി 2021-26 കാലഘട്ടങ്ങളിൽ വിവിധ പദ്ധതികൾക്കായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയ്ക്കായി എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും അറിയിക്കാമോ?

## ഐസൊലേഷൻ വാർഡ് നിർമ്മാണം

2180 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവള്ളൂർ സി. എച്ച്. സി. യിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം വർഷങ്ങളായി മുടങ്ങി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർമ്മാണപ്രവർത്തനം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നത് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നിർമ്മാണ ചുമതലയുണ്ടായിരുന്ന കരാർ ഏജൻസിയിൽ നിന്ന് മറ്റൊരു ഏജൻസിക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ ഭാഗികമായ നിലയിൽ തുടരുന്ന സാഹചര്യത്തിൽ നിർമ്മാണ സാമഗ്രികൾ മഴയും വെയിലും ഏറ്റ് ഗുണനിലവാരം നഷ്ടപ്പെട്ടത് സംബന്ധിച്ച് ലഭിച്ച പരാതികളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഐസൊലേഷൻ വാർഡ് നിർമ്മാണത്തിൽ പ്രീ-ഫാബ് സാങ്കേതിക വിദ്യയ്ക്ക് പകരം കോൺക്രീറ്റ് കെട്ടിടം നിർമിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ആയത് സംബന്ധിച്ച് സർക്കാരിന് ലഭിച്ച നിവേദനങ്ങളുടെ പകർപ്പുകളും ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പുകളും ലഭ്യമാക്കാമോ?

## എറണാകുളം ജനറൽ ആശുപത്രിയിലെ ആരോഗ്യ ഇൻഷുറൻസ് കുടിശിക

2181 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷുറൻസ് ചികിത്സയുമായി ബന്ധപ്പെട്ട് എറണാകുളം ജനറൽ ആശുപത്രിക്ക് ലഭ്യമാക്കാനുള്ള തുക എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; ആയതിന്റെ വിതരണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

## മുക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിട നിർമ്മാണം

2182 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ധനസഹായത്തോടെ നിർമ്മിക്കുന്ന മുക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം വന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) സാങ്കേതിക പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിച്ച് നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## പാലാ ജനറൽ ആശുപത്രിയുടെ വികസനം

2183 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ ജനറൽ ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് ലിഫ്റ്റ്, സോളാർ പാനൽ എന്നിവ സ്ഥാപിക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ വികസനത്തിനുവേണ്ടി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

2184 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ആകെ അനുവദിച്ച തസ്തികകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പുതുതായി തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) പ്രസ്തുത ആശുപത്രിയിൽ ചികിത്സക്കായി എന്തൊക്കെ സജ്ജീകരണങ്ങൾ ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## കൊരട്ടിയിൽ ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന കേന്ദ്രം

2185 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി കോമ്പൗണ്ടിലെ ആരോഗ്യ പ്രവർത്തകർക്കായുള്ള പരിശീലന കേന്ദ്രത്തിന്റെ അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ എന്തൊക്കെയാണെന്നും ആയത് എന്ന് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിന് എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും ആയതിന് അംഗീകാരം നൽകിയിട്ടുണ്ടോയെന്നും അറിയിക്കുമോ;

(സി) പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പിന് എത്ര തസ്തികകൾ ആവശ്യമായിട്ടുണ്ടെന്നും, അവ ഏതൊക്കെയാണെന്നും, എപ്രകാരമാണ് നിയമിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

## പൂക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിട നിർമ്മാണം

2186 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പൂക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി പഴയ കെട്ടിടം പൊളിച്ചു നീക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശിപാർശ എന്നാണ് ലഭിച്ചതെന്ന് വിശദമാക്കാമോ;

(സി) പഴയ കെട്ടിടം പൊളിച്ചു നീക്കുന്നതിന് അനുമതി ലഭിക്കാത്തതിനാൽ ബജറ്റിൽ ഉൾപ്പെട്ട നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കി പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വർക്കല മണ്ഡലത്തിലെ പി.എച്ച്.സി.കൾ എഫ്.എച്ച്.സികളായി ഉയർത്തിയത്

2187 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ വർക്കല മണ്ഡലത്തിലെ ഏതെല്ലാം പി.എച്ച്.സി. കളാണ് എഫ്.എച്ച്.സി കളായി ഉയർത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ ആശുപത്രികളിലും നിലവിൽ സേവനത്തിന് ലഭ്യമായ ഡോക്ടർമാരുടെ എണ്ണം പ്രസ്തുത ആശുപത്രികളുടെ പ്രവർത്തന സമയത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാമോ?

## <u>ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ ഒ. പി. ബ്ലോക്ക് നിർമ്മാണം</u>

2188 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ ഒ. പി. ബ്ലോക്ക് നിർമ്മാണത്തിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; നിർമ്മാണം പൂർത്തിയാക്കുന്നതിന് ഇനി എത്ര രൂപ കൂടി ആവശ്യമായി വരും; വ്യക്തമാക്കാമോ?

## <u>പള്ളിക്കൽ കമ്മ്യൂണിറ്റി ആരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ</u>

2189 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിക്കൽ കമ്മ്യൂണിറ്റി ആരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കാമോ?

## <u>വിളപ്പിൽ ആശുപത്രിയിൽ ചികിത്സാ പിഴവ്</u>

2190 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽ ആശുപത്രിയിൽ ശ്വാസതടസം നേരിട്ട് ചികിത്സക്ക് എത്തിയ രോഗി ചികിത്സ കിട്ടാതെ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സമാനമായ സംഭവങ്ങൾ വീണ്ടും ഉണ്ടാകുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

## <u>തിരൂരങ്ങാടി താലൂക്ക് ആശുപത്രി</u>

2191 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള പ്രാരംഭ വൈകല്യ മുക്തി കേന്ദ്രം, ഡീ-അഡിക്ഷൻ സെന്റർ, നെഫ്റോളജി യൂണിറ്റ്, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്

എന്നിവ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഈ ആശുപത്രിയിൽ അനുവദിച്ച മെഡിക്കൽ ഐ.സി.യു. ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ വിശദമാക്കാമോ;

(സി) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള തസ്തികകൾ ഏതെല്ലാമാണ്; സ്ഥിരം, കോൺട്രാക്ട്, താൽക്കാലികം എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ;

(ഡി) ഈ തസ്തികകളിൽ ഏതെല്ലാം തസ്തികളിൽ നിലവിൽ ജീവനക്കാർ ഉണ്ട്; സ്ഥിരം ജീവനക്കാർ, വർക്കിംഗ് അറേഞ്ച്മെന്റ്, അഡീഷണൽ ചാർജ്, കോൺട്രാക്ട് വ്യവസ്ഥ, താൽക്കാലികം എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ;

(ഇ) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ഏതു തീയതി മുതലാണ് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ; ഇനം തിരിച്ച് വിശദമാക്കാമോ ?

## കൊണ്ടോട്ടി താലൂക്ക് ആശുപത്രിയിലെ തസ്തികകൾ

2192 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ സ്പെഷ്യാലിറ്റി ഡോക്ടർമാർ, മെഡിക്കൽ സൂപ്രണ്ട്, മറ്റ് സ്റ്റാഫുകൾ എന്നിവരുടെ നിയമനത്തിന് പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങളും അതിന്റെ നിലവിലുള്ള അവസ്ഥയും വിശദമാക്കുമോ;

(സി) സമീപകാലത്ത് സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തിക സൃഷ്ടിച്ചപ്പോൾ കൊണ്ടോട്ടി താലൂക്ക് ആശുപത്രി ഒഴിവാക്കപ്പെട്ടത് ജില്ലയിലെ ആരോഗ്യ വകുപ്പ് അപേക്ഷിക്കാത്തത് കൊണ്ടാണോയെന്ന് വ്യക്തമാക്കുമോ;

(ഡി) കൊണ്ടോട്ടി താലൂക്ക് ആശുപത്രിയിൽ അനുവദിച്ച പോളി ദന്തൽ ക്ലിനിക്കിൽ ഡോക്ടറെ കൂടാതെ മറ്റ് തസ്തികകൾ കൂടി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കൊണ്ടോട്ടി താലൂക്ക് ആശുപത്രിക്ക് താലൂക്ക് ആശുപത്രി നിലവാരത്തിലുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## മഞ്ചേശ്വരം താലൂക്ക് ആയുർവേദ ആശുപത്രി

2193 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ താലൂക്ക് ആയുർവേദ ആശുപത്രി തുടങ്ങുന്നത് പരിഗണനയിലുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

## ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രവർത്തനങ്ങൾ

2194 **ശ്രീ വി കെ പ്രശാന്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇത്തവണത്തെ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പിന് കീഴിൽ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായും തീർത്ഥാടകർക്ക് തത്സമയം ആവശ്യമായ അടിയന്തിര ചികിത്സ നൽകുന്നതിനുമായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം വിഭാഗത്തിലെ എത്ര ജീവനക്കാരെയാണ് മണ്ഡല മഹോത്സവകാലത്തെ പ്രവർത്തനങ്ങൾക്കായി ആരോഗ്യ വകുപ്പ് അണിനിരത്തിയതെന്ന് അറിയിക്കാമോ?

**<u>ശബരിമല തീർത്ഥാടകർക്ക് അടിയന്തര വൈദ്യസഹായം</u>**

2195 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. എം. എം. മണി**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ശബരിമല മണ്ഡല ഉത്സവത്തോടനുബന്ധിച്ച് തീർത്ഥാടകർക്ക് അടിയന്തര വൈദ്യസഹായം ഉറപ്പാക്കുന്നതിനായി ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വകുപ്പിലെ ഏതെല്ലാം വിഭാഗത്തിലെ എത്ര ജീവനക്കാരെ വീതമാണ് ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് നിയമിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മെച്ചപ്പെട്ട ആംബുലൻസ് സംവിധാനങ്ങൾ ക്രമീകരിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിരുന്നതെന്ന് അറിയിക്കാമോ;

(ഡി) കിടത്തി ചികിത്സിക്കാൻ കഴിയും വിധം വിപുലമായ സൗകര്യങ്ങൾ എവിടെയെല്ലാം ഒരുക്കിയിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) ശബരിമല തീർത്ഥാടന ക്രമീകരണങ്ങൾക്കിടെ ആരോഗ്യ വകുപ്പിലെ ഏതെങ്കിലും ജീവനക്കാർക്ക് അപകടമോ അത്യാഹിതമോ സംഭവിച്ചിട്ടുണ്ടോ; അങ്ങനെയുള്ളവർക്ക് അടിയന്തര ചികിത്സ ഒരുക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(എഫ്) തീർത്ഥാടന കാലയളവിൽ ഏറ്റവും മികച്ച രീതിയിലുള്ള ചികിത്സാ സൗകര്യങ്ങൾ ഒരുക്കാൻ സാധിച്ചുവെന്ന പൊതുജനാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ?

**<u>നവജാത ശിശുക്കളിലെ ജനിതക വൈകല്യം</u>**

2196 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവജാത ശിശുക്കളിൽ ജനിതക വൈകല്യങ്ങൾ ഉള്ളവരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഈ വിഷയത്തിൽ ശാസ്ത്രീയമായ പഠനങ്ങൾ നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>ഹൃദ്രോഗ ചികിത്സയിൽ കൈവരിച്ച നേട്ടങ്ങൾ</u>**

2197 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ ഹൃദയമാറ്റ ശസ്ത്രക്രിയകൾ അടക്കം ഹൃദ്രോഗ ചികിത്സയിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) 2021-2025 കാലയളവിൽ സർക്കാർ ആശുപത്രികളിൽ ഹൃദ്രോഗത്തിനു നൂതന ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ എത്ര സർക്കാർ ആശുപത്രികളിലാണ് കാത്ത് ലാബുകൾ പ്രവർത്തിച്ചിരുന്നതെന്നും നിലവിൽ ഏതെല്ലാം ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നതായും വ്യക്തമാക്കാമോ;

(ഡി) രോഗികളുടെ തിരക്ക് നിയന്ത്രിക്കുന്നതിന് കാത്ത് ലാബുകൾ പ്രയോജനപ്രദമാകുമോ; ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ ?

**<u>ആരോഗ്യ-കുടുംബക്ഷേമ വകുപ്പിനു കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ</u>**

2198 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കിഫ്ബി ഫണ്ട് മുഖേന ആരോഗ്യ-കുടുംബക്ഷേമ മേഖലയിൽ എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കിഫ്ബി ഫണ്ട് മുഖേന ഇനിയും എത്ര പ്രവൃത്തികൾ ആരംഭിക്കാനുണ്ടെന്ന് അറിയിക്കാമോ?

**<u>കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ</u>**

2199 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ എത്രയായിരുന്നുവെന്നും 2026-ൽ അത് എത്രയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വിശദമാക്കാമോ?

## **മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാ-താലൂക്ക്, ജനറൽ ആശുപത്രികൾ എന്നിവയുടെ എണ്ണം**

2200 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 വരെ എത്ര മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാ-താലൂക്ക്, ജനറൽ ആശുപത്രികൾ എന്നിവ പ്രവർത്തിച്ചിരുന്നുവെന്ന് അറിയിക്കാമോ;

(ബി) 2016-21, 2021-2025 കാലഘട്ടങ്ങളിലായി എത്ര പുതിയ ആശുപത്രികൾ കൂടി അപ്ഗ്രേഡ് ചെയ്യാനോ, സ്ഥാപിക്കാനോ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കാമോ; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## **സർക്കാർ ആശുപത്രികളിൽ സി.എ.ജി. ഓഡിറ്റിന്റെ കണ്ടെത്തലുകൾ**

2201 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെയുള്ള കാലഘട്ടങ്ങളിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ സി. എ. ജി. നടത്തിയ ഓഡിറ്റിന്റെ കണ്ടെത്തലുകൾ സർക്കാരിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## **ആശുപത്രികളിലെ ചികിത്സാ പിഴവുകൾ**

2202 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ ചികിത്സാ പിഴവുകൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലിനേറ്റ മുറിവിന് ചികിത്സ തേടി പമ്പയിലെ സർക്കാർ ആശുപത്രിയിലെത്തിയ തീർത്ഥാടകയുടെ കാലിനേറ്റ മുറിവിന് ചികിത്സ നൽകിയപ്പോൾ സർജിക്കൽ ബ്ലേഡ് ഉള്ളിൽവച്ച് തുന്നിക്കെട്ടിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സംഭവത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## **മരുന്ന് കമ്പനികൾക്കു കൊടുക്കാനുള്ള കുടിശിക**

2203 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങിയ ഇനത്തിൽ മരുന്ന് കമ്പനികൾക്കു നാളിതുവരെ കൊടുക്കാനുള്ള കുടിശികയുടെ വിശദാംശം നൽകാമോ;

(ബി) കാരുണ്യ ഫാർമസിക്ക് മരുന്ന് വാങ്ങിയതിൽ മരുന്ന് കമ്പനികളുടെ കുടിശ്ശികയുടെ വിശദാംശം നൽകാമോ?

## സ്വകാര്യ ആശുപത്രികളുടെ ചികിത്സാ ചെലവിലെ വർദ്ധനവ്

2204 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളുടെ ഭൂരിഭാഗം ഓഹരികളും അമേരിക്കൻ കമ്പനികളായ കെ. കെ. ആർ., ബ്ലാക്ക്സ്റ്റോൺ എന്നിവർ വിലയ്ക്കു വാങ്ങിയതായും തൻനിമിത്തം ചികിത്സാ ചെലവുകൾ കുത്തനെ ഉയർന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സ്വകാര്യ ആശുപത്രികളുടെ ചികിത്സാ ചെലവ് ക്രമാതീതമായി വർദ്ധിച്ചതിനാൽ സർക്കാർ ആശുപത്രികളിൽ പൊതുജനങ്ങൾക്ക് കൂടുതൽ ചികിത്സാ സൗകര്യങ്ങളും മെച്ചപ്പെട്ട ചികിത്സയും ഏർപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

## പതിനൊന്ന് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ

2205 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്ന് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം രോഗങ്ങൾക്ക്, ഏതൊക്കെ ആശുപത്രികളിലാണ് ഈ പദ്ധതി നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ആയതിന്റെ അർഹതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## തൃശ്ശൂർ ഗവ. മെഡിക്കൽ കോളജിലെ ചികിൽസാ സംവിധാനങ്ങൾ

2206 **ശ്രീ. മുരളി പെരുനെല്ലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഗവ. മെഡിക്കൽ കോളജിലെ ചികിൽസാ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മെഡിക്കൽ കോളജിൽ ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് ഓപ്പൺ സർജ്ജറിയടക്കമുള്ള ചികിത്സയ്ക്ക് ഡോക്ടർമാരുടെ കുറവുള്ളത് പ്രതിസന്ധിയുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാർഡിയോളജി വിഭാഗത്തിൽ രോഗികളുടെ വർദ്ധന വിനനുസരിച്ച് ഡോക്ടർമാരുടെ എണ്ണത്തിലും കാർഡിയോളജി യൂണിറ്റുകളുടെ എണ്ണത്തിലും വർദ്ധനവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിലെ രോഗികളുടെ വർദ്ധനവിനനുസരിച്ച് ഡോക്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## സംസ്ഥാനത്ത് സമഗ്ര റഫറൽ പ്രോട്ടോക്കോൾ പുറപ്പെടുവിക്കാൻ നടപടി

2207 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ തിരക്ക് അനിയന്ത്രിതമായി വർദ്ധിച്ചു വരുന്ന കാര്യം പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) മെഡിക്കൽ കോളേജുകളുടെ ജോലി ഭാരം കുറയ്ക്കുവാനും രോഗികൾക്ക് അവരുടെ തൊട്ടടുത്തുള്ള ആശുപത്രികളിൽ തന്നെ മികച്ച ചികിത്സ ഉറപ്പാക്കുന്നതിനുമുള്ള സമഗ്ര റഫറൽ പ്രോട്ടോക്കോൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) റഫറൽ, ബാക്ക് റഫറൽ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതോടെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള പ്രധാന ആശുപത്രികളിലെ രോഗികളുടെ ബാഹുല്യം കുറയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(ഡി) ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;?

## <u>മെഡിക്കൽ കോളേജ് ആശുപത്രികളിലെ പുതിയ ചികിത്സാ സംവിധാനങ്ങൾ</u>

2208 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ എന്തെല്ലാം പുതിയ ചികിത്സാ സംവിധാനങ്ങൾ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്; അവ ഓരോന്നും ഏതെല്ലാമാണെന്ന് പ്രത്യേകം അറിയിക്കാമോ?

## <u>മെഡിക്കൽ കോളേജുകളിലെ ചികിത്സാ പ്രതിസന്ധി</u>

2209 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിനു മരുന്നുകളോ ചികിത്സാ ഉപകരണങ്ങളോ ലഭ്യമല്ലാത്തതിനാൽ ചികിത്സ നൽകുന്നതിൽ ഗുരുതര പ്രതിസന്ധി സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉപകരണങ്ങളുടെ ക്ഷാമം കാരണം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സാ പ്രതിസന്ധി ഉണ്ടായിട്ടുണ്ടെന്ന യൂറോളജി വിഭാഗം മേധാവിയുടെ വെളിപ്പെടുത്തലിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ചികിത്സ മുടങ്ങാതിരിക്കാൻ രോഗികളുടെ ബന്ധുക്കൾക്ക് സ്വന്തം ചെലവിൽ ചികിത്സാ ഉപകരണങ്ങൾ വാങ്ങിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) മെഡിക്കൽ കോളേജുകളിലെ ചികിത്സ തടസ്സപ്പെടാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**<u>കാസർഗോഡ് ഗവ. മെഡിക്കൽ കോളേജിലെ സേവനങ്ങൾ</u>**

2210 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവ. മെഡിക്കൽ കോളേജിൽ നിലവിൽ എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് ഉള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജ് പൂർണ തോതിൽ സജ്ജമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

**<u>കാനം രാജേന്ദ്രന്റെ സ്മാരകത്തിന് സ്ഥലം അനുവദിക്കുന്നതിന് നടപടി</u>**

2211 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാനം രാജേന്ദ്രന്റെ സ്മാരകത്തിനായി ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം മെഡിക്കൽ കോളജിനു സമീപമുള്ള സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷ ആരോഗ്യ വകുപ്പിന്റെ പരിഗണനയിലാണോ; എങ്കിൽ പ്രസ്തുത ആവശ്യത്തിന് എൻ.ഒ.സി. നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) മേൽപ്പറഞ്ഞ വിഷയം സംബന്ധിച്ച ഫയൽ എന്നാണ് ആരോഗ്യവകുപ്പിനു ലഭിച്ചതെന്നും എന്തെല്ലാം കാര്യങ്ങളാണ് ഇതുവരെ പരിശോധിച്ചിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷയിൽ എത്ര ഭൂമിയാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സ്ഥലങ്ങൾ ഏതെങ്കിലും സ്മാരകങ്ങൾക്കോ സംഘടനകൾക്കോ വിട്ടുനൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ ശമ്പള പരിഷ്കരണം</u>**

2212 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജ് അധ്യാപകർ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് നടത്തിവരുന്ന സമരം മൂലം രോഗികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിൽ പി.എസ്.സി. വഴി നിയമനം ലഭിക്കുന്ന പുതിയ ഡോക്ടർമാർ ജോലിക്ക് ചേരാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിലായി എത്ര അധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ഡി) സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ ശമ്പളപരിഷ്കരണം അവസാനമായി നടപ്പിലാക്കിയത് എന്നുമുതലാണ്; അതിന്റെ പ്രാബല്യ തീയതി

വ്യക്തമാക്കുമോ; ശമ്പളപരിഷ്കരണത്തിന്റെ കുടിശിക എത്ര മാസത്തെ വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്നറിയിക്കുമോ?

**ആശുപത്രികളിൽ ഡോക്ടർമാർക്കും സ്റ്റാഫംഗങ്ങൾക്കും നേരെയുളള അതിക്രമങ്ങൾ**

2213 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശുപത്രികളിൽ ഡോക്ടർമാർക്കും സ്റ്റാഫംഗങ്ങൾക്കും നേരെ അതിക്രമങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സർക്കാർ ആശുപത്രികളിലെ ഡ്യൂട്ടിയിലുള്ള ഡോക്ടർമാർക്കും ജീവനക്കാർക്കും നേരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വിശദമാക്കാമോ?

**സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം**

2214 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ ഏത് വർഷമാണ് പ്രാബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കാമോ; സ്റ്റാഫ് പാറ്റേൺ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) മെഡിക്കൽ കോളേജുകളിലെയും ജില്ലാ ആശുപത്രികളിലെയും അമിതമായ തിരക്ക് നിയന്ത്രിക്കുന്നതിനായി, താലൂക്ക് ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം സ്ഥിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുള്ള ആധുനിക മെഡിക്കൽ ഉപകരണങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ആവശ്യമായ സാങ്കേതിക വൈദഗ്ധ്യമുള്ള ഉദ്യോഗാർത്ഥികളെ സ്ഥിരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ; ആയതിലേയ്ക്കായി സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർ തസ്തിക**

2215 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്ര ഡോക്ടർ തസ്തികകളാണ് നിലവിലുള്ളത്;

(ബി) ഇപ്പോൾ ഇതിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(സി) ഏതെങ്കിലും അവധി അപേക്ഷകൾ വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ഡി) ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**പാറശ്ശാല മണ്ഡലത്തിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലെ നിയമനം**

2216 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-

ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ കുടുംബാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി എന്നിവിടങ്ങളിൽ ഓരോന്നിലും അനുവദിച്ചിട്ടുള്ള തസ്തികകൾ എത്രയെന്നും നിലവിൽ പ്രവൃത്തി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും ഓരോ വിഭാഗത്തിലും ഒഴിവുള്ള തസ്തികകളും ആശുപത്രി തിരിച്ച് വ്യക്തമാക്കാമോ;

(ബി) പാറശ്ശാല മണ്ഡലത്തിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ എത്ര ഹെൽത്ത് & വെൽനെസ്സ് സെന്ററുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും ഓരോ കേന്ദ്രത്തിലും എത്ര ജീവനക്കാർ വീതം ജോലി ചെയ്യുന്നുണ്ടെന്നും അറിയിക്കാമോ;

(സി) പാറശ്ശാല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള 27 നഴ്സിംഗ് അസിസ്റ്റന്റ് തസ്തികകളിൽ 10 എണ്ണം ഒഴിഞ്ഞുകിടക്കുന്നത് ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) വിവിധ ആരോഗ്യകേന്ദ്രങ്ങളിലെ ജീവനക്കാരുടെ കുറവ് കാരണം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും സേവനം സുഗമമാക്കുന്നതിനും അടിയന്തരമായി പുതിയ നിയമനങ്ങൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## <u>ഡയാലിസിസ് ടെക്നീഷ്യൻ തസ്തികയിലെ സ്ഥിര നിയമനം</u>

2217 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡി.എച്ച്.എസ്.-ന് കീഴിലുള്ള സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഡയാലിസിസ് യൂണിറ്റുകളിൽ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ടെക്നീഷ്യൻമാരുടെ സ്ഥിരം തസ്തികകൾ എത്രത്തോളം ആവശ്യമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ആരോഗ്യവകുപ്പിന്റെ കീഴിൽ വിവിധ പാരാമെഡിക്കൽ തസ്തികകളിൽ പുതിയ തസ്തിക സൃഷ്ടിച്ച് പി.എസ്.സി. വഴി നിയമനങ്ങൾ നടത്തുന്നതുപോലെ ഡയാലിസിസ് ടെക്നീഷ്യൻ തസ്തികയിൽ സ്ഥിരം നിയമന നടപടികൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഹരിപ്പാട് താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിൽ നിലവിൽ സ്ഥിരം നിയമനം ലഭിച്ച എത്ര ടെക്നീഷ്യൻമാരുണ്ടെന്നും അവിടുത്തെ യൂണിറ്റിന്റെ സുഗമമായ പ്രവർത്തനത്തിന് എത്ര പേരെ കൂടി നിയോഗിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) ഡയാലിസിസ് യൂണിറ്റുകളിൽ വിദഗ്ധരായ നെഫ്രോളജിസ്റ്റുകളുടെയും ടെക്നീഷ്യൻമാരുടെയും സേവനം 24 മണിക്കൂറും ലഭ്യമാക്കുന്നതിനും എല്ലാ യൂണിറ്റുകളിലും നിശ്ചിത കാലയളവിനുള്ളിൽ സ്ഥിരം നിയമനങ്ങൾ

പൂർത്തീകരിക്കുന്നതിനുമായി ഒരു പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## <u>ആരോഗ്യ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളും ഡോക്ടർമാരുടെ എണ്ണവും</u>

2218 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിലുള്ള അലോപ്പതി ആരോഗ്യ കേന്ദ്രങ്ങളുടെയും ആശുപത്രികളുടെയും എണ്ണം എത്രയാണെന്ന് ജില്ല , സ്ഥാപനം തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാരുടെ എണ്ണം എത്രയാണെന്ന് ജില്ല, സ്ഥാപനം, തസ്തിക തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ;

(സി) ആരോഗ്യ വകുപ്പിന് കീഴിലുള്ള ആയുഷ് ആരോഗ്യ കേന്ദ്രങ്ങളുടെയും ആശുപത്രികളുടെയും എണ്ണം എത്രയാണെന്ന് ജില്ല , സ്ഥാപനം തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത മേഖലയിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാരുടെ എണ്ണം എത്രയാണെന്ന് ജില്ല, സ്ഥാപനം, തസ്തിക തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ?

## <u>നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജന്റെ അഭാവം</u>

2219 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജൻ ഇല്ലാത്തതിനാൽ പല മൃതദേഹങ്ങളും പോസ്റ്റ്മോർട്ടം ചെയ്യുന്നതിനായി മഞ്ചേരി മെഡിക്കൽ കോളേജിലേക്ക് അയയ്ക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലമ്പൂർ ജില്ലാ ആശുപത്രിയിലേക്ക് ഫോറൻസിക് സർജനെ അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>കാസർഗോഡ് ജില്ലയിലെ ഒഴിവുകൾ</u>

2220 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് ഏതൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പി. എസ്. സി. റാങ്ക് പട്ടിക നിലവിലില്ലാത്ത തസ്തികകളിലെ ഒഴിവുകൾ താൽക്കാലികമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>മണമ്പൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഡോക്ടർ തസ്തിക</u>

2221 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണമ്പൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്ര ഡോക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളതെന്നും ഇതിൽ എത്ര തസ്തികകളാണ് ഒഴിവ് നികത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവ് നികത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ സ്ട്രോക്ക് യൂണിറ്റിന് ആവശ്യമായ ജീവനക്കാർ

2222 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ സ്ട്രോക്ക് യൂണിറ്റ് ആരംഭിക്കുന്നതിന്റെ മുന്നോടിയായി ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സ്ട്രോക്ക് യൂണിറ്റ് ആരംഭിക്കുന്നതിന്റെ ഭാഗമായി ഡോക്ടർമാരുടെയും ജീവനക്കാരുടെയും നിയമന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ അപ്ഗ്രേഡ് ചെയ്ത ആരോഗ്യ കേന്ദ്രങ്ങൾ

2223 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങൾ അപ്ഗ്രേഡ് ചെയ്തപ്പോൾ ഓരോ ആരോഗ്യ കേന്ദ്രത്തിലും ലഭ്യമാക്കിയ അധിക സേവനങ്ങൾ എന്തെല്ലാമെന്ന് ആരോഗ്യ കേന്ദ്രങ്ങൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങൾ അപ്ഗ്രേഡ് ചെയ്യുന്നതിനും പുതിയ സേവനങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ഓരോ ആരോഗ്യകേന്ദ്രത്തിലും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിലായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഓരോ ആരോഗ്യ കേന്ദ്രത്തിലും അനുവദിച്ച തുക എത്രയെന്നും എന്തെല്ലാം പദ്ധതികൾക്കായിട്ടാണ് തുക അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

## സർക്കാർ ആശുപത്രികളിൽ നൂതന ചികിത്സാരീതികൾ

2224 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സർക്കാർ ആശുപത്രികളിൽ ഏതെല്ലാം നൂതന ശസ്ത്രക്രിയകളും, ചികിത്സാരീതികളും അവലംബിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) അവ ഓരോന്നിന്റെയും പ്രത്യേകത വ്യക്തമാക്കാമോ?

## സർക്കാർ ആശുപത്രികളിലെ ഡയാലിസിസ് യൂണിറ്റുകൾ

2225 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വർഷംതോറും നിശ്ചയിച്ചിരുന്ന ഡയാലിസിസ് ചികിത്സകളുടെ എണ്ണവും ആയതിൽ നടത്തപ്പെട്ടവയുടെ എണ്ണവും വിവിധ കാരണങ്ങളാൽ മുടങ്ങിയവയുടെ എണ്ണവും അറിയിക്കാമോ;

(ബി) ഡയാലിസിസ് മുടങ്ങുന്നതിനുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്ന് യന്ത്രങ്ങളുടെ കുറവ്, യന്ത്രങ്ങളുടെ തകരാർ, ജീവനക്കാരുടെ അഭാവം, ഫണ്ടിന്റെ അപര്യാപ്തത തുടങ്ങിയവയുടെ കണക്കുകൾ സഹിതം വിശദീകരിക്കാമോ;

(സി) സർക്കാർ ആശുപത്രികളിലെ ഡയാലിസിസ് യൂണിറ്റുകളിൽ നിലവിൽ ആവശ്യമായ യന്ത്രങ്ങളുടെ എണ്ണം, ലഭ്യമായവയുടെ എണ്ണം, യന്ത്രങ്ങൾ കുറവാണെങ്കിൽ പ്രസ്തുത കുറവ് നികത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കാമോ;

(ഡി) ഡയാലിസിസ് നടത്തിപ്പിന് ആവശ്യമായ ഡോക്ടർമാർ, ടെക്‌നീഷ്യൻമാർ, നഴ്‌സുമാർ എന്നിവരുടെ അംഗീകൃത തസ്തികകളും നിലവിലെ ഒഴിവുകളും എത്രയാണെന്ന് ജില്ലാതല വിവരങ്ങളോടെ വ്യക്തമാക്കാമോ;

(ഇ) ഭാവിയിൽ ഡയാലിസിസ് ചികിത്സ ഒരു രോഗിക്കും മുടങ്ങാതിരിക്കുമെന്ന് ഉറപ്പാക്കുന്നതിനായി തയ്യാറാക്കിയ ഹ്രസ്വകാലവും ദീർഘകാലവുമായ കർമ്മപദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## ക്യാൻസർ സ്ട്രാറ്റജി ആക്ഷൻ പ്ലാൻ

2226 **ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകേരളം നേരിടുന്ന പ്രധാന വെല്ലുവിളിയായ അർബുദരോഗബാധയെ ചെറുക്കുന്നതിനായി കാലോചിതമായ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കുടുംബങ്ങളെ വൈകാരികമായും സാമ്പത്തികമായും തകർക്കുന്ന അർബുദരോഗബാധയെ സംബന്ധിച്ച സംസ്ഥാനത്തെ കണക്കുകൾ ഏറെ ജാഗ്രത ആവശ്യപ്പെടുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) അർബുദരോഗബാധ ഏറ്റവും കൂടുതലുള്ള സംസ്ഥാനങ്ങളിലൊന്നായ കേരളത്തിൽ രോഗപ്രതിരോധത്തിനായി ആരോഗ്യവകുപ്പ് രൂപംനൽകിയ ജനകീയ ക്യാമ്പയിൻ ഫലപ്രദമായ മാറ്റത്തിന് വഴിതെളിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) അർബുദരോഗ ബാഹുല്യത്തെ തടയുന്നതിനായി ക്യാൻസർ സ്ട്രാറ്റജി ആക്ഷൻ പ്ലാൻ രൂപീകരിച്ച് നടപ്പിലാക്കി വരുന്നുണ്ടോ; വിശദമാക്കാമോ?

## വെറ്റിലപ്പാറ കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം

2227 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രൈബൽ മേഖലയിലെ ആശുപത്രികളുടെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ചാലക്കുടി നിയോജകമണ്ഡലത്തിലെ വെറ്റിലപ്പാറ കുടുംബാരോഗ്യകേന്ദ്രത്തിന്റെ പുതിയ കെട്ടിടത്തിന് ഭരണാനുമതി നൽകിയത് എന്നാണെന്നും പ്രസ്തുത പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ;

(ബി) മേൽപ്പറഞ്ഞ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

## <u>മട്ടന്നൂർ മണ്ഡലത്തിൽ ആരോഗ്യവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ</u>

2228 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മട്ടന്നൂർ മണ്ഡലത്തിൽ ആരോഗ്യവകുപ്പ് മുഖേന അടിസ്ഥാന സൗകര്യ വികസനത്തിന് ലഭിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>വാരപ്പെട്ടി പഞ്ചായത്തിലെ ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണ പുരോഗതി</u>

2229 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി പഞ്ചായത്തിലെ ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണപുരോഗതി വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് പ്രസ്തുത ഐസൊലേഷൻ സെന്ററിൽ ഒരുക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിച്ച് ആയതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>കോട്ടക്കൽ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം</u>

2230 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ഓരോ മണ്ഡലത്തിലും ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായുള്ള ഐസൊലേഷൻ വാർഡുകളുടെ നിർമാണ പ്രവൃത്തി കോട്ടക്കൽ മണ്ഡലത്തിൽ നാളിതുവരെ ആരംഭിച്ചിട്ടില്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം ആരംഭിക്കാൻ കാലതാമസം വരുന്നതിന്റെ കാരണം എന്തെല്ലാമാണെന്ന് വിശദമാക്കാമോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനായി കോട്ടക്കൽ മണ്ഡലത്തിൽ നിന്ന് നിലവിൽ ഏത് ആശുപത്രിയെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്നും പ്രസ്തുത

ഐസൊലേഷൻ വാർഡ് നിർമ്മാണ പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കുമോ?

**<u>അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>**

2231 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ 2021-26 കാലഘട്ടത്തിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയായവ, പുരോഗമിക്കുന്നവ, ആരംഭിക്കാത്തവ എന്നിങ്ങനെ തരംതിരിച്ച് തുക ഉൾപ്പെടെ രേഖപ്പെടുത്തി വിശദമായ വിവരം ലഭ്യമാക്കാമോ?

**<u>കോട്ടയം മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ</u>**

2232 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കോട്ടയം മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖേനെ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിയ്ക്കായി അനുവദിച്ച തുകയും അവയിൽ പൂർത്തിയായവ, പൂർത്തിയാകാനുള്ളവ ഏതൊക്കെയെന്നും, പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ പുരോഗതിയും അറിയിക്കാമോ?

**<u>സംസ്ഥാനത്ത് സൗജന്യ ചികിത്സ ലഭിച്ചവർ</u>**

2233 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ 2026 വരെ സൗജന്യ ചികിത്സ നൽകിയതിൽ കിടത്തി ചികിത്സ നൽകിയത് എത്ര പേർക്കാണ്; വ്യക്തമാക്കാമോ?

**<u>പൊതുജനാരോഗ്യ മേഖലയെ ശക്തിപ്പെടുത്താൻ നടപടി</u>**

2234 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഡോക്ടർമാരുടെ അഭാവം, വിദഗ്ധരുടെ കുറവ്, ഗവൺമെന്റ് ആശുപത്രികളിൽ മരുന്ന്/ഉപകരണ വിതരണം തടസ്സപ്പെടുന്നുവെന്ന റിപ്പോർട്ടുകൾ, ചികിത്സാപിഴവുകൾ, ആശുപത്രി കെട്ടിടങ്ങൾ തകർന്ന് വീഴുക എന്നിവ പൊതുജനാരോഗ്യമേഖലയിലുള്ള ജനവിശ്വാസം ദുർബലമാക്കിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ രോഗികൾക്ക് പൊതുജനാരോഗ്യമേഖലയെ കുറിച്ചുണ്ടായിട്ടുള്ള അവമതിപ്പ് ഇല്ലാതാക്കുന്നതിനും ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ ഓരോ മെഡിക്കൽ കോളേജുകളിലും എത്ര ഡോക്ടർമാരുടെ ഒഴിവുകൾ നിലനിൽക്കുന്നുണ്ട്; പ്രസ്തുത ഒഴിവുകൾ ഏതെല്ലാം വകുപ്പുകളിലാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ചികിത്സാപ്പിഴവുകൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുള്ള എത്ര കേസുകൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ചികിത്സാപ്പിഴവ് മൂലം മരണങ്ങൾ ഉണ്ടായിട്ടുള്ളതായി ആരോപിച്ച് ലഭിച്ചിട്ടുള്ള പരാതികൾ, ചികിത്സാപ്പിഴവ് കണ്ടെത്തിയിട്ടുള്ള കേസുകൾ എന്നിവ എത്രയുണ്ട്; ഈ വിഷയത്തിൽ ഡോക്ടർമാർ, ആരോഗ്യ വകുപ്പ് ജീവനക്കാർ എന്നിവർക്ക് എതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്കെതിരെ ഏതെല്ലാം കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

## ആയുർവേദ സർവ്വകലാശാല സ്ഥാപിക്കൽ

2235 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ പഠനത്തിന്റെ നിലവാരം ഉയർത്താനും ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കാനും ആയുർവേദത്തെ ആധുനിക ശാസ്ത്രവുമായി ബന്ധിപ്പിച്ച് അടിസ്ഥാന ഗവേഷണങ്ങൾ നടത്തുന്നതിനും മികച്ച പ്രൊഫഷണലുകളെ വാർത്തെടുക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്തും സംസ്ഥാനത്ത് ഒരു ആയുർവ്വേദ സർവ്വകലാശാല സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) കോട്ടക്കൽ കേന്ദ്രീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ആയുർവേദ സർവകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസൽ നിലവിൽ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(സി) കോട്ടക്കൽ ആസ്ഥാനമായി ആയുർവേദ സർവകലാശാല സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

## അവയവദാനവുമായി ബന്ധപ്പെട്ട നിയമ വിഷയങ്ങൾ

2236 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവദാനം എന്താണെന്ന് വിശദമാക്കാമോ; ജീവിച്ചിരിക്കുമ്പോഴുള്ളതും മരണാനന്തരമുള്ളതുമായ അവയവദാനങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ വിശദീകരിക്കാമോ;

(ബി) അവയവദാനം സമൂഹത്തിന് നൽകുന്ന ആരോഗ്യപരവും മാനവികവുമായ പ്രാധാന്യം എന്തൊക്കെയാണ്;

(സി) അവയവദാനവുമായി ബന്ധപ്പെട്ട നിയമപരമായ വ്യവസ്ഥകളും നൈതിക വിഷയങ്ങളും വിശദീകരിക്കാമോ;

(ഡി) അവയവദാനത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകളും സാമൂഹിക തടസ്സങ്ങളും എന്തൊക്കെയാണ്; അവ മറികടക്കാൻ സ്വീകരിക്കാവുന്ന മാർഗങ്ങൾ വിശദീകരിക്കാമോ;

(ഇ) അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാധ്യമങ്ങൾ എന്നിവക്ക് എന്തെല്ലാം പങ്ക് വഹിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(എഫ്) അവയവം സ്വീകരിച്ചവർക്കും അവയവങ്ങൾ സംഭാവന ചെയ്തവർക്കും തുടർ ചികിൽസയ്ക്ക് സർക്കാർ ധനസഹായം നൽകാറുണ്ടോ; വിശദീകരിക്കാമോ?

**മെഡിക്കൽ ബോർഡ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ**

2237 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ ബോർഡ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഒരു കണ്ണിന്റെ കാഴ്ച പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് എത്ര ശതമാനം വൈകല്യം ഉള്ളതായാണ് സർട്ടിഫൈ ചെയ്തു നൽകുക; വിശദാംശം നൽകാമോ;

(സി) മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിനായി ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ കുമാരി അക്ഷയദേവി ,ഒല്ലശ്ശേരിൽ, ബുധനൂർ പി.ഒ, ചെങ്ങന്നൂർ, ആലപ്പുഴ നല്കിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നല്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**ഐസൊലേഷൻ വാർഡ് കെട്ടിടം**

2238 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി പോലുള്ള സാഹചര്യങ്ങളെ നേരിടുന്നതിന് വേണ്ടി നിർമ്മിച്ച പുതുക്കാട് താലൂക്ക് ആശുപത്രിയിലെ ഐസൊലേഷൻ വാർഡ് കെട്ടിടം പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരക്കുമോ;

(ബി) ആധുനിക സൗകര്യങ്ങളോടു കൂടിയ പ്രസ്തുത വാർഡുകൾ ഐസൊലേഷൻ സാഹചര്യങ്ങളിൽ മാത്രം പ്രയോജനപ്പെടുത്തുന്നതിനപ്പുറം മറ്റു സേവന സൗകര്യങ്ങൾക്കും കൂടി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് നടപടി സ്വീകരക്കുമോ;

(സി) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ നിർമ്മിച്ചിട്ടുള്ള ഐസൊലേഷൻ വാർഡ് കെട്ടിടം മുഴുവൻ സമയവും പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**മട്ടന്നൂർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി**

2239 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണ പുരോഗതിയും ആയതിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ഹെൽത്ത് ഗ്രാന്റ് ഫണ്ട്

2240 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വള്ളിക്കുന്ന് മണ്ഡലത്തിലെ ഏതെല്ലാം സ്ഥാപനങ്ങൾക്ക് 2021 മുതൽ ഹെൽത്ത് ഗ്രാൻറ് ഫണ്ട് അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; ഈ ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവർത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സ്ഥാപനങ്ങൾ നിലവിൽ ഹെൽത്ത് ഗ്രാന്റ് ഫണ്ടിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; നിലവിൽ അത്തരം പ്രൊപ്പോസലുകളിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ അങ്കണവാടികൾക്കുവേണ്ടി പദ്ധതികൾ

2241 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആലപ്പുഴ നിയോജക മണ്ഡലത്തിലെ വിവിധ അങ്കണവാടികൾക്കുവേണ്ടി നാളിതുവരെ അനുവദിച്ച വിവിധ പദ്ധതികൾ, അവയുടെ നിലവിലെ അവസ്ഥ, ഫണ്ട് വിവരം എന്നിവ സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

## കോട്ടൂർ ഗ്രാമപഞ്ചായത്തിൽ പ്രകൃതി ചികിത്സാ കേന്ദ്രം

2242 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ചികിത്സ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ബാലുശ്ശേരി കോട്ടൂർ ഗ്രാമപഞ്ചായത്തിൽ പ്രകൃതി ചികിത്സ കേന്ദ്രം ആരംഭിക്കുന്നതിനായി കോട്ടൂർ ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ചെറുവട്ടൂർ ആയുർവേദ ആശുപത്രി

2243 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ചെറുവട്ടൂർ ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിന് ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇവിടെ നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട നടപടികൾ വേഗത്തിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ആയുർവേദ ഡോക്ടർമാരുടെ ശമ്പള പരിഷ്കരണം

2244 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുഷ് വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന ഗവണ്മെന്റ് ഡോക്ടർമാരുടെ കരിയർ അഡ്വാൻസ്മെൻ്റ് സ്കീം നിലവിൽ എന്തെല്ലാം മാനദണ്ഡപ്രകാരമാണ് നടപ്പിലാക്കിവരുന്നത് എന്ന് അറിയിക്കാമോ;

(ബി) എഞ്ചിനീയർമാരുടെ പതിനഞ്ച് വർഷ ഗ്രേഡുമായി താരതമ്യം ചെയ്യുമ്പോൾ പ്രസ്തുത കരിയർ അഡ്വാൻസ്മെൻ്റ് സ്കീമിൽ വലിയ അന്തരം വരുന്നതായി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) 2017-ൽ പ്രസ്തുത കരിയർ അഡ്വാൻസ്മെന്റ് സ്കീമിലെ അനോമലി പരിഹരിക്കാൻ ആദ്യഘട്ടത്തിൽ നടപടി സ്വീകരിച്ചുവെങ്കിലും തുടർന്ന് പ്രസ്തുത നടപടിയിൽ നിന്ന് പിന്മാറുവാൻ ഉണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ ഒരു പുന:പരിശോധന നടത്തി ആയുർവേദ ഡോക്ടർമാരുടെ കരിയർ അഡ്വാൻസ്മെന്റ് സ്കീമിൽ മാറ്റം വരുത്തി എൻജിനീയമാരുടെ കരിയർ അഡ്വാൻസ്മെന്റ് സ്കീമിന് തുല്യമായ രീതിയിൽ പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഇ) ഇക്കാര്യത്തിൽ വകുപ്പ് തലത്തിൽ ധനകാര്യവകുപ്പിന് ശിപാർശ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) ഈ വിഷയത്തിൽ ആയുർവേദ ഡോക്ടർമാരുടെ സംഘടന പരാതികൾ നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത പരാതിയിൽ വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ?

## കേരളത്തെ ആയുർവേദ ചികിത്സയുടെ കേന്ദ്രമാക്കാൻ നടപടി

2245 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞു കേരളത്തെ ആയുർവേദ ചികിത്സയുടെ കേന്ദ്രമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ആയുർവേദത്തിന്റെ മറവിൽ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ ഉണ്ടാകാതെ ആയുർവേദ ചികിത്സയുടെ പ്രാധാന്യം ലോകത്തിനെ ബോധ്യപ്പെടുത്താൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന വ്യക്തമാക്കാമോ;

(സി) ആയുർവേദ ഔഷധങ്ങൾ ഗുണമേന്മയോടെ ഉല്പാദിപ്പിക്കുന്ന ഔഷധിയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് സ്മാരക ആയുഷ് ആശുപത്രി കെട്ടിട നിർമ്മാണം

2246 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ പത്മഭൂഷൺ വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് സ്മാരക ആയുഷ് ആശുപത്രി കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിലെ തസ്തികകളുടെ വിശദവിവരം തരം തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനത്തിനായി സംസ്ഥാന സർക്കാർ പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളാണെന്നും ഇല്ലെങ്കിൽ ഇതിനായുള്ള നടപടികളുടെ പുരോഗതിയും വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

## <u>ഗുരുവായൂർ ആയുർവേദാശുപത്രി കെട്ടിട നിർമ്മാണം</u>

2247 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ആയുർവേദാശുപത്രി കെട്ടിട നിർമ്മാണത്തിന് ആരോഗ്യ വകുപ്പിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ഗുണനിലവാരമില്ലാത്ത മരുന്നുകൾ</u>

2248 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിലക്കിഴിവ് നൽകി വിറ്റഴിക്കപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നിലവിലുള്ള സർക്കാർ സംവിധാനങ്ങൾ വഴി പരിശോധനകൾ നടത്തുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് മായം കലർത്തിയും വേണ്ടത്ര ഗുണനിലവാരം ഇല്ലാതെയും മാനദണ്ഡങ്ങൾ ലംഘിച്ചും സംസ്ഥാനത്ത് എത്തിച്ച് വൻ വിലക്കുറവിൽ വിറ്റഴിക്കപ്പെടുന്ന മരുന്നുകൾ പൊതുജനാരോഗ്യത്തിന് ഗുരുതരമായ ഭീഷണിയുയർത്തുന്നുവെന്ന് കണ്ട് ഇത്തരം വ്യാപാരം കർശനമായി പരിശോധിക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ ഉദ്യോഗസ്ഥ തസ്തികകൾ നിലവിലുണ്ടോ; തസ്തികകളുടെ കുറവ് പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിൽ, മതിയായ

നിയമനങ്ങൾ നടത്തി വ്യാജമരുന്ന് വിതരണം തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

**ക്ലിനിക്കൽ ഫാർമസിസ്റ്റ് തസ്തിക**

2249 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ക്ലിനിക്കൽ ഫാർമസിസ്റ്റ് എന്ന തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ തസ്തികകൾ സൃഷ്ടിക്കേണ്ട സാഹചര്യമുണ്ടോ; വിശദമാക്കുമോ;

(ബി) ക്ലിനിക്കൽ ഫാർമസിസ്റ്റ് തസ്തികകൾ നിർബന്ധമാക്കണമെന്ന് ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യ ആവശ്യപ്പെട്ടിട്ടുണ്ടോ; ഇതിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) പ്രസ്തുത തസ്തികയ്ക്ക് നിലവിൽ വേണ്ട യോഗ്യതകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ആറുവർഷം ദൈർഘ്യമുള്ള ഫാം. ഡി. കോഴ്സുകൾ നടപ്പിലാക്കിയിട്ടും ഈ കോഴ്സ് പൂർത്തിയാക്കിയവർക്ക് രണ്ടുവർഷത്തെ ഡി. ഫാം. കോഴ്സ് പഠിച്ചവർക്കുള്ള അതേ തൊഴിൽ സാധ്യത മാത്രമേ ഉള്ളൂവെന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മറ്റ് സംസ്ഥാനങ്ങളിൽ നിലവിലുള്ളതു പോലെ ക്ലിനിക്കൽ ഫാർമസിസ്റ്റ് തസ്തികകൾ ഇവിടെയും സൃഷ്ടിച്ച് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുമോയെന്ന് വ്യക്തമാക്കാമോ?

**ചൈൽഡ് വെൽഫെയർ കമ്മിറ്റി,.ജുവനൈൽ ജസ്റ്റിസ് ബോർഡ് നിയമനങ്ങൾക്കുള്ള യോഗ്യത**

2250 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവയിലെ നിയമനങ്ങൾക്ക് വേണ്ട യോഗ്യതകൾ എന്തെല്ലാമാണ്; പ്രവൃത്തി പരിചയം ആവശ്യമുണ്ടോ;

(ബി) കമ്മിറ്റിയിലും ബോർഡിലും ഏറ്റവും പുതിയ അംഗങ്ങൾ ചാർജ് എടുത്തത് എന്നാണ്; ഈ അംഗങ്ങൾക്കെല്ലാം നിയമനത്തിന് വേണ്ട യോഗ്യതയുണ്ടോ; പ്രവൃത്തി പരിചയമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതെങ്കിലും കേസുകളിൽ പ്രതി പട്ടികയിൽ ചേർക്കപ്പെട്ടവർ നിലവിലെ കമ്മിറ്റിയിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർ; അറിയിക്കുമോ;

(ഡി) മതിയായ യോഗ്യത ഇല്ലാത്തവരെ കമ്മിറ്റികളിൽ നിയമിച്ചതിനെതിരെ ഉദ്യോഗാർത്ഥികളിൽ ആരെങ്കിലും കേസ് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

**ആലത്തൂർ മണ്ഡലത്തിലെ വനിത ശിശുവികസന വകുപ്പ് പദ്ധതികൾ**

2251 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതു വരെ വനിത ശിശുവികസന വകുപ്പ് മുഖേന ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും അനുവദിച്ച തുകയും വ്യക്തമാക്കാമോ?

**അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പരിശീലനം**

2252 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി നിയമനം ലഭിച്ച അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമായി നൽകിവരുന്ന പരിശീലന പരിപാടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ ഏത് വർഷം വരെ നിയമനം ലഭിച്ച വർക്കർമാരും ഹെൽപ്പർമാരുമാണ് ഇതുവരെ അവരുടെ പരിശീലനം പൂർത്തിയാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ഇതുവരെ പരിശീലനം ലഭിക്കാത്ത വർക്കർമാർക്കും ഹെൽപ്പർമാർക്കും സമയബന്ധിതമായി പരിശീലനം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

**കല്ല്യാശ്ശേരി മണ്ഡലത്തിലെ അങ്കണവാടികൾ**

2253 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളാക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വർഷം, അനുവദിച്ച തുക എന്നിവ തിരിച്ച് വിശദമാക്കാമോ;

(ബി) ഇനി ഏതെങ്കിലും അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളാക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ; വിശദമാക്കാമോ?

**അരുവിക്കര മണ്ഡലത്തിൽ വനിതാ ശിശു വികസന വകുപ്പിന് കീഴിൽ പദ്ധതികൾ**

2254 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റത് മുതൽ അരുവിക്കര നിയോജക മണ്ഡലത്തിൽ വനിതാ ശിശുവികസന വകുപ്പിന് കീഴിൽ അനുവദിച്ച വികസന പദ്ധതികൾ, നവീകരണ പ്രവർത്തനങ്ങൾ, പുതിയ നിർമ്മാണങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഓരോ സ്ഥാപനത്തിനും അനുവദിച്ച ഫണ്ട്, നിലവിലെ നിർമ്മാണ പുരോഗതി എന്നിവ സ്ഥാപനാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

**കോന്നി മണ്ഡലത്തിൽ വനിതാ-ശിശു വികസന വകുപ്പ് അനുവദിച്ച പദ്ധതികൾ**

2255 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്തും മുൻ സർക്കാരിന്റെ കാലത്തും വനിതാ-ശിശുവികസന വകുപ്പിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും അവയുടെ പുരോഗതിയും സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയും പൂർത്തീകരിക്കാൻ ഉള്ളവയുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബി പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ വിശദ വിവരങ്ങളും പുരോഗതിയും വിശദമാക്കാമോ?

**<u>അങ്കണവാടി സേവനങ്ങൾ ഡിജിറ്റലൈസ് ചെയ്യാൻ നടപടി</u>**

2256 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി സേവനങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിൽ ഇതുവരെ കൈവരിച്ച പുരോഗതി എന്താണെന്ന് വിശദമാക്കാമോ;

(ബി) കുട്ടികളുടെ ആരോഗ്യ-പോഷണ വിഷയം സംബന്ധിച്ച വിവരശേഖരണത്തിനായി പുതിയ ഡിജിറ്റൽ പ്ലാറ്റ്ഫോം പുറത്തിറക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>പോഷൻ ട്രാക്കർ ആപ്</u>**

2257 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോഷൻ ട്രാക്കർ ആപ്പ് പൂർണമായി പ്രവർത്തനസജ്ജമാകാത്തതിന്റെ പേരിൽ സംസ്ഥാനത്തെ അങ്കണവാടികളിലെ ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിൽ പ്രശ്നങ്ങളുണ്ടോ; ആയത് സംബന്ധിച്ച് പരാതികളോ നിവേദനങ്ങളോ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ആപ്പ് കൈകാര്യം ചെയ്യുന്നവരിൽ സ്ഥിരം ജീവനക്കാരില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ആപ്പിലെ ഡേറ്റ കൃത്യമല്ലാത്തതിനാൽ ഗുണഭോക്താക്കളുടെ എണ്ണത്തിൽ ഇരട്ടിപ്പുണ്ടെന്നും അധിക ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ. ഗോഡൗണുകളിൽ കെട്ടിക്കിടക്കുകയാണെന്നും പറയുന്നത് ശരിയാണോ; സംസ്ഥാനത്തെ ഐ.സി.ഡി.എസി.നുള്ള ഭക്ഷ്യധാന്യവിഹിതം ഏറ്റവും ഒടുവിലത്തെ ക്വാർട്ടറിൽ ലഭിക്കാത്ത പ്രശ്നമുണ്ടോ?

**<u>ചങ്ങനാശ്ശേരി മണ്ഡലത്തിലെ അങ്കണവാടികൾ നവീകരിക്കാൻ നടപടി</u>**

2258 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ എത്ര അങ്കണവാടികൾ നവീകരിച്ചുവെന്നും ഓരോ നവീകരണ

പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; വിശദവിവരം നൽകാമോ;

(ബി) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ എത്ര അങ്കണവാടികളാണ് നിലവിൽ പ്രവർത്തിക്കുന്നതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അങ്കണവാടികളിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അങ്കണവാടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**വനിത-ശിശു വകുപ്പിന്റെ കീഴിൽ പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

2259 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ (2021-26) വനിത-ശിശു വികസന വകുപ്പിന്റെ കീഴിൽ പയ്യന്നൂർ മണ്ഡല പരിധിയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും അതിനായി അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

**ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിയമനം**

2260 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 149/2022, 255/2024 എന്നീ കാറ്റഗറി നമ്പരിലുള്ള ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയുടെ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) 255/2024 കാറ്റഗറി നമ്പർ റാങ്ക് ലിസ്റ്റിൽനിന്ന് എസ്.സി. വിഭാഗത്തിന്റെ ഒഴിവുകൾ പൂർണമായും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇനി ഒഴിവുകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) അംഗൻവാടി വർക്കർമാരിൽ നിന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേക്ക് നിയമനം നൽകുന്നതിന് തയ്യാറാക്കിയ 149/2022 നമ്പർ പി.എസ് .സി . റാങ്ക് ലിസ്റ്റിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) നേരിട്ടുള്ള നിയമനം വഴിയും അംഗൻവാടി വർക്കർമാരിൽ നിന്നുള്ള പ്രൊമോഷൻ വഴിയും ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ കേഡർ സ്ട്രെങ്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) കേഡർ സ്ട്രെങ്തിനനുസരിച്ച് അംഗൻവാടി വർക്കർമാരിൽനിന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേക്ക് പൂർണമായും നിയമനം നൽകിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുമോ?

**ഭിന്നശേഷിയുള്ള ജീവനക്കാർക്ക് പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ**

2261 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ ശിശുവികസന വകുപ്പിന് കീഴിൽ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ ഭിന്നശേഷിയുള്ള ജീവനക്കാർക്ക് പ്രത്യേക പരിഗണന നൽകാൻ നിയമമുണ്ടോ;

(ബി) ഇത്തരത്തിൽ നിലവിൽ എത്ര ഭിന്നശേഷിയുള്ള ജീവനക്കാർ സ്വന്തം ജില്ലയിലേക്ക് സ്ഥലംമാറ്റം ലഭിക്കാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(സി) പത്തുവർഷത്തിലധികം സർവീസ് ഉള്ള ഭിന്നശേഷിയുള്ള ജീവനക്കാരൻ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് അപേക്ഷ നൽകിയാൽ ഏത് അനുപാതത്തിലാണ് അത് പരിഗണിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) വനിത ശിശുക്ഷേമ വകുപ്പിന് കീഴിൽ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷ നൽകിയ ഏതെങ്കിലും ജീവനക്കാർക്ക് നിലവിൽ നിയമാനുസൃതം ലഭിക്കേണ്ട അവകാശം നിഷേധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) 2014 മുതൽ മലപ്പുറം ജില്ലയിൽ വനിതാ ശിശുക്ഷേമ വകുപ്പിന് കീഴിൽ ഓഫീസ് അറ്റൻഡറായി ജോലി ചെയ്യുന്ന ഭിന്നശേഷിയുള്ള ഏതെങ്കിലും ജീവനക്കാരൻ പാലക്കാട് ജില്ലയിലേക്ക് സ്ഥലംമാറ്റം കിട്ടാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെയും സ്ഥലംമാറ്റം ലഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; അത്തരത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ ആരെല്ലാമാണ്; വിശദവിവരം ലഭ്യമാക്കാമോ?

## <u>കാട്ടാക്കട മണ്ഡലത്തിലെ അങ്കണവാടി കെട്ടിട നിർമ്മാണം</u>

2262 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിൽ 6 പഞ്ചായത്തുകളിലായി എത്ര അങ്കണവാടികൾ ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; അവയിൽ സ്വന്തമായി സ്ഥലമുള്ളതും ഇല്ലാത്തതും ഏതൊക്കെ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ എത്ര അങ്കണവാടികൾക്കാണ് കെട്ടിടം നിർമ്മിച്ചത്; എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച അങ്കണവാടികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>പാൽ, മത്സ്യം എന്നിവയുടെ ഗുണനിലവാര പരിശോധന</u>

2263 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാൽ, മത്സ്യം എന്നിവയുടെ ഗുണനിലവാര പരിശോധന ഉറപ്പ് വരുത്താൻ വകുപ്പ് തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

## <u>മോഡേണൈസേഷൻ ഓഫ് ഫുഡ് സ്ട്രീറ്റ് പദ്ധതി</u>

2264 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. പ്രമോദ് നാരായൺ**

**ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോഡേണൈസേഷൻ ഓഫ് ഫുഡ് സ്ട്രീറ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെയാണ് നടപ്പാക്കുന്നതെന്ന് അറിയിക്കുമോ;

(സി) മേൽപ്പറഞ്ഞ പദ്ധതിയിൽ സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഏതെല്ലാം മേഖലയിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കുമോ?

## നെല്ല് സംഭരണ രീതിയുടെ പരിഷ്കരണം

2265 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്ന നിലവിലെ രീതി പരിഷ്കരിക്കണമെന്ന കർഷക സംഘടനകളുടെ ആവശ്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) നെല്ല് സംഭരിക്കുന്ന സമയത്തുതന്നെ കർഷകർക്ക് വില നൽകാനുള്ള നടപടി സ്വീകരിക്കുമോ;

(സി) സംഭരിക്കുന്ന നെല്ലിൽ നിന്നുള്ള അരി പ്രത്യേക ബ്രാൻഡിൽ പൊതു വിപണിയിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## പാറശ്ശാല മണ്ഡലത്തിലെ കെ-സ്റ്റോർ പദ്ധതി

2266 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ കെ-സ്റ്റോർ പദ്ധതി പ്രകാരം നാളിതുവരെ എത്ര റേഷൻ കടകളെയാണ് കെ-സ്റ്റോറുകളായി മാറ്റിയിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) കെ-സ്റ്റോറുകൾ അനുവദിക്കുന്നതിന് കൂടുതൽ അപേക്ഷകൾ പരിഗണനയിലുണ്ടോ എന്നും വിശദമാക്കാമോ;

(സി) ഗ്രാമീണ മേഖലയിലെ സാധാരണക്കാർക്ക് ഉപകാരപ്രദമായ ബാങ്കിംഗ് സേവനങ്ങളും മിൽമ-ശബരി ഉല്പന്നങ്ങളും എല്ലാ കെ-സ്റ്റോറുകളിലും പൂർണ്ണതോതിൽ ലഭ്യമാണെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കാമോ;

(ഡി) കെ-സ്റ്റോറുകളായി മാറാൻ താല്പര്യമുള്ള റേഷൻ വ്യാപാരികൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ

2267 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദ വിവരങ്ങൾ നൽകാമോ ?

## കായംകുളം മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട്

2268 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ, എം.എൽ.എ. ആസ്തി വികസന ഫണ്ടിലോ പ്രാദേശിക വികസന ഫണ്ടിലോ ഉൾപ്പെടാത്ത ഏതെല്ലാം പദ്ധതികളാണ് കായംകുളം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ളത്; ഓരോ പദ്ധതിക്കും ഇതുവരെ ചെലവഴിച്ച തുക, പദ്ധതികളുടെ നിലവിലെ പുരോഗതി എന്നിവ സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ?

## എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ സിവിൽ സപ്ലൈസ് ഗോഡൗൺ നിർമ്മാണ പദ്ധതി

2269 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിൽ സിവിൽ സപ്ലൈസ് ഗോഡൗൺ നിർമ്മാണ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

## ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ നിന്നുമുള്ള വിവിധ പദ്ധതികൾ

2270 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്തും തൊട്ടുമുൻപുള്ള സർക്കാരിന്റെ കാലത്തും ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും അവയുടെ പുരോഗതിയും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെയും പൂർത്തീകരിക്കാൻ ഉള്ളവയുടെയും വിശദ വിവരം ലഭ്യമാക്കാമോ;

(സി) അവയിൽ കിഫ്ബി പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ വിശദ വിവരവും പുരോഗതിയും വിശദമാക്കാമോ?

## റേഷൻ കാർഡ് മുൻഗണന വിഭാഗത്തിലേക്ക് മാറ്റുന്നത്

2271 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് മുൻഗണന വിഭാഗത്തിലേക്ക് മാറ്റുന്നതിനായി ഇക്കഴിഞ്ഞപ്രാവശ്യം അപേക്ഷ ക്ഷണിച്ചതുപ്രകാരം മണലൂർ മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ

ലഭിച്ചുവെന്നും എത്ര മുൻഗണന റേഷൻ കാർഡുകൾ അനുവദിച്ചു എന്നും അറിയിക്കാമോ;

(ബി) റേഷൻ കാർഡുകൾ മുൻഗണന വിഭാഗത്തിലേക്ക് മാറ്റുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിശോധിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അർഹതപ്പെട്ടവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതിനായി അനർഹരായവരെ മുൻഗണന പട്ടികയിൽ നിന്നും ഒഴിവാക്കാൻ എന്തെല്ലാം പരിശോധനകളാണ് നടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കിഡ്നി, ഹൃദ്രോഗം, കാൻസർ തുടങ്ങിയ രോഗങ്ങളാൽ ബുദ്ധിമുട്ടുന്നവർക്ക് പ്രത്യേക പരിഗണന നൽകാറുണ്ടോ; ഇത്തരം രോഗികളെ വീട്ടിൽ എയർ കണ്ടീഷണർ, കാർ എന്നിവ ഉണ്ട് എന്ന കാരണത്താൽ മുൻഗണനപട്ടികയിൽ നിന്നും ഒഴിവാക്കാറുണ്ടോ; അറിയിക്കാമോ?

**അരൂർ മണ്ഡലത്തിൽ നിലവിലുള്ള എ.പി.എൽ, ബി.പി.എൽ., എ.എ.വൈ., വിഭാഗക്കാർ**

2272 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ നിലവിൽ എത്ര ബി.പി.എൽ., എ.എ.വൈ., കാർഡുകാർ നിലവിലുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിൽ എ.പി.എൽ. വിഭാഗത്തിൽ നിന്ന് എത്ര പേർ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് അപേക്ഷിച്ചുവെന്നും എത്രപേർ ബി.പി.എൽ., എ.എ.വൈ., വിഭാഗത്തിലേയ്ക്ക് മാറി എന്നും പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിൽ ബി.പി.എൽ. വിഭാഗത്തിൽ നിന്ന് എ.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റിയ ആളുകളുടെ എണ്ണം വിശദമാക്കാമോ?

**റേഷൻ കാർഡ് വിതരണ മാനദണ്ഡങ്ങൾ**

2273 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര കുടുംബങ്ങൾക്ക് ബി.പി.എൽ. കാർഡ്, എ. എ.വൈ. കാർഡ് എന്നിവ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ കൊണ്ടോട്ടി താലൂക്കിലെ പള്ളിക്കൽ, ചേലേമ്പ്ര പഞ്ചായത്തുകളിലും തിരൂരങ്ങാടി താലൂക്കിലെ മൂന്നിയൂർ, വള്ളിക്കുന്ന്, പെരുവള്ളൂർ, തേഞ്ഞിപ്പലം പഞ്ചായത്തുകളിലും എത്ര കുടുംബങ്ങൾക്കാണ് ബി.പി.എൽ. കാർഡ്, എ.എ.വൈ കാർഡ് എന്നിവ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഉപഭോക്താവ് പുതിയ റേഷൻ കാർഡിന് അപേക്ഷിക്കുമ്പോൾ ലഭിക്കുന്ന വെള്ള കാർഡ് പിന്നീട് അർഹതയുള്ളവർക്ക് നീല കാർഡ് ആക്കുന്നതിനുള്ള അപേക്ഷ എപ്പോഴാണ് സമർപ്പിക്കേണ്ടതെന്നും നീല കാർഡ് ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

## മാട്ടുമ്മൽ, പുന്ന പ്രദേശങ്ങളിലെ റേഷൻ കടകൾ

2274 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ഉൾപ്പെട്ട മാട്ടുമ്മൽ, പുന്ന പ്രദേശങ്ങളിൽ അനുവദിച്ചിട്ടുള്ള പുതിയ റേഷൻ കടകൾ എന്ന് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റേഷൻകടകൾ (പുന്ന, മാട്ടുമ്മൽ) ആരംഭിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മാവേലി സ്റ്റോർ വഴിയുള്ള സബ്സിഡി സാധനങ്ങളുടെ വിതരണം

2275 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വിലനിലവാരം സുസ്ഥിരമായി നിലനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; നിലവിലെ നടപടികൾ അപര്യാപ്തമാണെന്ന പരാതികൾ പരിഗണിച്ച് കൂടുതൽ വിപണി ഇടപെടലുകൾക്ക് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ വിതരണത്തിൽ എന്തെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സബ്സിഡി സാധനങ്ങൾ എല്ലാ ഉപഭോക്താക്കൾക്കും തടസ്സമില്ലാതെ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) മാവേലി സ്റ്റോറുകളിലെ ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് വിഭാഗത്തിൽപ്പെട്ട സാധനങ്ങൾ മാസത്തിന്റെ പകുതിയോടെ തീർന്നുപോകുന്നതായും രണ്ടാം പാദത്തിൽ ലഭ്യമാകുന്നില്ല എന്നുമുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പിന് കീഴിൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ

2276 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഏതെല്ലാം റേഷൻ കടകളെയാണ് കെ-സ്റ്റോറുകളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) 2021 മുതൽ നാളിതുവരെ ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പിന് കീഴിൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും ആയതിലേയ്ക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

## കായംകുളം മണ്ഡലത്തിലെ കെ-സ്റ്റോറുകൾ

2277 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ നിലവിൽ എത്ര കെ-സ്റ്റോറുകൾ ഉണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) 2016-ന ശേഷം കായംകുളം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള മാവേലിസ്റ്റോറുകൾ എത്രയെന്നും എവിടെയൊക്കെയെന്നും വിശദമാക്കാമോ?

## കെ-സ്റ്റോറുകൾ അനുവദിക്കുന്നതിന് സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ

2278 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ആലത്തൂർ നിയോജക മണ്ഡലത്തിൽ എത്ര കെ-സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കാസർഗോഡ് ജില്ലയിൽ പുതുതായി അനുവദിച്ച റേഷൻ കടകൾ

2279 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ പുതുതായി അനുവദിച്ച റേഷൻ കടകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് പുതുതായി റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഒരു റേഷൻ കടയിൽ ഉൾക്കൊള്ളാവുന്ന റേഷൻ കാർഡുകളുടെ എണ്ണത്തിൽ പരിധി ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

## കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യ ക്വോട്ട

2280 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 കാലയളവിൽ സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യ ക്വാട്ട എത്രയാണെന്ന് വിശദമാക്കാമോ;

(ബി) നിലവിലെ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തിന് അനുവദിച്ച ഭക്ഷ്യധാന്യ ക്വാട്ടയിൽ എത്ര ശതമാനം ഇതുവരെ പൂർണ്ണമായി വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ; വിനിയോഗിക്കാതെ ബാക്കിയുള്ള ഭക്ഷ്യധാന്യത്തിന്റെ അളവ് എത്രയാണെന്നും, അവ കൃത്യസമയത്ത് വിതരണം ചെയ്യാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

## റേഷൻ സാധനങ്ങളുടെ ഗുണനിലവാരം

2281 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ്, റേഷൻ കടകൾ എന്നിവ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് ഗുണനിലവാരമില്ലാത്തതുമൂലം ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

## വിലക്കയറ്റ തോത് കുറയ്ക്കൽ

2282 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ഡിസംബറിൽ രാജ്യമാകെയുള്ള വിലക്കയറ്റ തോത് എത്ര ശതമാനമാണെന്നും ഇതിൽ കേരളത്തിലേത് എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ;

(ബി) വിലക്കയറ്റ തോത് കുറച്ച് കൊണ്ടുവരുന്നതിൽ സർക്കാർ ഇടപെടൽ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

2283 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾക്ക് വൻ വിലവർദ്ധനവ് ഉണ്ടായതു കാരണം പൊതുജനങ്ങൾക്ക് ജീവിക്കാൻ വളരെയധികം പ്രയാസപ്പെടേണ്ടി വരുന്ന സാഹചര്യം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ വിലക്കയറ്റം തടയുന്നതിൽ ഈ സർക്കാർ പരാജയപ്പെട്ടത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരമേറ്റപ്പോൾ സപ്ലൈകോ വഴി വിതരണം ചെയ്തിരുന്ന നിത്യോപയോഗസാധനങ്ങളുടെ വിലയും നിലവിലത്തെ വിലയും ലഭ്യമാക്കാമോ; ഈ സർക്കാരിന്റെ കാലത്ത് എത്ര തവണ വിലവർദ്ധനവ് വരുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് സപ്ലൈകോ വഴി വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങൾ ഏതെല്ലാമാണ്; ഈ സർക്കാരിന്റെ കാലത്ത് പുതിയതായി ഏതെല്ലാം സാധനങ്ങൾക്ക് സബ്സിഡി ഏർപ്പെടുത്തിയിട്ടുണ്ട്; ഏതെല്ലാം സാധനങ്ങളുടെ സബ്സിഡി ഒഴിവാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സപ്ലൈകോയ്ക്ക് സർക്കാർ നൽകാനുള്ള കുടിശ്ശിക തുക എത്രയാണ്; വ്യക്തമാക്കുമോ?

## സപ്ലൈകോ വിതരണക്കാർക്ക് നൽകേണ്ട കുടിശിക

2284 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ ഔട്ട് ലെറ്റുകളിൽ മതിയായ സാധനങ്ങൾ ലഭ്യമല്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സപ്ലൈകോ വിതരണക്കാർക്ക് നൽകാനുള്ള കുടിശിക തുക എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ ജീവനക്കാർ

2285 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ നിലവിൽ എത്ര ഡെപ്യൂട്ടേഷൻ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; തരം തിരിച്ച് വ്യക്തമാക്കാമോ; കാലാവധി പൂർത്തിയാക്കിയ എത്ര ഡെപ്യൂട്ടേഷൻ ജീവനക്കാർ സപ്ലൈകോയിൽ തുടരുന്നുണ്ട്; ഇവരെ റിവേർട്ട് ചെയ്യാനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സി. എസ്. ആർ. (കൺസ്യൂമർ സർവീസ് ആൻഡ് റിലേഷൻസ്) പ്രകാരം എത്ര ജെ.എം. (ജൂനിയർ മാനേജർ) തസ്തികകൾ സപ്ലൈകോയിൽ നിലവിലുണ്ട്; സി.എസ്.ആറിൽ രേഖപ്പെടുത്താത്ത ജെ. എം. തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജെ. എം. നെ നിയമിക്കാറുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദീകരിക്കുമോ;

(സി) സപ്ലൈകോ ജീവനക്കാർക്കുള്ള എ.എസ്.എം.(അസിസ്റ്റന്റ് സെയിൽസ്മാൻ), ജെ.എ. (ജൂനിയർ അസിസ്റ്റന്റ്),എസ്. എ.ഗ്രേഡ് II (സീനിയർ അസിസ്റ്റന്റ് ഗ്രേഡ് II) ,എസ്.എ. ഗ്രേഡ് I (സീനിയർ അസിസ്റ്റന്റ് ഗ്രേഡ് I) തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; വ്യക്തമാക്കാമോ;

(ഡി) സപ്ലൈകോ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക എന്നുമുതൽ നൽകിതുടങ്ങുമെന്ന് വിശദമാക്കുമോ; മെഡിസെപ് പദ്ധതി സപ്ലൈക്കോ ജീവനക്കാർക്കായി എന്നുമുതൽ നടപ്പിലാക്കി തുടങ്ങും; വിശദമാക്കാമോ;

(ഇ) സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജെ.എം. മാരിൽ എത്ര പേർക്ക് മതിയായ യോഗ്യതയുണ്ട്; അവർക്ക് എം.ബി.എ. നിർബന്ധമുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ്

2286 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് ജനജീവിതം ദുസ്സഹമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൊതുവിപണിയിലെ വിലക്കയറ്റം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## സപ്ലൈകോയുടെ സാമ്പത്തിക സ്ഥിതി

2287 **ശ്രീ. പി. നന്ദകുമാർ**
**ശ്രീമതി ദെലീമ**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിച്ച സാഹചര്യം എന്തായിരുന്നു; വിശദമാക്കാമോ;

(ബി) സബ്സിഡി സാധനങ്ങളുടെ വില പുതുക്കി നിശ്ചയിക്കാൻ സർക്കാർ സ്വീകരിച്ച മാനദണ്ഡം എന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) സപ്ലൈകോയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കാൻ നടപ്പിലാക്കിയ പുതിയ സംവിധാനം എന്താണ്; അത് എങ്ങനെയാണ് സഹായിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) വിപണിയിലെ വില നിലവാരം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ നടപ്പിലാക്കിയ മറ്റ് സംവിധാനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## <u>ചങ്ങനാശ്ശേരി സിവിൽ സപ്ലൈസ് ഗോഡൗൺ നിർമ്മാണം</u>

2288 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നഗരസഭയിൽ റവന്യൂ ടവറിന് സമീപം ഹൗസിംഗ് ബോർഡിന്റെ അധീനതയിലുള്ള ഭൂമിയിൽ സിവിൽ സപ്ലൈസിന്റെ ഗോഡൗൺ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഭക്ഷ്യവും പൊതുവിതരണ ഉപഭോക്തൃ കാര്യവും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 09.02.2023-ന് ചേർന്ന യോഗതീരുമാന പ്രകാരം എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും ഹൗസിംഗ് ബോർഡ് ഉടമസ്ഥതയിൽ നിലനിർത്തി ഗോഡൗൺ നിർമ്മാണത്തിനായി മാത്രം ഭൂമിയുടെ ഉപയോഗാനുമതിയും കൈവശാനുഭവവും കൈമാറി ലീസ് ഔട്ട് വ്യവസ്ഥയിൽ ശാസ്ത്രീയ ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള സാധ്യത പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മേൽ യോഗ നിർദ്ദേശ പ്രകാരം ലീസ് ഔട്ട് വ്യവസ്ഥയിൽ ശാസ്ത്രീയ ഗോഡൗൺ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുവാൻ പൊതു വിതരണ കമ്മീഷണർക്ക് നൽകിയ നിർദ്ദേശത്തിൻമേൽ തുടർ നടപടികൾ സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) പൊതു വിതരണ കമ്മീഷണർ ലീസ് ഔട്ട് വ്യവസ്ഥയിൽ ഗോഡൗൺ നിർമ്മിക്കാനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ?

## <u>നെല്ല് സംഭരണം</u>

2289 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതികൂലമായ കാലാവസ്ഥയും തുടർച്ചയായ കീടശല്യവും മൂലം കോട്ടയം ജില്ലയിലെ പടിഞ്ഞാറൻ മേഖലകളിൽ കർഷകർ കൊയ്തെടുത്ത നെല്ലിന്റെ വലിയൊരു ഭാഗം ഇപ്പോഴും പാടങ്ങളിൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സാഹചര്യം പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ബി) വെച്ചൂർ ദേവസ്വംകരി പാടത്ത് 168 ഏക്കറിൽ നിന്ന് ലഭിച്ച 25 ടൺ നെല്ലിന് ഈർപ്പത്തിന്റെ പേരിൽ ക്വിന്റലിന് 25 കിലോഗ്രാം വരെ കിഴിവ് ആവശ്യപ്പെടുന്ന

മില്ലുകാരുടെ നടപടി അംഗീകരിക്കുന്നുണ്ടോ; ഇത്തരത്തിൽ അമിത കിഴിവുകൾ ആവശ്യപ്പെടുന്നത് നിയന്ത്രിക്കാൻ ഇടപെടൽ നടത്തുമോ; വിശദമാക്കാമോ;

(സി) നെല്ലിന്റെ ഗുണനിലവാര പരിശോധനയിൽ ഉദ്യോഗസ്ഥർ മില്ലുകാർക്ക് അനുകൂലമായി ക്രമക്കേട് കാണിക്കുന്നതായി കർഷകർ ഉന്നയിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; പ്രസ്തുത വിഷയത്തിന്മേൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) ഏക്കറിന് ഏകദേശം മുപ്പത്തി അയ്യായിരം രൂപ ചെലവഴിച്ച് രണ്ടാം കൃഷിയിറക്കി വിളയിച്ച നെല്ല് കിഴിവിന്റെ പേരിൽ വാങ്ങാതിരിക്കുന്ന സാഹചര്യത്തിൽ കർഷകർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ അവ പരിഹരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

## നെല്ല് സംഭരണത്തിനായി വകയിരുത്തിയ തുക

2290 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ ഓരോ ബജറ്റിലും വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലവഴിച്ച തുക എത്രയാണെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം നെല്ലിന്റെ സംഭരണത്തിനുള്ള താങ്ങുവിലയിൽ കേന്ദ്രസർക്കാരിന്റെ വിഹിതം എത്ര രൂപയാണ്; എത്ര ശതമാനമാണ്; സംസ്ഥാന സർക്കാരിന്റെ വിഹിതം എത്ര രൂപയാണ്; എത്ര ശതമാനമാണ്; 2015-16 സാമ്പത്തിക വർഷത്തിൽ പ്രസ്തുത വിഹിതം എത്ര ശതമാനം വീതമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ നെല്ലിന്റെ താങ്ങുവിലയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം 2015-16 കാലയളവിലെ 32% ൽ നിന്നും കുറയാൻ ഉണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന സർക്കാരിന്റെ വിഹിതം കുറഞ്ഞത് മൂലം നെൽക്കർഷകർക്ക് ലഭിക്കേണ്ട ഉയർന്ന താങ്ങുവില ഇല്ലാതായതിനാൽ കർഷകർക്കുണ്ടായ നഷ്ടം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ വിഹിതം ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## സംസ്ഥാനത്തെ നെല്ല് സംഭരണം

2291 **ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെല്ല് സംഭരണം കുറ്റമറ്റതാക്കാൻ എന്ത് നടപടിയാണ്

സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) നെല്ലിന്റെ വില കർഷകർക്ക് വേഗത്തിൽ ലഭ്യമാക്കാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) കർഷകർക്ക് നെല്ലിന് ഉയർന്ന വില ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇത്തവണത്തെ സംഭരണ സീസൺ ആരംഭിക്കുന്നതിന് മുമ്പായി ഇക്കാര്യത്തിൽ ആരെല്ലാമായി ചർച്ചകൾ നടത്തിയെന്നും എന്തെല്ലാം തീരുമാനങ്ങൾ എടുത്തിട്ടുണ്ടെന്നും അറിയിക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിൽ ഭക്ഷ്യ - പൊതുവിതരണവകുപ്പ് നടപ്പാക്കിയ പദ്ധതികൾ

2292 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൂഞ്ഞാർ മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ഓരോ പദ്ധതിക്കും എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പ് നാളിതുവരെ എത്ര കെ-സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ

2293 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ പുതുതായി അനുവദിച്ച മാവേലിസ്റ്റോറുകൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ നിലവിൽ എത്ര മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ?

## നെല്ല് സംഭരണം

2294 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരിച്ച ഇനത്തിൽ കർഷകർക്ക് നിലവിൽ ലഭിക്കാനുള്ള കുടിശികയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നെല്ല് സംഭരണം നടപ്പാക്കുമ്പോൾ നെല്ല് കേടുവരാതെ സംരക്ഷിക്കുന്നതിനുള്ള സംഭരണ കേന്ദ്രങ്ങൾ ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

## ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളുടെ പ്രവർത്തനം

2295 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും രൂപീകരിച്ച ഉപഭോകതൃ തർക്ക പരിഹാര കമ്മീഷനുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ; ഉദ്ദേശ്യ ലക്ഷ്യങ്ങൾ അനുസരിച്ചാണോ പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാന കമ്മീഷനിൽ എത്ര പരാതികൾ പെൻഡിങ്ങുണ്ടെന്നും ജില്ലാ കമ്മീഷനുകളിൽ എത്ര പരാതികൾ പെൻഡിങ്ങുണ്ടെന്നും ജില്ല തിരിച്ചും വർഷം തിരിച്ചും വ്യക്തമാക്കുമോ;

(സി) പരാതികളിന്മേൽ എത്ര നാളിനകം തീർപ്പ് കൽപ്പിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) ഉപഭോക്താക്കൾ കമ്മീഷനിൽ വർഷങ്ങളോളം കയറി ഇറങ്ങേണ്ട അവസ്ഥയാണെന്നതും യഥാസമയം പരാതികളിൽ തീർപ്പ കൽപ്പിക്കുന്നില്ലെന്നുമുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ഇ) കമ്മീഷൻ പ്രസിഡന്റ് ആയി ജുഡീഷ്യൽ സർവീസിൽ നിന്നും റിട്ടയർ ആയശേഷം നിയമിക്കപ്പെട്ടവരിൽ ചിലർ കോടതികളുടെ രീതിയിൽ പെരുമാറുന്നതും പരാതികളിൽ തീരുമാനമെടുക്കാതെ നീട്ടി കൊണ്ട് പോകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആത് നിയന്ത്രിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(എഫ്) കെട്ടികിടക്കുന്ന പരാതികളിൽ സമയ ബന്ധിതമായി തീരുമാനമെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## <u>മലപ്പുറം ജില്ലാ ലീഗൽ മെട്രോളജി ഓഫീസിനു കെട്ടിടം</u>

2296 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ ലീഗൽ മെട്രോളജി ഓഫീസിനു സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ പരിമിതമായ സൗകര്യങ്ങളിലാണ് ഓഫീസ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ലീഗൽ മെട്രോളജി വകുപ്പിന് കീഴിലുള്ള വിവിധ ജില്ലാതല ഓഫീസുകളായ ഡെപ്യൂട്ടി കൺട്രോളർ ഓഫീസ്, ഡെപ്യൂട്ടി കൺട്രോളർ (ഫ്ലയിങ് സ്ക്വാഡ്) ഓഫീസ്, അസിസ്റ്റന്റ് കൺട്രോളർ ഓഫീസ്, ഇൻസ്പെക്ടർ സർക്കിൾ-2 എന്നിവ ഒരേ കുടക്കീഴിൽ കൊണ്ടുവരുന്നതിനായി ഒരു ജില്ലാ ആസ്ഥാന മന്ദിരം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജില്ലാ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## <u>വിമുക്തി പദ്ധതി - മാതൃകാ കേന്ദ്രം മാവേലിക്കര ജില്ലാ ആശുപത്രിയിൽ</u>

2297 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) വിമുക്തിയുടെ മാതൃകാ കേന്ദ്രം മാവേലിക്കര ജില്ലാ ആശുപത്രിയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) മാവേലിക്കര എക്സൈസ് ഓഫീസ് കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ബെവ്കോയിലെ നിയമവിരുദ്ധമായ ഡെപ്യൂട്ടേഷൻ നിയമനങ്ങൾ

2298 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 12.1.24ന് നിലവിൽ വന്ന കാറ്റഗറി നമ്പർ 609/2021 പ്രകാരമുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ ബെവ്കോയിലെ ഒ. എ./ ഷോപ്പ് അറ്റൻഡർ തസ്തികയിലെ സാങ്ഷൻഡ് സ്ട്രെങ്ങ്തിലുള്ള 220 ഒഴിവുകളിലേക്ക് വിവിധ വകുപ്പുകളിൽ നിന്നും ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷനിൽ നിയമിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ 220 പേർക്ക് ഡെപ്യൂട്ടേഷൻ നിയമനം നൽകിയതിലൂടെ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമന സാധ്യത 50% ആയി കുറഞ്ഞത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ ഡെപ്യൂട്ടേഷൻ ജീവനക്കാരെ തിരികെ അയച്ച് പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിനായി ബെവ്കോ അനുമതി ആവശ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ബെവ്കോ പുതിയ ഷോപ്പുകൾ ആരംഭിക്കുന്നതിന് ആനുപാതികമായി പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്താത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; പുതിയ ഷോപ്പുകൾ ആരംഭിക്കുന്നതിന് ആനുപാതികമായി പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഇ) ബെവ്കോയുടെ അടച്ചുപൂട്ടിയ ഷോപ്പുകളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ മറ്റുള്ള വകുപ്പുകളിലേക്കോ ബോർഡുകളിലേക്കോ കോർപ്പറേഷനുകളിലേക്കോ പുനർവിന്യാസം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരെ ബെവ്ക്കോയിലേക്ക് തിരിച്ചെടുക്കാതെ പുതിയ ജീവനക്കാരെ മറ്റു വകുപ്പുകളിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(എഫ്) നിയമവിരുദ്ധമായ പ്രസ്തുത ഡെപ്യൂട്ടേഷൻ നിയമനങ്ങൾ റദ്ദാക്കി പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ?

## ലഹരി വിരുദ്ധ സമിതികളുടെ നിഷ്ക്രിയത്വം

2299 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളിലെ വാർഡ് തലങ്ങളിൽ രൂപീകരിച്ച ലഹരി വിരുദ്ധ സമിതികൾ പലയിടത്തും പേരിന് മാത്രമായി ഒതുങ്ങുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സമിതികളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ ഒരു വർഷത്തിനിടെ വാർഡ് തല സമിതികൾ മുഖേന എത്ര ലഹരി വിൽപ്പന കേന്ദ്രങ്ങൾ കണ്ടെത്താൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത സമിതികളുടെ പ്രവർത്തനത്തിനായി തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്ന് തുക മാറ്റിവെക്കാൻ അനുമതി നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ കഴിഞ്ഞ 2 വർഷത്തിൽ ഇത്തരത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് ജില്ലയും തദ്ദേശ സ്ഥാപനങ്ങളും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(എഫ്) സിന്തറ്റിക് ഡ്രഗ്സ് വ്യാപനം തടയാൻ എക്സൈസ് എൻഫോഴ്സ്മെന്റ് യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## വെള്ളരിക്കുണ്ട് എക്സൈസ് സർക്കിൾ ഓഫീസ്

2300 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളരിക്കുണ്ട് എക്സൈസ് സർക്കിൾ ഓഫീസ് നിലവിൽ വന്നത് എന്നാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ അധികാര പരിധി നിർണയിച്ച് ഉത്തരവ് ആയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) നിലവിൽ എത്ര തസ്തികകൾ പ്രസ്തുത സ്ഥാപനത്തിൽ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യകതമാക്കാമോ;

(ഡി) എക്സൈസ് വകുപ്പിന് വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽ സ്വന്തമായി സ്ഥലം ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഇ) പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(എഫ്) വെള്ളരിക്കുണ്ട് എക്സൈസ് സർക്കിൾ ഓഫീസിന് കീഴിൽ റേഞ്ച് ഓഫീസ് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പുതിയ റേഞ്ച് ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ എക്സൈസ് വകുപ്പ് പദ്ധതികൾ

2301 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ എക്സൈസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം നൽകാമോ?

## ബിവറേജസ് കോർപ്പറേഷനിൽ ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ

2302 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ഓഫീസുകളിലും ഔട്ട്ലെറ്റുകളിലുമായി ക്ലാർക്ക് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ ഒഴിവുകൾ ഏതൊക്കെ ഓഫീസുകളിലും ഔട്ട്ലെറ്റുകളിലുമാണെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## കിലയിലെ താത്കാലിക നിയമനങ്ങൾ

2303 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ താത്കാലിക/ദിവസക്കൂലി/കരാർ ജീവനക്കാരെ ആരെയെങ്കിലും സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരുടെയൊക്കെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും ആയതിന്മേൽ കൈക്കൊണ്ടിട്ടുള്ള തീരുമാനം എന്താണെന്നും അറിയിക്കുമോ?

## റോഡുകളുടെ മെയിന്റനൻസ് ഫണ്ട്

2304 **ശ്രീ. കെ. ആൻസലൻ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജില്ലാ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും ഗ്രാമപഞ്ചായത്തുകളുടെയും ഉടമസ്ഥതയിലുള്ളതും മൂന്ന് മീറ്ററിൽ കുറഞ്ഞ വീതിയുള്ളതും മൂന്ന് മീറ്ററിൽ കൂടുതൽ വീതിയുള്ളതുമായ എത്ര കിലോമീറ്റർ റോഡുകളാണുള്ളതെന്ന് അറിയിക്കാമോ;

(ബി) റോഡ് ഡേറ്റ അനുസരിച്ചാണോ റോഡുകളുടെ മെയിന്റനൻസ് ഫണ്ട് നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) യഥാർത്ഥ ആവശ്യത്തിനനുസരിച്ച് റോഡ് ഫണ്ട് ലഭിക്കുന്നില്ല എന്ന കാലങ്ങളായിട്ടുള്ള പരാതിക്ക് ഇതുമൂലം പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) 2021 മുതൽ 2026 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ റോഡ് പ്രവൃത്തികൾക്ക് മാത്രമായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2025-26 ൽ അനുവദിച്ച ബജറ്റ് വിഹിതം

2305 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2025-26 സാമ്പത്തിക വർഷം എത്ര തുകയാണ് ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ളത് എന്നത് കോർപ്പറേഷൻ, നഗരസഭ, ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് എന്നിവ തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇതിൽ നാളിതുവരെ എത്ര തുക ലഭിച്ചിട്ടുണ്ട് എന്നും എത്ര ശതമാനം ചെലവഴിച്ചിട്ടുണ്ട് എന്നും സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളിലെ സർവീസ് സംബന്ധമായ പ്രശ്നങ്ങൾ

2306 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സബോർഡിനേറ്റ് സർവീസ് റൂൾസ് - 2022 നിലനിൽക്കെ സ്ഥാനകയറ്റങ്ങൾക്കും മറ്റു കാര്യങ്ങൾക്കും മുൻകാല സ്പെഷ്യൽ റൂളുകൾ ആണോ മാനദണ്ഡമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൻ കീഴിൽ മുൻ ഗ്രാമവികസന വകുപ്പിലെ സെക്രട്ടറി തസ്തികയിലേക്കുള്ള നിയമനം 2008 ലെ ഗ്രാമവികസന വകുപ്പിലെ സബോർഡിനേറ്റ് സർവീസ് റൂൾസ് പ്രകാരമുള്ള ഡിഗ്രി യോഗ്യത ഇല്ലാത്തതിനാൽ തടഞ്ഞു വച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്;

(സി) പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വകുപ്പ് ഏകീകരണത്തിന്റെ ഭാഗമായി ട്രാൻസ്ഫറായി വരുന്ന ജീവനക്കാർക്ക് സർക്കാർ ജീവനക്കാരുടെ സർവീസ് സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സ്പാർക്ക് സോഫ്റ്റ്‌വെയർ അനുവദിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) സ്പാർക്ക് അനുവദിക്കാത്തത് മൂലം ടി ജീവനക്കാരുടെ ശമ്പളം തടസപ്പെടുന്നത് ഉൾപ്പെടെയുള്ള സർവീസ് സംബന്ധമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിൻമേൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്;

(ഇ) ബ്ലോക്കിലും തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് തുടങ്ങിയ മറ്റു സ്ഥാപനങ്ങളിലേക്കും ട്രാൻസ്ഫറായി വരുന്ന ജീവനക്കാർക്ക് സ്പാർക്ക് അനുവദിക്കാത്തതുമൂലം ശമ്പളം ലഭിക്കുന്നതിനായി ഓരോ മാസവും ജോലി ചെയ്തതായുള്ള സാക്ഷ്യപത്രം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(എഫ്) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലെ എക്സ്റ്റൻഷൻ ഓഫീസറുടെ (പഴയ വി. ഇ. ഒ. ) ഇന്റർ ട്രാൻസ്ഫറബിലിറ്റി അനുവദിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

## വാർഡ് വിഭജനവും കെട്ടിടങ്ങളുടെ പുതു നമ്പറിംഗിനെ തുടർന്നുള്ള പ്രശ്നങ്ങളും

2307 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർഡ് വിഭജനവും കെട്ടിടങ്ങളുടെ പുതു നമ്പറിംഗും നടപ്പിലാക്കിയതിനെ തുടർന്ന് ആധാർ, റേഷൻ കാർഡ്, വോട്ടർ ഐ.ഡി., ബാങ്ക് രേഖകൾ, ലൈസൻസ് എന്നിവയിൽ വിലാസം /നമ്പർ തിരുത്തൽ നടത്തേണ്ടിവരുന്ന ബുദ്ധിമുട്ട് തടയാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) പുതു നമ്പറിംഗ് കാരണം രേഖകൾ തിരുത്തുന്നതിന് സാമ്പത്തികവും ഭരണപരവുമായ ബുദ്ധിമുട്ടുകൾ സാധാരണ ജനങ്ങൾക്ക് ഉണ്ടാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് പഠനം നടത്തിയിട്ടുണ്ടോ; അറിയിക്കാമോ;

(സി) വാർഡ് വിഭജനത്തെ തുടർന്ന് പഴയ കെട്ടിട നമ്പരും പുതിയ നമ്പരും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്ന ഏകീകൃത സർട്ടിഫിക്കറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്നതിനുള്ള മാർഗനിർദേശങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരമൊരു സംവിധാനം കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കെട്ടിടങ്ങളുടെ പുതു നമ്പറിംഗ് മൂലം പെൻഷൻ, സാമൂഹ്യസുരക്ഷാ ആനുകൂല്യങ്ങൾ, ബാങ്ക് ഇടപാടുകൾ, വിദ്യാഭ്യാസ രേഖകൾ തുടങ്ങിയവയിൽ തടസ്സം നേരിടുന്നവർക്കായി പ്രത്യേക പരിഹാര സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ;

(ഇ) ഭാവിയിൽ വാർഡ് വിഭജനവും കെട്ടിട നമ്പറിംഗ് മാറ്റവും നടപ്പിലാക്കുമ്പോൾ ജനങ്ങൾക്ക് ഒരേ സമയം രേഖകളിൽ മാറ്റം വരുത്തേണ്ട സാഹചര്യം ഒഴിവാക്കുന്നതിനായി ഏകീകൃത ഡിജിറ്റൽ സംവിധാനമോ ട്രാൻസിഷൻ കാലയളവോ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## വർക്കല ഇടവ സ്റ്റേഡിയം റോഡ് വികസനം

2308 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ഇടവ സ്റ്റേഡിയത്തിലേക്കുള്ള റോഡിന്റെ വീതി കൂട്ടുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

## കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

2309 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ 20% തുക വകയിരുത്തി രണ്ടുകോടി രൂപ അനുവദിച്ചിട്ടുള്ള കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) നവകേരള സദസ്സിൽ നാല് കോടി രൂപ അനുവദിക്കപ്പെട്ട മൂന്നു പീടിക മാർക്കറ്റ് കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;വ്യക്തമാക്കുമോ?

## കാട്ടാക്കട മണ്ഡലത്തിലെ സ്ത്രീസുരക്ഷാ പദ്ധതി അപേക്ഷകളുടെ എണ്ണം

2310 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വീട്ടമ്മമാർക്കുള്ള സ്ത്രീ സുരക്ഷാ പെൻഷൻ പദ്ധതിയിലേയ്ക്ക് നിലവിൽ ആകെ ലഭിച്ച അപേക്ഷകളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്ക് കാട്ടാക്കട നിയോജക മണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച അപേക്ഷകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പെൻഷൻ എന്നു മുതൽ നൽകാനാകും; ആയതിന്റെ മാനദണ്ഡങ്ങൾ, അപേക്ഷിക്കുന്ന രീതി എന്നിവ എങ്ങനെയെന്ന് വിശദമാക്കാമോ; അപേക്ഷ ഫോമിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ

2311 **ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എന്നാണ് ഹരിതകർമ്മസേന രൂപീകരിച്ചത്; ഹരിതകർമ്മസേന രൂപീകരിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(ബി) ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ് നൽകാമോ;

(സി) ത്രിതല പഞ്ചായത്തുകളിലെ വീടുകളിൽ നിന്നും എത്ര രൂപ വീതമാണ് യൂസർ ഫീ ശേഖരിക്കുന്നത്; യൂസർ ഫീ ശേഖരിക്കുവാൻ ഹരിതകർമ്മസേനയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കാമോ;

(ഡി) യൂസർ ഫീ ശേഖരിക്കാൻ സ്വകാര്യ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണെന്ന് വ്യക്തമാക്കാമോ; സ്വകാര്യ ഏജൻസികൾ നേരിട്ട് യൂസർ ഫീ ശേഖരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഹരിതകർമ്മസേന രൂപീകരിക്കപ്പെടാത്ത/പ്രവർത്തിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; അവിടെ മാലിന്യ ശേഖരണം, സംസ്കരണം തുടങ്ങിയവ എങ്ങനെയാണ് നിർവ്വഹിക്കപ്പെടുന്നത്; വിശദമാക്കാമോ?

## നബാർഡ് സഹായ പദ്ധതികളുടെ വിശദാംശങ്ങൾ

2312 **ശ്രീ എം മുകേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൊല്ലം ജില്ലയിൽ അനുവദിച്ച നബാർഡ് സഹായ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) നബാർഡ് സഹായ പദ്ധതികളിൽ കൊല്ലം ജില്ലയിൽ നിന്നും നിലവിൽ പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

## ഇ – വേസ്റ്റ് റീസൈക്കിൾ പ്ലാന്റ്

2313 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ- വേസ്റ്റ് റീസൈക്കിൾ ചെയ്യുന്ന പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി

2314 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലൈഫ് ഭവന പദ്ധതി പ്രകാരം നാളിതുവരെ എത്ര വീടുകൾ അനുവദിച്ചിട്ടുണ്ട്; അതിൽ എത്രയെണ്ണം പൂർത്തിയായിട്ടുണ്ട്; പൂർത്തീകരിക്കുവാൻ എത്രയെണ്ണം ബാക്കിയുണ്ട്; തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പൂഞ്ഞാർ മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവശേഷിക്കുന്ന ഭവന രഹിതർ എത്രയെന്ന് തദ്ദേശസ്വയംഭരണസ്ഥാപനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ ശമ്പളം പരിഷ്കരണം

2315 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷനിലെ നിയമനത്തിനായി 31.08.2017-ലെ G.O.(Rt) No. 176/2017/LSGD സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നത് പോലെ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; വിശദ വിവരങ്ങൾ നൽകാമോ;

(ബി) ഇൻഫർമേഷൻ കേരള മിഷനിൽ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചിട്ട് എത്ര വർഷമായി എന്നറിയിക്കാമോ;

(സി) നിലവിൽ ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർക്ക് വേണ്ടി ശമ്പളം പരിഷ്കരണം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) നിലവിലെ ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യതകൾ എല്ലാം പരിഗണിച്ചാണോ ശമ്പളവും തസ്തികയും പുന:നിർണ്ണയിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി

2316 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി എത്ര എം.സി.എഫ് (Material Collection Facility), മിനി എം.സി.എഫ്. കൾ ഉണ്ടെന്നും അവ എത്ര സ്ക്വയർഫീറ്റ് വീതമാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) അതിൽ വാടക കൊടുത്ത് പ്രവർത്തിക്കുന്നവയുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെ; സ്ക്വയർഫീറ്റ് ഉൾപ്പടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് എം.സി.എഫ്.,മിനി എം.സി.എഫ്. കൾ ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെ; വിശദമാക്കാമോ?

## കെ-സ്മാർട്ട് പദ്ധതി

2317 **ശ്രീ. കെ. ആൻസലൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺലൈനിലേയ്ക്ക് മാറ്റുന്നതിന് കെ-സ്മാർട്ട് പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കെ-സ്മാർട്ട് നടപ്പാക്കിയതിലൂടെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് നടപ്പാക്കുന്ന കെ-സ്മാർട്ട് പദ്ധതിയെക്കുറിച്ച് പഠിക്കുന്നതിനും പകർത്തുന്നതിനുമായി ഇതര സംസ്ഥാനങ്ങളിൽ നിന്നും ഏതെങ്കിലും പ്രതിനിധികൾ എത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയാണ്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന മികവും ന്യൂനതകളും കണ്ടെത്തുന്നതിനും ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും നിർദേശം നൽകുമോ?

## നഗരസഭകളിലെ ഐ.കെ.എം. ഇടപാടുകളും ജീവനക്കാരുടെ റിലിൻക്വിഷ്മെന്റും

2318 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലേക്ക് ഓൺലൈൻ വഴി അടക്കുന്ന നികുതി, ഫീസുകൾ എന്നിവ ഇൻഫർമേഷൻ കേരള മിഷന്റെ (ഐ.കെ.എം. )അക്കൗണ്ടിൽ നിന്നും എത്ര ദിവസം കൂടുമ്പോഴാണ് നഗരസഭ അക്കൗണ്ടിൽ എത്തുന്നത്;വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ഐ.കെ.എം. നൽകുന്ന സേവനത്തിന് നികുതിയുടെ നിശ്ചിത ശതമാനം അനുവദിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(സി) നഗരസഭകളിൽ റവന്യൂ ഇൻസ്‌പെക്ടർ, ഹെൽത്ത് ഇൻസ്‌പെക്ടർ ഗ്രേഡ് 1 എന്നീ തസ്തികകളിൽ ഉള്ള ജീവനക്കാരിൽ ചിലർ ഇനി പ്രൊമോഷൻ വേണ്ടായെന്ന് (റിലിൻക്വിഷ്മെന്റ്) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടും അതേ തസ്തികകളിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച പരിശോധിക്കാൻ ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകാമോ;

(ഇ) ഇത്തരക്കാരുടെ റിലിൻക്വിഷ്മെന്റ് അപേക്ഷ റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

**<u>പുന്നപ്ര വടക്ക് പഞ്ചായത്തിലെ പറവൂർ ഫ്ലാറ്റ് സമുച്ചയ നിർമ്മാണം</u>**

2319 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 2020 ൽ നിർമ്മാണം ആരംഭിച്ച പുന്നപ്ര വടക്ക് പഞ്ചായത്തിലെ പറവൂർ ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) തടസ്സങ്ങൾ നീക്കി നിർമ്മാണം പൂർത്തീകരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

**<u>ചെറുവാടി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ പുതിയ കെട്ടിടത്തിന് ഫിറ്റ്നസും കെട്ടിട നമ്പറും</u>**

2320 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുവാടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് പുതുതായി നിർമ്മിച്ച കെട്ടിടത്തിന് ഫിറ്റ്നസ്, കെട്ടിട നമ്പർ എന്നിവ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിർമ്മാണം ക്രമവൽക്കരിക്കുന്നതിനും നമ്പർ ലഭിക്കുന്നതിനും ഉചിത മാർഗേണ അപേക്ഷ ലഭിച്ചിട്ടുണ്ടോ എന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

**<u>ഗ്രാമപഞ്ചായത്ത് മെമ്പർമാർക്കും കൗൺസിലർമാർക്കുമുള്ള റിഫ്രഷ്മെന്റ് ഫണ്ട്</u>**

2321 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർഡ് സഭകളും ഗ്രാമസഭകളും ചേരുന്നതിന് ഗ്രാമപഞ്ചായത്ത് മെമ്പർമാർക്കും കൗൺസിലർമാർക്കും റിഫ്രഷ്മെന്റ് ഇനത്തിൽ വേണ്ടി വരുന്ന ചെലവ് തനത് ഫണ്ടിൽ നിന്ന് നൽകാൻ വ്യവസ്ഥയുണ്ടോ;

(ബി) വാർഡ്/ ഗ്രാമസഭകളിൽ മിനിറ്റ്സ് തയ്യാറാക്കുന്നതിനായുള്ള ചുമതല ആർക്കാണ്; വിശദമാക്കാമോ?

**<u>മാലിന്യ നിർമ്മാർജ്ജനത്തിന് നൂതന ആശയം</u>**

2322 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ നടപ്പിലാക്കിയ നൂതന ആശയങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**<u>ഗുരുവായൂർ മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി</u>**

2323 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) തദ്ദേശ റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ ബില്ല് മാറുന്നത് എപ്രകാരമാണെന്ന് വിശദമാക്കാമോ; പ്രവൃത്തി പൂർത്തിയാക്കി ബിൽ സമർപ്പിച്ചിട്ടും തുക അനുവദിയ്ക്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

## <u>കുണ്ടറ നിയോജക മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ റോഡ് പുനരുദ്ധാരണ പദ്ധതി</u>

2324 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

## <u>തദ്ദേശ സ്വയംഭരണ വകുപ്പ് ജനപ്രതിനിധികളുടെ ഓണറേറിയം</u>

2325 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളുടെ നിലവിലെ പ്രതിമാസ ഓണറേറിയം എത്ര രൂപ വീതമാണെന്ന് വിശദമാക്കുമോ;

(ബി) അവസാനമായി ഓണറേറിയം വർദ്ധിപ്പിച്ചത് എന്നാണെന്ന് അറിയിക്കുമോ; നിലവിലെ ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## <u>ബേഡഡുക്ക ടീം ബേഡകം കുടുംബശ്രീ അഗ്രോ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് സ്ഥലം രജിസ്ട്രേഷൻ</u>

2326 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജക മണ്ഡലത്തിലെ ബേഡഡുക്ക പഞ്ചായത്തിലെ ടീം ബേഡകം കുടുംബശ്രീ അഗ്രോ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ സ്ഥലം രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ഒഴിവാക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>കെ - സ്മാർട്ട് നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി</u>

2327 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിലവിലെ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിരുന്ന കെട്ടിടങ്ങൾ കെ-സ്മാർട്ടിൽ ഉൾപ്പെടാതിരുന്നാൽ അവ

ഉൾപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വിശദമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനായി ജോയിന്റ് ഡയറക്ടർ വഴി പ്രിൻസിപ്പൽ ഡയറക്ടർക്ക് അപേക്ഷ നൽകുകയും പ്രിൻസിപ്പൽ ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷന് നിർദ്ദേശം നൽകുകയും ചെയ്യണമെന്ന വ്യവസ്ഥ വെച്ചിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ജീവനക്കാർ ഡാറ്റ എൻട്രി വരുത്തിയപ്പോൾ വന്ന തെറ്റുകൾ തിരുത്തുന്നതിന് പോലും ദീർഘവും സങ്കീർണവുമായ നടപടി ക്രമങ്ങളാണ് വേണ്ടിവരുന്നതെന്ന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വ്യവസ്ഥ കാരണം ചെറിയ തിരുത്തലുകൾക്ക് പോലും മാസങ്ങൾ കാത്തിരിക്കേണ്ടി വരുന്ന സാഹചര്യത്തെക്കുറിച്ച് അന്വേഷിക്കാമോ;

(ഇ) വസ്തു നികുതി ഇളവുള്ള ആരാധനാലയങ്ങൾ, സ്കൂളുകൾ തുടങ്ങിയവയുടെ വിവരങ്ങൾ കെ-സ്മാർട്ടിൽ ഉൾപ്പെട്ടിട്ടില്ലായെന്ന പരാതികൾ പരിഹരിക്കുന്നതിന് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുമോ;വ്യക്തമാക്കുമോ;

(എഫ്) അധികാര വികേന്ദ്രീകരണത്തിന്റെ കാലത്ത് പ്രിൻസിപ്പൽ ഡയറക്ടർ തലം വരെ അപേക്ഷകൾ എത്തണമെന്ന വ്യവസ്ഥ പിൻവലിച്ച് അവ ജോയിന്റ് ഡയറക്ടർ തലത്തിൽ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

## അനിമൽ ബർത്ത് കൺട്രോൾ പദ്ധതിയുടെ പുരോഗതി.

2328 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ പ്രശ്നം നിയന്ത്രിക്കാൻ രൂപീകരിച്ച അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) പദ്ധതിയുടെ പുരോഗതി എന്താണെന്ന് വിശദമാക്കാമോ;

(ബി) തെരുവുനായ നിയന്ത്രണത്തിൽ മൃഗസംരക്ഷണം, തദ്ദേശസ്വയംഭരണം, ആരോഗ്യകുടുംബക്ഷേമം എന്നീ വകുപ്പുകൾ തമ്മിലുള്ള ഏകോപനം എങ്ങനെ ഉറപ്പാക്കുന്നു എന്ന് വിശദമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി

2329 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലൈഫ് ഭവന പദ്ധതി പ്രകാരം എത്ര പേർക്ക് ഭവനങ്ങൾ അനുവദിച്ചു എന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) ലൈഫ് ഭവന പദ്ധതി പ്രകാരം ഭവനം അനുവദിച്ചതിൽ എത്ര പേർക്ക് സ്ഥലം ലഭ്യമാക്കി ഭവനങ്ങൾ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ കുന്നത്തുനാട് മണ്ഡലത്തിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലൈഫ് ഭവന പദ്ധതി മുഖേന ഭവനങ്ങൾ ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ കാലയളവിൽ കുന്നത്തുനാട് മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് വീട് മെയിന്റനൻസിനായി തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

**കോന്നി നിയോജക മണ്ഡലത്തിൽ പദ്ധതികൾക്ക് അനുവദിച്ച തുക**

2330 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്തും കഴിഞ്ഞ സർക്കാരിന്റെ കാലത്തും തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പുകളിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും അവയുടെ പുരോഗതിയും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവ, പൂർത്തീകരിക്കാനുള്ളവ എന്നിവയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ടി പ്രവൃത്തികളിൽ കിഫ്ബി പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ വിശദവിവിരങ്ങളും പുരോഗതിയും വിശദമാക്കാമോ?

**പാറശ്ശാല നിയോജക മണ്ഡലത്തിൽ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി**

2331 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിലായി ആകെ എത്ര അതിദരിദ്ര കുടുംബങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം കണ്ടെത്തിയവർക്ക് തിരിച്ചറിയൽ രേഖകൾ, ഭക്ഷണം, ചികിത്സ, മരുന്ന് എന്നിവ ഉറപ്പാക്കുന്നതിനായി ഓരോ പഞ്ചായത്തിലും നടപ്പാക്കി വരുന്ന പദ്ധതികളുടെ പുരോഗതി അറിയിക്കാമോ;

(സി) അതിദരിദ്രർക്കായി തയ്യാറാക്കിയ മൈക്രോ പ്ലാനുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭവന നിർമ്മാണം, ഭൂമി ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി പാറശ്ശാല മണ്ഡലത്തിൽ ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) മണ്ഡലത്തിൽ അതിദരിദ്രരായി കണ്ടെത്തിയവരിൽ എത്ര പേരെ ഇതിനോടകം ദാരിദ്ര്യരേഖയ്ക്ക് മുകളിലേക്ക് കൊണ്ടു പോകാൻ സാധിച്ചിട്ടുണ്ടെന്നും ഈ ലക്ഷ്യം പൂർണ്ണമായും കൈവരിക്കാൻ നിശ്ചയിച്ചിട്ടുള്ള സമയപരിധി എത്രയാണെന്നും അറിയിക്കാമോ?

**അരുവിക്കര മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച ഫണ്ടുകൾ**

2332 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരുവിക്കര നിയോജക മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ഓരോ വർഷവും പ്ലാൻ, നോൺ പ്ലാൻ, ധനകാര്യ കമ്മീഷൻ തുടങ്ങി വിവിധ ഫണ്ടുകൾ മുഖേന അനുവദിച്ച ആകെ

തുക സംബന്ധിച്ച വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് അറിയിക്കാമോ;

(ബി) അരുവിക്കര നിയോജക മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി എത്ര അതിദരിദ്ര്യരെയാണ് കണ്ടെത്തിയിട്ടുള്ളതെന്നും ഇവരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും പഞ്ചായത്ത് തിരിച്ച് വിവരം നൽകാമോ?

## കെ-സ്മാർട്ട് പോർട്ടലിലെ സാങ്കേതിക തകരാറുമൂലമുള്ള ബുദ്ധിമുട്ടുകൾ

2333 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്മാർട്ട് പോർട്ടലിലെ സാങ്കേതിക തകരാറുകൾ മൂലം കെട്ടിട നികുതി ഒടുക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കെ-സ്മാർട്ട് നടപ്പിലാക്കിയ ശേഷം ഡാറ്റാ മൈഗ്രേഷനിൽ ഉണ്ടായ പിഴവുകൾ കാരണം എത്ര കുടുംബങ്ങളുടെ കെട്ടിട നമ്പറുകൾ പോർട്ടലിൽ നിന്ന് അപ്രത്യക്ഷമായിട്ടുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) കെ-സ്മാർട്ടിന് ബദലായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫിസിക്കൽ കൗണ്ടറുകൾ വഴി അടിയന്തര സേവനം നൽകാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

## ലൈഫ് ഭവന പദ്ധതി മുഖേന അനുവദിച്ച വീടുകൾ

2334 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് ഭവന പദ്ധതി മുഖേന എത്ര വീടുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ലൈഫ് ഭവന പദ്ധതിയിലൂടെ അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും വീട് അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## ലൈഫ് മിഷൻ പദ്ധതി

2335 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയിലൂടെ ആകെ എത്ര വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിൽ എത്ര വീടുകളുടെ നിർമ്മാണം ആരംഭിച്ചു; എത്ര വീടുകൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് നൽകി; വ്യക്തമാക്കാമോ;

(ബി) 01.01.2026 വരെ ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് സർക്കാർ എത്ര തുക നൽകി; വ്യക്തമാക്കാമോ?

## അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

2336 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 കാലത്ത് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ വിശദമാക്കാമോ;

(ബി) ഇവയിൽ പൂർത്തിയായവ, പുരോഗമിക്കുന്നവ, ആരംഭിക്കാത്തവ എന്നിങ്ങനെ തരംതിരിച്ച് വിശദമായ മറുപടി ലഭ്യമാക്കാമോ?

**<u>കുണ്ടറ നിയോജക മണ്ഡലത്തിലെ ആർ.കെ.ഐ. പദ്ധതികൾ</u>**

2337 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജക മണ്ഡലത്തിൽ ആർ.കെ.ഐ പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള റോഡ് പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയിൽ പൂർത്തീകരിച്ചിട്ടുള്ളവ, നിർമ്മാണത്തിലിരിക്കുന്നവ, ഇതുവരെയും നിർമ്മാണം ആരംഭിക്കാത്തവ എന്നിവ പഞ്ചായത്ത് തിരിച്ച് വിശദാംശം നൽകാമോ?

**<u>മണലൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ</u>**

2338 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അംഗീകൃത തസ്തികകൾ ഏതെല്ലാമാണെന്നും ഏതെല്ലാം തസ്തികകളിൽ ഒഴിവ് നിലവിലുണ്ടെന്നും തദ്ദേശ സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

**<u>പൊതുജന സേവനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കാൻ നടപടി</u>**

2339 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ സുതാര്യവും കാര്യക്ഷമവുമായി ലഭിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പരിഷ്കാരങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

**<u>ലൈഫ് ഭവനപദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭിച്ച വീടുകൾ</u>**

2340 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീടുകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര വീടുകൾ

പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള വിവരം തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് പെൻഷൻ

2341 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധികളായിരുന്നവർക്ക് പെൻഷൻ നൽകുന്ന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; അറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ കൺവീനറായി ആറംഗ സമിതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സമിതി ഈ വിഷയം സംബന്ധിച്ച് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ശിപാർശങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## കില നടത്തിവരുന്ന പരിശീലന പരിപാടികൾ

2342 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കില നടത്തിവരുന്ന പരിശീലന പരിപാടികളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) 2021-25 കാലയളവിൽ കില വഴി നടപ്പാക്കിയ പരിശീലന പരിപാടികളും അവയുടെ പങ്കാളിത്തവും വിശദമാക്കാമോ; ഏതെല്ലാം വിഭാഗങ്ങളിലെ പരിശീലനാർത്ഥികളാണ് പങ്കെടുത്തതെന്ന് വിശദമാക്കാമോ;

(സി) ഐക്യരാഷ്ട്ര സംഘടന സർവകലാശാല (യു എൻ യൂണിവേഴ്സിറ്റി) യുമായി വിവിധ വിഷയങ്ങളിൽ പഠന-പരിശീലന പരിപാടികൾ ആവിഷ്കരിക്കുന്നതിന് കില ധാരണ പത്രത്തിൽ ഒപ്പുവെച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ദേശീയ കാര്യശേഷി കമ്മീഷനുമായി എന്തെല്ലാം പരിശീലന പരിപാടികളിൽ സഹകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഇ) കൂടുതൽ പരിശീലന പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിനാവശ്യമായ നവീകരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കാൻ നിർദേശം നൽകുമോ; വ്യക്തമാക്കുമോ?

## ആലപ്പുഴ നിയോജക മണ്ഡലത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതി

2343 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് നിലവിൽ പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ആലപ്പുഴ നിയോജക മണ്ഡലത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് നിലവിൽ പ്രവർത്തിച്ചു വരുന്നതെന്നും അവ എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

## <u>കാസർഗോഡ് ജില്ലയിലെ കെട്ടിട നിർമ്മാണ അപേക്ഷകൾ</u>

2344 **ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണ പെർമിറ്റിനും കെട്ടിട നമ്പറിനും 2025 ഏപ്രിൽ 1 മുതൽ 2026 ജനുവരി 26 വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകളിൽ തീർപ്പ് കൽപിക്കാത്ത അപേക്ഷകളുടെ വിശദവിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കുമോ;

(ഡി) തീർപ്പ് കൽപിക്കാത്ത അപേക്ഷകളിൽ തീരുമാനം വൈകുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) കെട്ടിട നിർമ്മാണ പെർമിറ്റ്, നമ്പറിംഗ് എന്നിവക്കായി ഒരു അപേക്ഷ കിട്ടിയാൽ എത്ര ദിവസം കൊണ്ട് ആയത് തീർപ്പാക്കണമെന്ന് വ്യക്തമാക്കുമോ;

(എഫ്) ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസ്തുത സേവനം യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ ജോയിന്റ് ഡയറക്ടർ തലത്തിൽ അവലോകനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>ഹരിപ്പാട് നഗരസഭയുടെ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളിൽ പ്രതിസന്ധി</u>

2345 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നഗരസഭയിലെ ജീവനക്കാരുടെ അഭാവം നിമിത്തം പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളിൽ ഗുരുതര പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനത്തിലെ എഞ്ചിനീയറിംഗ്, മിനിസ്റ്റീരിയൽ വിഭാഗങ്ങളിലായി ഒഴിവുള്ള തസ്തികകളുടെ വിശദാംശങ്ങൾ അറിയിക്കാമോ; ഈ ഒഴിവുകൾ എത്രയും വേഗം നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ജീവനക്കാരുടെ കുറവിനെ തുടർന്ന് പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം പോരായ്മകൾ സംഭവിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഗുരുതരമായ കൃത്യവിലോപം നടത്തി ഹരിപ്പാട് നഗരസഭയുടെ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ പ്രതിസന്ധിയിലാക്കിയതിനെ തുടർന്ന് ഹരിപ്പാട് നഗരസഭയിൽ

നിന്നും സ്ഥലം മാറ്റപ്പെട്ട മുൻ അസി. എഞ്ചിനീയർ ഇപ്പോഴും ഹരിപ്പാട് നഗരസഭയിൽ തുടരുന്നതിന്റെ കാരണം അറിയിക്കാമോ;

(സി) ഇത് സംബന്ധിച്ച് സംസ്ഥാന അഡ്മിസ്ട്രേറ്റീവ് ട്രിബ്യൂണൽ എന്തെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ എതിർ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; വിഷയത്തിന്റെ ഗൗരവ സ്വഭാവം അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ ബോധ്യപ്പെടുത്തി ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(ഡി) വാർഷിക പദ്ധതികളുടെ സമയബന്ധിതമായ നിർവ്വഹണത്തിലൂടെ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട പദ്ധതി ആനുകൂല്യങ്ങൾ തടസ്സപ്പെടുത്തിയ പ്രസ്തുത ഉദ്യോഗസ്ഥയ്ക്കെതിരെ എന്ത് അച്ചടക്ക/ശിക്ഷ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

## കോട്ടയം മണ്ഡലത്തിൽ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി വഴി നടപ്പിലാക്കിയ പദ്ധതികൾ

2346 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ കോട്ടയം മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ റോഡ് പുനരുദ്ധാരണ പദ്ധതി വഴി അനുവദിച്ച പദ്ധതികൾ, അവയിൽ പൂർത്തിയായവ, പൂർത്തിയാകാനുള്ളവ ഏതൊക്കെയെന്ന് വിശദമാക്കുമോ; പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ പുരോഗതിയും അറിയിക്കാമോ?

## ബാർബർ ഷോപ്പ്/ബ്യൂട്ടിപാർലർ എന്നിവിടങ്ങളിൽ നിന്നും ഹരിതകർമ്മ സേന ഈടാക്കുന്ന യൂസർ ഫീസ്

2347 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർബർ ഷോപ്പ്/ബ്യൂട്ടിപാർലറുകൾ എന്നിവയിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഹരിതകർമ്മ സേന പ്രതിമാസം എത്ര രൂപയാണ് യൂസർ ഫീസായി ഈടാക്കുന്നത്; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) ബാർബർ ഷോപ്പ്/ബ്യൂട്ടിപാർലറുകൾ എന്നിവിടങ്ങളിൽ സാധാരണയായി പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉണ്ടാകാറില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിനായുള്ള യൂസർ ഫീസിൽ നിന്നും ബാർബർ ഷോപ്പ്/ ബ്യൂട്ടിപാർലറുകൾ എന്നിവയെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## ഉടുമ്പൻചോല മണ്ഡലത്തിൽ അനുവദിച്ച റോഡ് നിർമാണ പ്രവൃത്തികൾ

2348 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശസ്വയംഭരണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഉടുമ്പൻചോല മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും ആകെ അനുവദിച്ച തുക എത്രയെന്നുമുള്ള വിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ എത്രയെണ്ണം പൂർത്തീകരിച്ചുവെന്നും എത്രയെണ്ണം നിർമ്മാണഘട്ടത്തിലാണെന്നുമുള്ള വിവരങ്ങൾ നൽകാമോ;

(സി) ഈ പ്രവൃത്തികളിൽ നിന്നും ചില റോഡുകൾക്ക് പകരം പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ നിർദേശിച്ചതിൻ പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ കൂടി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## തദ്ദേശസ്വയംഭരണ വകുപ്പിൽ പി.എസ്.സി വഴിയുള്ള നിയമനങ്ങൾ

2349 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പി.എസ്.സി. വഴി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ സംസ്ഥാന പദ്ധതി അടങ്കൽ

2350 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ സംസ്ഥാന പദ്ധതി അടങ്കലിന്റെ എത്ര ശതമാനം തുകയായിരുന്നു നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) 2021-22 മുതൽ 2025-26 നാളിതുവരെയുള്ള കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ തുകയിൽ സംസ്ഥാന പദ്ധതി അടങ്കലിന്റെ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിയെന്ന് വ്യക്തമാക്കാമോ?

## റോഡുകളുടെ ജി.ഐ.എസ്. അധിഷ്ഠിത വിവരശേഖരണം

2351 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്താദ്യമായി തദ്ദേശസ്വയംഭരണ റോഡുകളുടെ ജി.ഐ.എസ്. അധിഷ്ഠിത വിവരശേഖരണം സമയബന്ധിതമായി പൂർത്തികരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഓരോ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാ/ഗ്രാമ പഞ്ചായത്ത് എന്നിവകളുടെ അധീനതയിൽ വരുന്ന റോഡുകളുടെ ആസ്തിവിവരം പ്രത്യേകം ലഭ്യമാക്കാമോ?

## കാട്ടാക്കട കൊല്ലാട് വാർഡിൽ കോസ്റ്റ് ഫോർഡ് മുഖാന്തരം നിർമ്മിക്കുന്ന 'ഒപ്പം' വനിതാ മന്ദിരം

2352 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ കൊല്ലാട് വാർഡിൽ കോസ്റ്റ് ഫോർഡ് മുഖാന്തരം നിർമ്മിക്കുന്ന 'ഒപ്പം' വനിതാ മന്ദിരത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ പ്രവൃത്തിയുടെ രണ്ടാംഘട്ട ബിൽ അനുവദിക്കുന്നതിനുണ്ടായ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## വർക്കല നിയോജക മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ റോഡ് പുനരുദ്ധാരണ പദ്ധതി

2353 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം അനുവദിച്ച ഗ്രാമീണ റോഡുകളുടെ പ്രവൃത്തി പുരോഗതി വിശദമാക്കാമോ?

## ലൈഫ് ഭവന പദ്ധതി പ്രകാരം ഓരോ ജില്ലയിലും അനുവദിച്ച വീടുകൾ

2354 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം ഓരോ ജില്ലയിലും അനുവദിച്ച വീടുകളുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവയിൽ പൂർത്തീകരിച്ചവ, പൂർത്തീകരിക്കാത്തവ എന്നിവ വേർതിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിച്ച വീടുകളുടെ എണ്ണം ജില്ല തിരിച്ച് വിശദമാക്കാമോ?

## കായംകുളം മണ്ഡലത്തിൽ ശുചിത്വമിഷൻ മുഖേന നടപ്പാക്കിയ പദ്ധതികൾ

2355 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ശുചിത്വമിഷൻ മുഖേന കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ, അനുവദിച്ച തുക, പദ്ധതിയുടെ പുരോഗതി എന്നിവ വിശദമാക്കാമോ?

## നെറ്റ് സീറോ കാർബൺ പദ്ധതി

2356 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നെറ്റ് സീറോ കാർബൺ പദ്ധതിയുടെ വിജയത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് തയ്യാറാക്കി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ നെറ്റ് സീറോ കാർബൺ പദ്ധതി നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; വിശദമാക്കാമോ?

**<u>തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ പദ്ധതികൾ</u>**

2357 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് 2025-ലെ ബജറ്റിൽ രണ്ടാം ഘട്ടമായി പ്രഖ്യാപിച്ച തുകയുടെ അടിസ്ഥാനത്തിൽ എത്ര പദ്ധതികൾക്കാണ് ഭരണാനുമതി ഇതിനകം നൽകിയിട്ടുള്ളത്; ആയത് എത്ര രൂപയുടെയാണെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പദ്ധതിക്കാണ് ഇതിനകം സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര പ്രവൃത്തികൾ ടെൻഡർ നൽകാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; എത്ര എണ്ണം കരാറിലേർപ്പെട്ടിട്ടുണ്ട്; അറിയിക്കാമോ?

**<u>തദ്ദേശസ്വംയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ അലവൻസ്</u>**

2358 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് അലവൻസ്, സിറ്റിംഗ് ഫീ ഇനങ്ങളിൽ എത്ര രൂപ വീതമാണ് നൽകിവരുന്നത്; വ്യക്തമാക്കാമോ;

(ബി) ഇവർക്ക് യാത്രാബത്തക്ക് അർഹതയുണ്ടോ; എങ്കിൽ ടി.എ, ഡി.എ. ഇനത്തിൽ എത്ര രൂപ വീതം അനുവദിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ജനപ്രതിനിധികൾ നടത്തുന്ന ഔദ്യോഗിക യാത്രകൾക്ക് ഭരണസമിതിയുടെ മുൻകൂർ അനുമതി ആവശ്യമുണ്ടോ; വ്യക്തമാക്കാമോ?

**<u>മലപ്പുറം മങ്ങാട്ടുപുലം തൂക്കുപാലം നിർമ്മാണം</u>**

2359 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ച മലപ്പുറം മണ്ഡലത്തിലെ മങ്ങാട്ടുപുലം ഹാജിയാർ പള്ളി

തുക്കുപാലത്തിന്റെ പുനർനിർമ്മാണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) പുതുക്കിയ ഭരണാനുമതി തുക എത്രയെന്നും നിർമ്മാണ കാലാവധി എന്നുവരെയെന്നും ചുമതല ആർക്കാണെന്നും വെളിപ്പെടുത്തുമോ?

## <u>കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപങ്ങളിലെ ഒഴിവുകൾ</u>

2360 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒഴിവുള്ള ജീവനക്കാരുടെ എണ്ണം തസ്തികയും സ്ഥാപനവും തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ എത്ര കാലമായി തുടരുന്നുവെന്ന് തസ്തികയും സ്ഥാപനവും തിരിച്ച് വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ നികത്തപ്പെടാതെ തുടരുന്നത് എന്തുകൊണ്ടാണെന്നും പരിഹാരനടപടികൾ എപ്പോൾ ഉണ്ടാകുമെന്നും വ്യക്തമാക്കാമോ;

(ഡി) ജില്ലയിൽ എത്ര പഞ്ചായത്ത് സെക്രട്ടറിമാരെ അവസാനമായി നിയമിച്ചിട്ടുണ്ടെന്നും അത് എപ്പോഴാണെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

## <u>കാസർഗോഡ് ജില്ലയിൽ ലൈഫ് ഭവനപദ്ധതി</u>

2361 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര വീടുകൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും ഇനിയും എത്ര വീടുകൾ പൂർത്തീകരിക്കേണ്ടതുണ്ടെന്നും അറിയിക്കാമോ?

## <u>ലൈഫ് ഭവന പദ്ധതി</u>

2362 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ പൂർത്തീകരിച്ച വീടുകളുടെയും ഭവന സമുച്ചയങ്ങളുടെയും എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) കോർപ്പറേഷനുകളിലും നഗരസഭകളിലും സ്ഥല ലഭ്യതക്കുറവുള്ളതിനാൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് മുൻതൂക്കം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത സ്ഥലങ്ങളിലെ സ്ഥല ലഭ്യതക്കുറവുമൂലം തൊട്ടടുത്ത പഞ്ചായത്തുകളിലെ സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഭവന സമുച്ചയങ്ങളും അതിനോടനുബന്ധിച്ച് മറ്റു പശ്ചാത്തല സൗകര്യവും കൂടി ലഭ്യമാക്കത്തക്കവിധം പദ്ധതികൾ ആസൂത്രണം ചെയ്യുമോ; വ്യക്തമാക്കുമോ?

## സി.എം.എൽ.ആർ.ആർ.പി. പദ്ധതി

2363 **ശ്രീ ഡി കെ മുരളി**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ റോഡ് വികസനത്തിനായി സർക്കാർ നേരിട്ട് തുക നൽകി നടപ്പാക്കുന്ന സി.എം.എൽ.ആർ.ആർ.പി (ചീഫ് മിനിസ്റ്റേഴ്സ് ലോക്കൽ റോഡ് റിബിൽഡ് പ്രോജക്ട്) പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം ജില്ലകളിൽ എത്ര പദ്ധതികൾ വീതം ഏറ്റെടുത്തിരുന്നുവെന്നും അതിനായി എത്ര രൂപയുടെ ഭരണാനുമതി നൽകിയിരുന്നതായും അറിയിക്കുമോ;

(സി) സി.എം.എൽ.ആർ.ആർ.പി.-യിൽ ഉൾപ്പെടുത്തി ഇതിനകം എത്ര കിലോമീറ്റർ റോഡ് നവീകരിച്ചിട്ടുണ്ട്; അതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## ഓപ്പറേഷൻ ക്ലീൻ സ്വീപ്പ് പദ്ധതി

2364 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ വി കെ പ്രശാന്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യമുക്ത കേരളത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി പരിശോധന നടത്തുന്നതിന് ഓപ്പറേഷൻ ക്ലീൻ സ്വീപ്പ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ശുചിത്വ നിയമങ്ങൾ കർശനമായി നടപ്പാക്കാൻ വകുപ്പ് തുടർച്ചയായി നടത്തുന്ന നടപടികളുടെ ഭാഗമായുണ്ടായ പുരോഗതി വ്യക്തമാക്കാമോ;

(സി) ഏതെല്ലാം തരത്തിലുള്ള ശുചിത്വ ചട്ടലംഘനങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്നും അതിലൂടെ എത്ര തുക പിഴ ഈടാക്കാൻ സാധിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ഡി) ഓപ്പറേഷൻ ക്ലീൻ സ്വീപ്പ് പദ്ധതി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

2365 **ശ്രീ എം എസ് അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതു മുതൽ നാളിതുവരെ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പ്, എം.എൽ.എ.-എസ്.ഡി.എഫ് (സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് ), എ.ഡി.എസ് (അസറ്റ് ഡെവലപ്മെന്റ് ഫണ്ട്), സി.എം.എൽ.ആർ.ആർ.പി (ചീഫ് മിനിസ്റ്റേഴ്സ് ലോക്കൽ റോഡ് റീബിൽഡ് പ്രോഗ്രാം), വെള്ളപ്പൊക്ക ദുരന്ത നിവാരണ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരവും തൽസ്ഥിതിയും ലഭ്യമാക്കുമോ?

**ഉടുമ്പൻചോല മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ**

2366 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിവിധ ഫണ്ടുകൾ, നബാർഡ് ഫണ്ടുകൾ ഇവ പ്രയോജനപ്പെടുത്തി ഉടുമ്പൻചോല മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, ഓരോ പ്രവൃത്തിയുടെയും നിർമ്മാണ പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശം പഞ്ചായത്ത് തിരിച്ച് നൽകാമോ?

**ഉടുമ്പൻചോല മണ്ഡലത്തിലെ ലൈഫ് പദ്ധതി**

2367 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം ആകെ അനുവദിച്ച വീടുകളിൽ നിർമ്മാണം പൂർത്തിയായവ, നിർമ്മാണം പൂർത്തിയാകാനുള്ളവ എന്നിവ സംബന്ധിച്ച വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

**കെ-സ്മാർട്ട്**

2368 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ വഴി ജനങ്ങൾക്ക് സേവനങ്ങൾ ലഭിക്കുന്നതിലുണ്ടായ കാലതാമസം എത്രത്തോളം കുറയ്ക്കാൻ സാധിച്ചുവെന്ന് വിശദമാക്കാമോ;

(ബി) നഗരസഭകളിൽ നടപ്പിലാക്കിയ ഈ സംവിധാനം ഗ്രാമപഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; എല്ലാ പഞ്ചായത്തുകളിലും ഇത് ലഭ്യമാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി വ്യക്തമാക്കാമോ;

(സി) കെ-സ്മാർട്ട് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ജനന-മരണ സർട്ടിഫിക്കറ്റുകൾ, വിവാഹ രജിസ്ട്രേഷൻ, കെട്ടിട നിർമ്മാണ അനുമതി എന്നിവ ലഭിക്കുന്നതിൽ

പ്രവാസികൾ നേരിടുന്ന സാങ്കേതിക തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പഞ്ചായത്തുകളിലെ ഇന്റർനെറ്റ് സൗകര്യം, ഉദ്യോഗസ്ഥർക്കുള്ള പരിശീലനം, പഴയ ഫയലുകളുടെ ഡിജിറ്റൈസേഷൻ എന്നിവ കെ-സ്മാർട്ട് വ്യാപനത്തിനായി പൂർത്തിയാക്കിയിട്ടുണ്ടോ; ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധിക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക തകരാറുകൾ (സെർവർ/ടെക്നിക്കൽ) പരിഹരിക്കുന്നതിനും പൊതുജനങ്ങൾക്ക് സഹായം നൽകുന്നതിനുമായി സംസ്ഥാന തലത്തിലോ ജില്ലാ തലത്തിലോ പ്രത്യേക ഹെൽപ്പ് ഡെസ്ക് സംവിധാനം നിലവിലുണ്ടോ; വിശദാംശം നൽകുമോ?

## <u>പാലാ പൊന്നൊഴുകും തോട് പാലത്തിന് അപ്രോച്ച് റോഡ് നിർമ്മാണം</u>

2369 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജക മണ്ഡലത്തിലെ മീനച്ചൽ ഗ്രാമപഞ്ചായത്തിൽ പൊന്നൊഴുകുംതോട് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ ഡെപ്പോസിറ്റ് ഹെഡിലേയ്ക്ക് തുക നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ ( No. LSGD/PD/11430/2025-EW6) നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) വർഷങ്ങളുടെ കാലതാമസം എടുക്കുന്ന പ്രസ്തുത അപ്രോച്ച് റോഡ് നിർമ്മാണം ജനങ്ങളുടെ ബുദ്ധിമുട്ട് പരിഗണിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ഹരിപ്പാട് മണ്ഡലത്തിലെ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം മുഖേനയുള്ള പ്രവൃത്തികൾ</u>

2370 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി, എം.എൽ.എ. എസ്.ഡി.എഫ്, എം.പി. ഫണ്ട്, മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി, ആർ.കെ.ഐ, പി.എം.ജി.എസ്.വൈ. എന്നിവ വിനിയോഗിച്ച് 2021-26 കാലയളവിൽ പൂർത്തീകരിച്ച വിവിധ പ്രവൃത്തികളുടെയും നിർവ്വഹണം നടന്നു വരുന്നതുമായ പ്രവൃത്തികളുടെയും ഇനം തിരിച്ച് വർഷം തിരിച്ചുള്ള പുരോഗതിയുടെ വിശദാംശം ലഭ്യമാക്കാമോ?

## <u>പൂഞ്ഞാർ മണ്ഡലത്തിലെ പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതി</u>

2371 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി പൂഞ്ഞാർ മണ്ഡലത്തിൽ ഏതെല്ലാം റോഡുകളാണ് നവീകരിക്കുന്നതെന്ന് അറിയിക്കാമോ; ഇതിനായി വകയിരുത്തിയിട്ടുള്ള തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നീ വിശദാംശം ലഭ്യമാക്കാമോ?

**എളവള്ളി ഗ്രാമപഞ്ചായത്തിലെ ഓവർസീയർ തസ്തിക ഒഴിവുകൾ നികത്തൽ**

2372 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എളവള്ളി ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഓവർസീയർ തസ്തികകൾ ഒഴിഞ്ഞ് കിടക്കുകയാണെന്നും സമീപ പഞ്ചായത്തുകളിൽ നിന്നുമെത്തുന്ന ഓവർസീയർമാരുടെ സേവനം ആഴ്ചയിൽ രണ്ടു ദിവസം മാത്രമാണുള്ളതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ അപര്യാപ്തത പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ ബാധിക്കാനിടയുള്ളതിനാൽ പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**വൈപ്പിൻ നിയോജക മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി**

2373 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് തുക അനുവദിച്ചിട്ടും സി.ആർ.ഇസഡ് (Coastal Regulation Zone ) നിയമ പ്രകാരം വീട് നിർമ്മാണം സാധ്യമാകാത്ത എത്ര ഗുണഭോക്താക്കൾ ഉണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ഗുണഭോക്താക്കളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ എത്രപേർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കാലപ്പഴക്കത്താൽ ജീർണ്ണിച്ച ഗൃഹങ്ങളിൽ താമസിക്കുന്ന ഇവർക്ക് വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനായി വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ പഞ്ചായത്തിൽ 1997 ൽ ജില്ലാ കളക്ടർ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി അനുവദിച്ച ഭൂമിയിൽ ഫ്ലാറ്റ് നിർമ്മിച്ച് പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി**

2374 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള സെക്രട്ടറിക്കെതിരെ ആക്ഷേപം നൽകിയിട്ടുണ്ടോയെന്നും അതിന് ആധാരമായിട്ടുള്ള വസ്തുതകൾ എന്താണെന്നും വിശദമാക്കാമോ;

(ബി) ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ലൈഫ് മിഷൻ പദ്ധതി

2375 **ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവനരഹിതർക്കായി നടപ്പിലാക്കുന്ന ലൈഫ് മിഷൻ പദ്ധതിയുടെ നിലവിലെ പുരോഗതിയുടെ വിശദാംശം വ്യക്തമാക്കാമോ; വിവിധ ഘട്ടങ്ങളിലായി ഇതുവരെ പൂർത്തീകരിച്ച വീടുകളുടെ എണ്ണം ജില്ല തിരിച്ചുള്ള കണക്കുകൾ സഹിതം ലഭ്യമാക്കാമോ;

(ബി) ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഗുണഭോക്താക്കളായി തിരഞ്ഞെടുക്കപ്പെട്ട പലർക്കും ധനസഹായം ലഭിക്കുന്നതിൽ വലിയ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ; ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ലൈഫ് മിഷൻ പ്രഖ്യാപിച്ചത് മുതൽ നാളിതുവരെ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്; ജില്ലാ തിരിച്ചുള്ള വിവരങ്ങളും, ആയതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) ലൈഫ് മിഷൻ വഴി നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഇ) ലൈഫ് മിഷൻ പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളിലായി ഇതുവരെ പൂർത്തീകരിച്ച വീടുകളുടെ എണ്ണം ലഭ്യമാക്കാമോ; ഓരോ ഘട്ടത്തിലും വിനിയോഗിച്ച തുകയുടെ വിശദാംശങ്ങളും, ഈ പദ്ധതിക്കായി ധനസമാഹരണം നടത്തിയ സ്രോതസ്സുകളും വെളിപ്പെടുത്താമോ?

## കോട്ടക്കൽ വളാഞ്ചേരി സബ്ട്രഷറി കെട്ടിടത്തിനു ഭൂമി

2376 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി സബ്ട്രഷറി കെട്ടിട നിർമ്മാണത്തിനായി ഗ്രാമവികസന വകുപ്പിന്റെ കൈവശമുള്ള കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ പത്ത് സെന്റ് സ്ഥലം ലഭ്യമാക്കണമെന്ന വിഷയത്തിന്മേൽ തദ്ദേശ സ്വയംഭരണ(ആർ.ഇ) വകുപ്പിൽ ആർ.ഇ3/139/2025-ത.സ്വ.ഭ.വ. നമ്പർ ഫയലിൽ സ്വികരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ആവശ്യപ്പെട്ട പ്രകാരമുള്ള റിപ്പോർട്ട് നിയമ വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ടോ; ഭൂമി കൈമാറുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## കാട്ടാക്കട മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ

2377 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ 6 പഞ്ചായത്തുകളിലായി അനുമതി ലഭ്യമായ തദ്ദേശസ്വയംഭരണ റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസമുണ്ടാകുന്നതിന്റെ കാരണങ്ങൾ എന്തെന്നും ഓരോ പ്രവൃത്തിയും എന്ന് പൂർത്തിയാക്കാനാകുമെന്നുമുള്ള വിശദാംശങ്ങളും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീട്

2378 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വീട് നിർമിച്ച് നൽകിയിട്ടുണ്ടെന്നും അതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ പട്ടികജാതി വികസന വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും ലൈഫ് ഭവന പദ്ധതിയിലേക്ക് ഓരോ സാമ്പത്തിക വർഷവും എത്ര തുക നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ സ്വകാര്യ ഭൂമി ഉൾപ്പെടുത്തുമ്പോഴുള്ള നിബന്ധനകൾ

2379 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾ,ട്രസ്റ്റുകൾ തുടങ്ങിയവരുടെ സ്വകാര്യ ഭൂമി പൊതു ഗതാഗതത്തിനും മറ്റ് പൊതു ആവശ്യത്തിനും ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്നതിനെ തുടർന്ന് അവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്ന നിലവിലെ രീതി സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഇത്തരത്തിൽ ഭൂമി പൊതു ആവശ്യത്തിനായി നൽകുന്നവർ അവ രജിസ്റ്റർ ചെയ്ത് നൽകണമെന്ന് ഉത്തരവുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(സി) സ്വമേധയാ സ്ഥലം പൊതു ആവശ്യത്തിന് വിട്ടു കൊടുക്കുന്നവർ രജിസ്ട്രേഷൻ തുടങ്ങിയ നിബന്ധനകൾ കാരണം അതിന് വൈമുഖ്യം കാണിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മുൻകാലങ്ങളിൽ അവലംബിച്ചിരുന്ന രീതി തുടരുന്നതിനുള്ള അനുമതി നൽകുമോ; വ്യക്തമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി

2380 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും എത്ര വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു എന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ പഞ്ചായത്തിലും ലൈഫ് പദ്ധതിയിൽ വീടുകൾ ലഭിച്ചവരുടെ പട്ടിക ലഭ്യമാക്കുമോ?

**ഒറ്റപ്പാലം മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട്**

2381 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം മണ്ഡലത്തിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും അതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ ഭൂരഹിതരായ എത്രപേർക്ക് സ്ഥലം കണ്ടെത്തി വീട് നിർമ്മിച്ച് നൽകിയെന്ന് വ്യക്തമാക്കാമോ?

**വൈപ്പിൻ മണ്ഡലത്തിലെ കോതാട്-ചേന്നൂർ പാലം നിർമ്മാണം**

2382 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ (ജിഡയുടെ) ധനസഹായത്തോടെ നിർമ്മിക്കുന്നതും പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ളതും കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള കേസിൽ വിധി ഉണ്ടായിട്ടും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയിലുള്ള വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമ പഞ്ചായത്തിലെ കോതാട്-ചേന്നൂർ പാലം നിർമ്മാണം സംബന്ധിച്ച ഫയലിൽ തീരുമാനം എടുക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) കോടതി വിധി വന്നിട്ടും ദിവസങ്ങളോളം ഫയൽ കെട്ടിക്കിടക്കുന്ന അവസ്ഥ പരിശോധിച്ച് പ്രസ്തുത ഫയലിൽ അടിയന്തര തീരുമാനം ലഭ്യമാക്കി പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

**നെടുംങ്കണ്ടം ഗ്രാമപഞ്ചായത്തിൽ ഒഴിവുള്ള തസ്തികകൾ**

2383 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുംങ്കണ്ടം ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റ് തസ്തിക ഒഴിവായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികയിലെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നെടുംങ്കണ്ടം ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## പയ്യന്നൂർ നഗരസഭയുടെ ഗ്രേഡും സ്റ്റാഫ് പാറ്റേണും

2384 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭ ഏത് ഗ്രേഡിൽ വരുന്ന നഗരസഭയാണെന്ന് വ്യക്തമാക്കാമോ;

(ബി) പയ്യന്നൂർ നഗരസഭയെ ഒന്നാം ഗ്രേഡ് ആയി ഉയർത്തി ഉത്തരവായെങ്കിലും നിലവിലെ സ്റ്റാഫ് പാറ്റേൺ ഏത് ഗ്രേഡിൽ വരുന്ന നഗരസഭയ്ക്ക് തുല്യമാണെന്ന് വ്യക്തമാക്കാമോ;

(സി) പയ്യന്നൂർ നഗരസഭയിൽ ഒന്നാം ഗ്രേഡ് നഗരസഭയ്ക്ക് ആനുപാതികമായ തസ്തികകൾ അനുവദിക്കാൻ ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## നഗരസഭകളിലെ നിർമ്മാണ വികസന പ്രവർത്തനങ്ങൾ

2385 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളിൽ പദ്ധതി വിഹിതതുക കൂടാതെ കിഫ്ബി തുടങ്ങിയ മറ്റു ഫണ്ടുകൾ ഉപയോഗിച്ച് എന്തെല്ലാം നിർമ്മാണ വികസന പ്രവർത്തനങ്ങളാണ് 2016 മുതൽ 2026 നാളിതുവരെയുള്ള കാലയളവിൽ നടപ്പാക്കിയതെന്ന് അറിയിക്കാമോ;

(ബി) ആയവയിൽ പൂർത്തീകരിച്ച പദ്ധതികളും പ്രവൃത്തി പുരോഗമിക്കുന്നവയും ഏതെല്ലാമാണെന്ന് അറിയിക്കാമോ; ഓരോന്നിനും എത്ര തുക വീതമാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ?

## വളാഞ്ചേരി നഗരസഭാ കെട്ടിട നിർമ്മാണം

2386 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭാ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

## കൂത്തുപറമ്പ് ബസ്സ്റ്റാന്റ് ടെർമിനൽ നിർമ്മാണം

2387 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നഗരസഭയിൽ ആധുനിക രീതിയിലുള്ള ബസ്സ്റ്റാന്റ് ടെർമിനൽ നിർമ്മിക്കാൻ നഗരസഭയുടെ കണ്ണായ സ്ഥലത്ത് 10.75 ഏക്കർ സ്ഥലം നഗരസഭ വില കൊടുത്ത് വാങ്ങിയെങ്കിലും ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ മികവുറ്റതും സൗകര്യപ്രദവും പാർക്കിംഗ് സൗകര്യത്തോടുകൂടിയതുമായ അത്യാധുനിക രീതിയിലുള്ള ബസ്സ്റ്റാന്റ് ടെർമിനലിന്റെ നിർമ്മാണത്തിന് ആവശ്യമായ പ്രത്യേക ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## കോഴിക്കോട് കോർപ്പറേഷനിലെ വേങ്ങരി മിനി സ്റ്റേഡിയം, കണ്ണാടിക്കൽ പകൽ വീട് പദ്ധതികൾ

2388 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കോഴിക്കോട് കോർപ്പറേഷനിലെ വേങ്ങരി മിനി സ്റ്റേഡിയം, കണ്ണാടിക്കൽ പകൽ വീട് എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

## പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.യു.) പദ്ധതിയുടെ രണ്ടാം ഘട്ടം

2389 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര പ്രദേശത്തെ ആളുകൾക്ക് പാർപ്പിട സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പി.എം.എ.വൈ.യു (പ്രധാനമന്ത്രി ആവാസ് യോജന) പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനം അംഗമാകാത്തതിനാൽ നിരവധി പേർക്ക് ഭവനനിർമ്മാണ ആനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതിയിൽ അംഗമാകാതെ ഇരിക്കുന്നതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്രപേർക്ക് ഭവനനിർമ്മാണത്തിന് സഹായം അനുവദിച്ചിട്ടുണ്ട്; എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഈ പദ്ധതിയുടെ ഭാഗമായി നാളിതുവരെ സംസ്ഥാനത്തിന് എത്ര തുക ലഭിച്ചിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന താൽപര്യങ്ങൾക്ക് വിരുദ്ധമായ എന്തെങ്കിലും വ്യവസ്ഥകൾ ഉൾപ്പെടുത്തിയതിനാലാണോ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ നിന്ന് പിന്മാറിയത്; വ്യക്തമാക്കുമോ; അല്ലെങ്കിൽ പദ്ധതിയിൽ അംഗമായി അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
28-01-2026

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].